പുസ്തകം 79
ലക്കം 2
ഫെബ്രുവരി 2007
തബ്‌ലീഗ് 1386
മുഹറം - സഫർ 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്‌മൂദ് അഹ്‌മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്‌മദ്
ഐ. കെ. അഹ്‌മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്‌മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


لاالٰہ الا اللہ محمد رسول اللہ

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


4 ***യുഗശബ്ദം***
5 ***മുഖക്കുറിപ്പ്***
6 ***മരണാനന്തര ജീവിതം***
ഹദ്റത്ത് അഹ്‌മദ് (അ)
8 ***പാശ്ചാത്യലോകം ദൈവത്തെ പരിഹസിക്കുന്നു***
ഖലീഫത്തുൽ മസീഹ് - V


**ലേഖനം**


10 ***ബുദ്ധന്റെ ദൈവവിശ്വാസം (തുടർച്ച)***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ്


**അനുസ്മരണം**


12 ***വേദനിപ്പിക്കുന്ന വേർപാട്*** - മുഹമ്മദ് ഉമർ എച്ച് എ.
13 ***മിതഭാഷിയായ അമീർ സാഹിബ്*** - പി. മുഹമ്മദലി മാസ്റ്റർ
14 ***തലയെടുപ്പുള്ള വ്യക്തിത്വം*** - പ്രൊഫ. അബ്ദുൽ ജലീൽ
14 ***ജനസമ്മതനായ കുഞ്ഞാമു സാഹിബ്*** - പ്രൊഫ. അബ്ദുൽ കരീം
15 ***കല്പനയ്ക്കൊത്തുള്ള കാൽവെപ്പ്*** - എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ
16 ***പുത്രനിർവ്വിശേഷം സ്നേഹം പകർന്ന അമീർ സാഹിബ്***
ബി.ബി. അഹ്‌മദ് കബീർ
17 ***പ്രചോദനാത്മകമായ കർമ്മ മാതൃക*** - പി.പി. നാസിറുദ്ദീൻ
17 ***ആദരണീയനായ കുഞ്ഞാമു സാഹിബ്*** - എം.എ. മുഹമ്മദ്
18 ***കുഞ്ഞാമു സാഹിബും ഓർമകളും*** - അബ്ദുല്ലാ സുബൈർ
20 ***കാലം നിശ്ശബ്ദമാക്കാത്ത പ്രാർത്ഥനാസ്വരം***
പ്രൊഫ. ബി. മഹ്‌മൂദ് അഹ്‌മദ്
22 ***എന്റെ ഗുരുനാഥൻ*** - ഏ.ക്യു. മുസ്‌ലിം
23 ***പ്രിയങ്കരനായ കുഞ്ഞാമു സാഹിബ്*** - എം.കെ. ഇമ്പിച്ചിക്കോയട്ടി
27 ***തിളക്കമാർന്ന വ്യക്തിത്വം*** - യു. മൻസൂർ അഹ്‌മദ്
29 ***ഉയരങ്ങൾ കീഴടക്കിയ വ്യക്തിപ്രഭാവം*** - കെ.പി. അഹ്‌മദ്
32 ***നിറഞ്ഞുനിന്ന വ്യക്തിത്വം*** - മദാർ അബ്ദുശ്ശക്കൂർ
33 ***അമീർ സാഹിബുമായുള്ള അഭിമുഖം***
37 ***ദിവംഗതനായ കുഞ്ഞാമുസാഹിബ്*** - കെ.പി.എ. പുന്നോൽ
38 ***ഒടുവിൽ ആ ജീവിതത്തിനും തിരശ്ശീല വീണു***
കുഞ്ഞാലൻ ഹാജി, തിരൂർ
40 ***"സ്നേഹധനനായ എന്റെ ഉപ്പാപ്പ"*** - റോഷൻ അഹ്‌മദ് വി.പി.
42 ***അമീർ സാഹിബിനെ ഓർക്കുമ്പോൾ*** - ഏ.എം. മുഹമ്മദ് സലീം
***കവിത, അനുസ്മരണം, വാർത്തകൾ***



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

അല്ലാഹുവിന്റെ അനുമതിയോടുകൂടിയല്ലാതെ ഒരാൾക്കും മരിക്കാനാവില്ല. ഒരു നിശ്ചിത അവധിയാണത്. ആർ ഈ ലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ, അവന് അതിൽ നിന്നും നാം നൽകുന്നതാണ്. ആർ പരലോകത്തെ പ്രതിഫലം ആഗ്രഹിക്കുന്നുവോ അവന് അതിൽ നിന്നും നാം നൽകുന്നതാണ്. കൃതജ്ഞത കാണിക്കുന്നവർക്ക് നാം പ്രതിഫലം നൽകുക തന്നെ ചെയ്യും


***(3:146).***

## നല്ലവനാര്?

ഉമർ(റ) നിവേദനം: തിരുമേനി അരുളി: ഏതെങ്കിലും ഒരു മുസ്‌ലിം നല്ലവനെന്നു നാലുപേർ സാക്ഷ്യം വഹിച്ചാൽ അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. 'മൂന്നുപേരായാലോ' എന്നു ഞങ്ങൾ ചോദിച്ചു. 'മൂന്നുപേരായാലും ശരി' എന്ന് തിരുമേനി അരുളി. 'രണ്ടു പേരായാലോഗഗഗഗ എന്നു ഞങ്ങൾ ചോദിച്ചു. 'രണ്ടു പേരായാലും ശരി' എന്നു തിരുമേനി അരുളി. 'ഒരാളായാലോ' എന്ന് ഞങ്ങൾ ചോദിച്ചില്ല

***(ബുഖാരി)***

**യുഗശബ്ദം**



# മരണത്തിനുശേഷമുള്ള സൂക്ഷ്മശരീരം

**വാഗ്ദത്ത മസീഹ് (അ)**

നമുക്ക് കാണുവാൻ സാധ്യമാകാത്ത രൂപത്തിൽ മരിച്ചവർ പുനരുത്ഥാനം ചെയ്യുന്നുവെന്നു വിശ്വസിക്കാൻ നാം നിർബന്ധിതരാകുന്നുണ്ട്. ആ ആത്മീയശരീരം, ഈ ഭൗതികശരീരത്തിന്റെ ഏറ്റവും ഉൽകൃഷ്ടരൂപത്തിൽ സംസ്കരിക്കപ്പെട്ട ഏതോ അതിസൂക്ഷ്മ തന്തുക്കൾ ഉൾക്കൊള്ളുന്നതായിരിക്കണം. അങ്ങനെയുള്ള സവിശേഷമായ സൂക്ഷ്മസത്തയോടുകൂടിയ ആത്മാവിനു സുഖദുഃഖങ്ങൾ അനുഭവിച്ചറിയാനുള്ള സംവേദനശേഷി പുനഃസ്ഥാപിച്ചുകിട്ടുന്നു. ഈ നവസത്ത അതിസൂക്ഷ്മമായ പ്രകൃതിയോടുകൂടിയതാകയാൽ ദർശനങ്ങളുടെയും വെളിപാടുകളുടെയും വ്യാപകമായ ഒരു മണ്ഡലം അതിനു മുമ്പിൽ തുറക്കപ്പെടുന്നു.

***- കിതാബുൽ ബരിയ്യ***

മുഖക്കുറിപ്പ്

# ഏ.പി. കുഞ്ഞാമു സാഹിബ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് മേഖലാ അമീറും മുൻ സംസ്ഥാന അമീറും സത്യദൂതന്റെ പ്രിന്ററും പബ്ലിഷറുമായിരുന്ന ജനാബ് ഏ. പി. കുഞ്ഞാമുസാഹിബ് ജനുവരി 7-ാം തിയ്യതി പുലർച്ചെ രണ്ട് മണിക്ക് ദിവംഗതനായി. ഇന്നാലില്ലാഹി....

ഒരു വ്യാഴവട്ടക്കാലം സംസ്ഥാന അമീറായിരുന്ന അദ്ദേഹം ജമാഅത്തിന് ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. കേരളത്തിലെ മുഴുവൻ ജമാഅത്തുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ആവേശകരമായ നിരവധി ചലനങ്ങൾക്ക് കേരളത്തിൽ തുടക്കം കുറിച്ചു.

കേരളത്തിലെ ഇസ്‌ലാമിക രംഗം എപ്പോഴും സജീവമായിരുന്നു. ഒരു ഖിലാഫത്ത് പ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്തിനെ അതിന്റെ വേറിട്ട വ്യക്തിത്വത്തോടെ അദ്ദേഹം സമുചിതം നയിക്കുകയുണ്ടായി. കേവലം ഒരു സംഘടനയുടെ നേതൃപദവിയല്ല, ഖിലാഫത്തിലധിഷ്ഠിതമായ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവിശ്യാ അമീറിന്റേത്. മനുഷ്യജീവിതത്തിന്റെ സർവ്വതല സ്പർശിയായ ഒരു ആത്മീയ സ്ഥാപനമാണ് ഖിലാഫത്ത്. ഖലീഫാ തിരുമനസ്സിന്റെ പ്രാതിനിധ്യം വഹിച്ചുള്ള നേതൃത്വമാണത്. വൈയക്തികവും, കുടുംബപരവും, സാമൂഹികവുമായ നിരവധി മാനങ്ങളുള്ള മനുഷ്യജീവിതത്തെ അഭിമുഖീകരിച്ചുകൊണ്ടുള്ള ഒരു നേതൃപദവിയാണ് അമീറിന്റേത്. കുഞ്ഞാമു സാഹിബ് ആ പദവിയിലിരുന്ന് ഉത്തരവാദിത്തങ്ങളോടെല്ലാം നീതിപുലർത്തി.

സത്യദൂതന്റെ പ്രിന്റർ-പബ്ലിഷർ എന്ന നിലക്ക് അദ്ദേഹം ജമാഅത്തിനു നൽകിയ സേവനം അതുല്യമാണ്. അദ്ദേഹത്തിന്റെ 'നമ്മുടെ വിയോജിപ്പുകൾ' എന്ന സുദീർഘമായ ലേഖനപരമ്പര സത്യദൂതന് വലിയൊരു മുതൽക്കൂട്ടായിരുന്നു. ജമാഅത്ത് നടത്തിവരുന്ന വിദ്യാഭ്യാസ സംരംഭമായ ഫസ്‌ലെ ഉമർ എജുക്കേഷൻ ട്രസ്റ്റിന്റെ സ്ഥാപക ചെയർമാനും അദ്ദേഹമായിരുന്നു. മരണം വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. കേരളത്തിലെ പ്രക്ഷുബ്ധവും ദുരൂഹതകൾ നിറഞ്ഞതുമായ മാസപ്പിറവി നിർണ്ണയം ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്കനുസരിച്ച് ശാസ്ത്രീയമായി പരിഷ്കരിക്കാൻ ജമാഅത്തിന്റെ ഹിലാൽ കമ്മിറ്റി പ്രസിഡണ്ട് എന്ന നിലയിലും അദ്ദേഹം നേതൃത്വം നൽകി. കേരളത്തിലെ പത്ത് ജമാഅത്തുകൾ അദ്ദേഹം സംസ്ഥാന അമീറായിരിക്കുമ്പോൾ നിലവിൽ വന്നതാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ലക്ഷ്യങ്ങൾക്കും വ്യവസ്ഥകൾക്കുമനുസരിച്ച് ശക്തമായ ചുവടുവെയ്പുകളിലൂടെ അദ്ദേഹം നൽകിയ നേതൃത്വം ജമാഅത്തിന്റെ കേരള ഘടകത്തിന്റെ അകവും പുറവും ചലനാത്മകമാക്കുകയുണ്ടായി. നേതൃത്വത്തിനു അനുയോജ്യമായ തഖ്‌വയും ആജ്ഞാശക്തിയും നീതിബോധവും കൂർമ്മബുദ്ധിയും ഈ രംഗത്ത് വിജയിക്കാൻ അല്ലാഹു അദ്ദേഹത്തിന് നൽകിയ കഴിവുകളായിരുന്നു. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ പ്രാഥസ്മരണീയരായ വ്യക്തിത്വങ്ങളിലൊരാളായി കുഞ്ഞാമുസാഹിബ് അറിയുക തന്നെ ചെയ്യും. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമിൻ).

●

# മരണാനന്തര ജീവിതം

## ഹദ്റത്ത് അഹ്മദ് (അ)

മരണശേഷം മനുഷ്യന്റെ അവസ്ഥയെന്തായിരിക്കും എന്നതാണ് രണ്ടാമത്തെ പ്രശ്നം. എന്നാൽ മരണാനന്തരസ്ഥിതി കേവലം നവ്യമായ ഒരവസ്ഥയല്ല; അതു യഥാർത്ഥത്തിൽ ഐഹികജീവിതത്തിലെ നമ്മുടെ ആത്മീയസ്ഥിതിയുടെ സംപൂർണ്ണവും സംസ്ഫുടവുമായ പ്രതിഫലനമാകുന്നു. ഇഹത്തിൽ മനുഷ്യന്റെ മതവിശ്വാസങ്ങളുടെയും കർമ്മങ്ങളുടെയും ശുഭാശുഭസ്ഥിതികൾ അവനിൽ ഗോപ്യമായിരിക്കുകയും അവയുടെ ഗുണകരമോ ദോഷകരമോ ആയ സ്വാധീനഫലം അവനിൽ നിഗൂഢമായി പ്രവർത്തിക്കുകയും ചെയ്യുന്നു. പരലോകത്താകട്ടെ അതുകളെല്ലാം പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്. ഇതിലേയ്ക്ക് സ്വപ്നാവസ്ഥയിൽ നമുക്ക് ദൃഷ്ടാന്തം കാണാം. മനുഷ്യന്റെ ദേഹക്കൂറുകളിൽ ഏതൊന്നും മൂർച്ഛിക്കുന്നുവോ അതിനനുസരിച്ചുള്ള ശാരീരികസ്ഥിതി അവന് സ്വപ്നത്തിൽ വെളിപ്പെടാറുണ്ട്. കഠിനമായ പനി ബാധിക്കാൻ പോകുമ്പോൾ അഗ്നിയോ അഗ്നിജ്വാലയോ ദൃശ്യമാകാം. കഫജ്വരമോ ജലദോഷമോ ഉണ്ടാകുമ്പോൾ തന്നത്താന വെള്ളത്തിലകപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. ചുരുക്കത്തിൽ, ഏതു തരം രോഗത്തിനുള്ള മാറ്റം ദേഹ്യപ്രകൃതിയിൽ ഉണ്ടായിവരുന്നുവോ അതിനനുസരിച്ച സ്ഥിതി ഉപമാരൂപേണ സ്വപ്നത്തിൽ കാണുമാറാകുന്നു. ഇപ്രകാരം ആഭ്യന്തരസ്ഥിതിയെ പ്രത്യക്ഷത്തിൽ കാണിച്ചുതരുന്ന ഈ സ്വപ്നാവസ്ഥയെക്കുറിച്ചു ചിന്തിക്കുന്നതായാൽ, ഏതാണ്ട് ഇതേതരത്തിലുള്ള അവസ്ഥയാണ് പാരത്രിക ജീവിതത്തിൽ വെളിപ്പെടുക എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. സ്വപ്നം നമ്മിൽ പ്രത്യേകതരത്തിലുള്ള ഒരു മാറ്റം വരുത്തിത്തീർത്തുകൊണ്ട് ആന്തരികമായ ആത്മസ്ഥിതികളെ ജഡരൂപത്തിൽ കാണിച്ചുതരുന്നു. അപ്രകാരം ഐഹികജീവിതത്തിലെ നമ്മുടെ ആത്മീയാവസ്ഥ പരലോകത്ത് പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്. അതായത്, നമ്മുടെ കർമ്മങ്ങളും കർമ്മഫലങ്ങളും ഇവിടെ സാകാരം പ്രത്യക്ഷപ്പെടുന്നതായിരിക്കും. ഇങ്ങനെ, ഈ ലോകത്ത് പരോക്ഷമായി സ്ഥിതിചെയ്തിരുന്ന നമ്മുടെ ആത്മീയസമ്പാദ്യങ്ങളെല്ലാം മറുലോകത്ത് നമുക്ക് പ്രത്യക്ഷസിദ്ധമായിരിക്കുന്നതാണ്. സ്വപ്നത്തിൽ ദൃശ്യമാകുന്ന വിവിധതരത്തിലുള്ള കാഴ്ചകൾ കേവലം ഭാവനാരൂപങ്ങളായിട്ടല്ല. സാക്ഷാൽ വസ്തുതകളായിട്ടുതന്നെ ആർക്കും ബോധപ്പെടുന്നുവല്ലോ. അതേപ്രകാരം, പരലോകത്തിൽ ആത്മീയകാര്യങ്ങളെല്ലാം രൂപധാരണം മനിമിത്തം പ്രത്യക്ഷവും അനുഭവഗോചരവുമായിത്തീരുന്നതാണ്. എന്നല്ല ആത്മീയഭാവങ്ങളുടെ സാകാരമായ ഈ ആവിഷ്കരണം മുഖേന സർവ്വശക്തനായ ദൈവം തന്റെ ശക്തിമാഹാത്മ്യം നൂതനരൂപത്തിൽ പ്രകടിപ്പിക്കുമാറാകുന്നു. ഇതിനു ഉപമാലോകമെന്നല്ല, ദൈവത്തിന്റെ അപാരശക്തിയിൽ നിന്നുള്ള നൂതനമായ ഒരു സൃഷ്ടിപ്രപഞ്ചം എന്നു പറയുന്നതാണ് യഥാർത്ഥവും വാസ്തവവുമായിരിക്കുക.

പരലോകത്തെ ഈ അനുഭവങ്ങളെക്കുറിച്ചു വിശുദ്ധ ഖുർആൻ പറയുന്നു:

*"സച്ചരിതരായ ഭക്തജനത്തിനു വേണ്ടി ഗോപ്യമായിവെക്കപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങൾ എന്തൊക്കെയാണെന്നു ഒരാത്മാവും അറിയുന്നില്ല." (32:18)*

ഈ ദൈവവാക്യം മനസ്സിലാക്കിതരുന്നത്, ഭക്തജനത്തിനു പരലോകത്ത് ലഭ്യമാകുന്ന ദിവ്യാനുഗ്രഹങ്ങൾ ആർക്കും പരിചിതമല്ലാത്തതും രഹസ്യമാക്കിവെക്കപ്പെട്ടിരിക്കുന്നതും അങ്ങനെ ഈ ലോകത്തെ ഭൗതിക വിഭവങ്ങളോടും തുല്യതയില്ലാത്തതുമായിരിക്കുമെന്നാകുന്നു. എന്നാൽ ഈ ലോകത്തെ അനുഗ്രഹകരങ്ങളായ ഭോഗ്യവസ്തുക്കളാകട്ടെ, നമ്മൾക്ക് അജ്ഞാതങ്ങളല്ലല്ലോ. മാതളം, മുന്തിരിങ്ങ, ക്ഷീരം മുതലായ ഭൗതിക വിഭവങ്ങൾ നാം പലപ്പോഴും അനുഭവിച്ചിട്ടുള്ളവയുമാണ്. അതിനാൽ അതുകൾ ഗോപ്യമായിവെക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗീയാനുഗ്രഹങ്ങളിൽ ഉൾപ്പെടാവുന്നതല്ലെന്നത് നിശ്ചയം. അവയ്ക്ക് സ്വർഗ്ഗീയവിഭവങ്ങളോട് നാമധേയങ്ങളിലല്ലാതെ മറ്റൊരു സാദൃശ്യവുമില്ല. തന്മൂലം, സ്വർഗ്ഗം ഭൗതികാനുഗ്രഹങ്ങളുടെ സങ്കേതമാണെന്നു മനസ്സിലാക്കിയിരിക്കുന്നവരാരും വിശുദ്ധ ഖുർആൻ ലേശവും ഗ്രഹിച്ചില്ലെന്നുവേണം പറയാൻ. മേലുദ്ധരിച്ച ഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനമായി നമ്മുടെ നബിനായകർ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി അരുൾ ചെയ്തിരിക്കുന്നത്, സ്വർഗ്ഗവും അതിലെ അനുഗ്രഹങ്ങളും ഒരു കണ്ണും കാണുകയോ ഒരു കാതും

കേൾക്കുകയോ ഒരു ഹൃദയവും ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്തവയാണെന്നാകുന്നു. ഭൗതികാനുഗ്രഹങ്ങളാകട്ടെ ദൃഷ്ടിക്ക് ഗോചരമാവുകയും കർണ്ണേന്ദ്രിയത്തിന് വിഷയീഭവിക്കുകയും ഹൃദയേന്ദ്രിയത്തിന് രൂപപ്പെടുകയും ചെയ്യുന്നവയാണുതാനും. സർവ്വജ്ഞനായ ദൈവവും അവന്റെ തിരുദൂതനും സ്വർഗ്ഗത്തിലെ വിഭവങ്ങൾ ഇന്ദ്രിയാതീതങ്ങളാണെന്നു സ്പഷ്ടമായി പറഞ്ഞിരിക്കേ പശുക്കളെയോ എരുമകളെയോ കറന്നെടുത്തു ഉപയോഗിക്കുന്നതായ പയസ്സ് സ്വർഗ്ഗത്തിൽ നദികളായി ഒഴുക്കുന്നതായിരിക്കുമെന്നു വിശ്വസിക്കുന്നപക്ഷം നാം വിശുദ്ധ ഖുർആനിൽ നിന്നു അകന്നുപോവുകയേയുള്ളു. സ്വർഗ്ഗത്തിലെ ആ അനുഗ്രഹങ്ങൾ ഭൗതിക വിഭവങ്ങളോടുകൂടിയവയായിക്കുമെങ്കിൽ അവിടെ എണ്ണമറ്റ കറവുമൃഗങ്ങളും വൃക്ഷങ്ങളിന്മേൽ അസംഖ്യം മധുകോശങ്ങളും ഉണ്ടായിരിക്കുമെന്നും ദൈവകിങ്കരന്മാരായ നിരവധി മലക്കുകൾ പാലും തേനും ശേഖരിച്ചു നദീനദങ്ങളിൽ ഒഴിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുമെന്നും വിശ്വസിക്കേണ്ടിവരും. സ്വർഗ്ഗീയ വിഭവങ്ങൾ ഈ ലോകത്തത്തിനു പരിചിതങ്ങളല്ലെന്നു പ്രസ്താവിക്കുന്ന വചനങ്ങളടങ്ങിയ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിനു അനുയോജ്യമാണോ അത്തരം വിശ്വാസം! ആ അനുഗ്രഹങ്ങൾ ആത്മാവിനെ ശോഭനമാക്കുകയും ദൈവജ്ഞാനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ആത്മഭോദനമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. എന്നാൽ ഈ സ്വർഗ്ഗാനുഗ്രഹങ്ങൾ ഭൗതികവസ്തുക്കളാണെന്നപോലെ സാദൃശ്യരൂപത്തിൽ ഖുർആനിൽ വിവരിക്കപ്പെട്ടു കാണാമെങ്കിലും കൂടെത്തന്നെ അവയുടെ ഉത്ഭവം ആദ്ധ്യാത്മികതയിലും ധാർമ്മികതയിലും നിന്നാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുമുണ്ട്.

സ്വർഗ്ഗത്തിൽ വെച്ചു നല്കപ്പെടുന്ന അനുഗ്രഹങ്ങൾ അനുഭവിക്കുമ്പോൾ, അവ മുമ്പും തങ്ങൾക്ക് ലഭിച്ചിട്ടുള്ളതായി ഭക്തജനം പറയുമെന്നു താഴെ ഉദ്ധരിക്കുന്ന ഖുർആൻ വാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതിൽ നിന്ന് അവ ഭൗതിക വിഭവങ്ങളാണെന്ന് ധരിക്കാവുന്നതല്ല. അതിപ്രകാരമാണ്.

*“നിർവ്യാജം വിശ്വസിക്കുകയും അന്യൂനമായി നന്മ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗം ആറുകളൊഴുകുന്ന ആരാമങ്ങൾക്ക് തങ്ങൾ അവകാശികളായിക്കുമെന്നുള്ള ശുഭവാർത്ത ധരിപ്പക്കുക; അവയിൽ നിന്നുള്ള ഫലങ്ങൾ അവിടെവെച്ചു അവർക്കു നല്കപ്പെടുമ്പോഴൊക്കെ, ഈ ഫലങ്ങൾ മുമ്പേ ഞങ്ങൾക്ക് നല്ക്കപ്പെട്ടിട്ടുള്ളവയാണല്ലോ’ എന്നു അവർ പറയുന്നതായിരിക്കും. (എന്തെന്നാൽ, മുൻജീവിതത്തിൽ അനുഭവിച്ചിട്ടുള്ള ഫലങ്ങളോടു) സാദൃശ്യമുള്ളത് അവർക്ക് നല്കപ്പെടുന്നു.” (2:26)*

ഭക്തജനം മുമ്പ് ഈ ലോകത്തിൽ അനുഭവിച്ചിട്ടുള്ളതായി അവിടെ പറയപ്പെട്ടിരിക്കുന്ന ഫലങ്ങൾ ഭൗതികവിഭവങ്ങളാണെന്നു വിചാരിക്കുന്നത് തീരെ അബദ്ധവും വാക്യാർത്ഥത്തിന് കടകവിരുദ്ധവുമാകുന്നു. സത്യവിശ്വാസികളായി സൽക്കർമ്മം ചെയ്യുന്ന ഭക്തർ, ധർമ്മവിശ്വാസമാകുന്ന തോപ്പോടും സൽക്കർമങ്ങളാകുന്ന ആറുകളോടും കൂടിയ സ്വർഗ്ഗം തങ്ങൾക്കായി സ്വന്തം കൈകളാൽ നിർമ്മിക്കുകയാണെന്നാകുന്നു പ്രസ്തുത വാക്യം മനസ്സിലാക്കിത്തുന്നത്. ആ പവിത്രാരാമത്തിലെ ഫലങ്ങൾ അവർ ഈ ലോകത്തുവെച്ചു ആസ്വദിക്കുന്നു. അതിലെ ഫലങ്ങൾ തന്നെ അവർ പരലോകത്തുവെച്ചും അനുഭവിക്കും. എന്നാൽ അവ എത്രയും മാധുര്യമേറിയ പ്രത്യക്ഷഫലങ്ങളായി രൂപപ്പെടുന്നതായിരിക്കും. ഇങ്ങനെ, ആ ഫലങ്ങൾ, ഐഹികജീവിതത്തിൽ ആത്മീയ നിലയിൽ ആസ്വദിക്കുന്നതുകൊണ്ട്, പരലോകത്തു വെച്ചു അവർക്ക് അവയെ തിരിച്ചറിയാന സാധിക്കുകയും, മുൻജീവിതത്തിലെ ആ ഫലങ്ങളോടു സാദൃശ്യമുള്ളവയായി കാണുന്നതിനാൽ ‘ഈ ഫലങ്ങൾ മുമ്പേ ഞങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളവയാണല്ലോ’ എന്നു അവർ പറയുകയും ചെയ്യുന്നതാണ്. ഇങ്ങനെ, ഈ ലോകത്തുവെച്ച് ദൈവാനുരാഗവും ദൈവപ്രീതിയുമാകുന്ന ആത്മഭോജനം ആസ്വദിക്കുന്നവർക്ക് പരലോകത്തിൽ അതേ ആഹാരം പ്രത്യക്ഷരൂപത്തിൽ നല്കപ്പെടുമെന്നാണ് പ്രസ്തുത ദൈവവാക്യം വ്യക്തമായും പറഞ്ഞുതരുന്നത്. അവർ ഇപ്രകാരം ദൈവപ്രേമവും ദൈവപ്രസാദവും അനുഭവിക്കുകയും അതിന്റെ രുചി അറിയുകയും ചെയ്തിരിക്കുന്നതിനാൽ പരലോകത്തെ സുഖാനുഭവാവസരത്തിൽ, തങ്ങൾക്ക് ഐഹികജീവിതത്തിലെപ്രശാന്തമായ ഏകാന്തതയിലും രാത്രിയിലെ നിശിതാന്ധകാരത്തിലും സാക്ഷാൽ പ്രേമലക്ഷ്യമായ ദൈവത്തിലുള്ള അനുരാഗപാരവശ്യത്തോടുകൂടിയ ധ്യാനനിഷ്ഠയിൽ സിദ്ധിച്ച ആനന്ദാനുഭൂതിയെ അവർ അനുസ്മരിക്കുന്നതായിരിക്കും. ചുരുക്കിപ്പറയാം. പ്രസ്തുത ആയത്ത് ഈ ലോകത്തിലെ ഭൗതികാനുഗ്രഹങ്ങളെയോ, അനുഭോഗ്യവിഭവങ്ങളെയോ കുറിച്ചല്ല പ്രസ്താവിക്കുന്നത്.

എന്നാൽ, ദൈവഭക്തർക്ക് ഈ ലോകത്തുവെച്ച് ആത്മീയനിലയിൽ സ്വർഗ്ഗീയാനുഗ്രഹങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടെങ്കിൽപിന്നെ ആ അനുഗ്രഹങ്ങൾ ഇവിടെ ആരും കാണുകയോ കേൾക്കുകയോ ആരുടെയും ഹൃദയത്തിൽ രൂപപ്പെടുകയോ ചെയ്തിട്ടില്ലാത്തവയാണെന്ന് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് ശരിയാകുന്നതെങ്ങനെയെന്നും, ഈ നിലയ്ക്ക് മേലുദ്ധരിച്ച രണ്ട് ആയത്തുകൾക്ക് പരസ്പരം അർത്ഥവൈരുദ്ധ്യം സംഭവിക്കുന്നില്ലെയെന്നും ഇവിടെ സംശയം ജനിക്കാവുന്നതാണ്. രണ്ടാമത്തെ വാക്യത്തിൽ മുൻജീവിതത്തിൽ നല്കപ്പെട്ടിട്ടുള്ള ഫലങ്ങളെക്കുറിച്ച പറഞ്ഞതിന്റെ വിവക്ഷിതം ലൗകികവിഭവങ്ങളാണെന്ന് വരുമ്പോൾ മാത്രമാണ് പരസ്പര വൈരുദ്ധ്യം ഉണ്ടാകുന്നത്. എന്നാൽ, ആ ദൈവവാക്യം വിവക്ഷിക്കുന്നത് ഭൗതികാനുഗ്രഹങ്ങളെയല്ല, ആത്മീയാനുഗ്രഹങ്ങളെയാകുന്നു. അതിനാൽ ഇവിടെ ഒരു അർത്ഥവൈപരീത്യവുമുണ്ടാകുന്നില്ല. ദൈവജ്ഞാനിയായ യഥാർത്ഥഭക്തന്

*(ശേഷം 50-ാം പേജിൽ)*

ഖുത്വ്ബ

# പാശ്ചാത്യലോകം ദൈവത്തെ പരിഹസിക്കുന്നു

ഈയിടെയായി പാശ്ചാത്യരാജ്യങ്ങളിൽ ഇസ്‌ലാമിന്നെതിരിൽ ഒരു വിധത്തിൽ പറഞ്ഞാൽ കഠിനമായ വിമർശനം നടന്നുകൊണ്ടിരിക്കുകയാണ് ചിലർ തുറന്നെഴുതുന്നു. ചിലർ മുസ്‌ലിംകളോടു അനുകമ്പ കാണിക്കുന്നു എന്നു തോന്നുംവിധം ഇസ്‌ലാമികാധ്യാപനങ്ങളുടെ ചില കുറവുകൾ ചൂണ്ടിക്കാണിക്കുന്നു. അല്ലെങ്കിൽ അത് കാലത്തിനനുയോജ്യമല്ലെന്ന് പറയുന്നു. തങ്ങൾ മതത്തിന്നെതിരാണെന്ന് പറഞ്ഞുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങളുടെ മേൽ ആക്ഷേപം ഉന്നയിക്കുന്ന ചില വിഭാഗവുമുണ്ട്. അത്തരക്കാർ ദൈവനിഷേധികളാണ്. അവരുടെ വീക്ഷണത്തിൽ പറഞ്ഞാൽ, ദൈവസങ്കല്പം തന്നെയാണ് ഈ ലോകത്ത് സകല കുഴപ്പങ്ങളും സൃഷ്ടിക്കുന്നത്. ഞാൻ കഴിഞ്ഞ ഒരു ഖുത്ബയിൽ, ഇംഗ്ലണ്ടിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, ക്രിസ്മസ്സിനു മുമ്പേ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഉത്തമകൃതിയാണിതെന്ന് അവകാശപ്പെടുന്നുവെന്നും പറഞ്ഞിരുന്നു. അതിലും ദൈവം എന്നൊന്നില്ല എന്നു വരുത്തിത്തീർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഇപ്രകാരം ജർമ്മനിയിലും ഇസ്‌ലാമിനേയും ദൈവത്തിന്റെ അസ്തിത്വത്തേയും സംബന്ധിച്ച് നിരർത്ഥകവും വ്യർത്ഥവുമായ കാര്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഇവിടെ പോപ്പ് വന്നപ്പോൾ യൂനിവേഴ്സിറ്റിയിൽ അദ്ദേഹം നടത്തിയ ഒരു പ്രഭാഷണത്തിൽ നബി(സ) തിരുമേനിയേയും ഇസ്‌ലാമിലെ ദൈവസങ്കല്പത്തേയും കുറിച്ച് ആക്ഷേപം ഉന്നയിച്ചിരുന്നു. അത്ഭുതപ്പെട്ടുപോകുംവിധമുള്ള കാര്യങ്ങളാണ് അദ്ദേഹം സംസാരിച്ചത്. സമാധാനപാലകരെന്നും സ്നേഹം പരത്തുന്നവരെന്നും വാദിക്കുന്നവരുടെ തലപ്പത്തിരിക്കുന്ന വ്യക്തിയ്ക്ക് എങ്ങനെ ഇപ്രകാരം സംസാരിക്കാൻ കഴിയുന്നു എന്നാലോചിക്കുമ്പോൾ ആശ്ചര്യം തോന്നു. പക്ഷേ ഏതൊരു സ്വാതന്ത്ര്യത്തിന്റെ പേരിലാണോ അദ്ദേഹം സംസാരിച്ചത്, അല്ലെങ്കിൽ വിവിധ അവസരങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ചും നബി (സ) തിരുമേനിയെക്കുറിച്ചും അങ്ങേയറ്റം തരം താണതും ഹൃദയത്തെ മുറിപ്പെടുത്തുന്നതുമായ കാര്യങ്ങൾ പത്രങ്ങളിൽ എഴുതിയത്, അല്ലെങ്കിൽ ചില നേതാക്കളുടെ പ്രസ്താവനകളിൽ കാണാൻ കഴിഞ്ഞത്, ആ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി എത്രമാത്രം വിശാലമാണെന്നു വെച്ചാൽ, അല്പസ്വല്പം മതവിശ്വാസം വെച്ചുപുലർത്തുന്ന ഇവിടത്തുകാരുടെ ഭാവനയ്ക്കനുസരിച്ചുള്ള ദൈവത്തെയും അതായത് ക്രൈസ്തവമതത്തെയും ഹദ്റത്ത് ഈസായെ തന്നെയും അവർ വെറുതെ വിട്ടിട്ടില്ലെന്ന് കാണാം.

ഇവിടെ കഴിഞ്ഞ ദിനങ്ങളിൽ ഓപ്പറയിൽ അങ്ങേയറ്റം നിലവാരം കുറഞ്ഞ ഒരു നാടകം കളിച്ചിരുന്നു. ക്രിസ്തുമതമോ അല്ലെങ്കിൽ മതത്തിൽ നിന്ന് അകന്നുനില്ക്കുന്ന ഭൂരിപക്ഷമോ ഒരാക്ഷേപവും അതിന്നെതിരിൽ ഉന്നയിച്ചില്ല. എന്നല്ല, അതനുവദനീയമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അനുവദനീയമാണെന്ന് പറഞ്ഞുവെന്ന് മാത്രമല്ല, അതിനെ വളരെ ഇഷ്ടപ്പെടുകയും ചെയ്തു. ചില മുസ്‌ലിം സംഘടനകളുടെ നേതാക്കന്മാരും അത് അനുവദനീയമാണെന്ന് പറഞ്ഞു. അതിൽ തുർക്കിയിലെ നേതാക്കന്മാരും മറ്റുള്ളവരുമുണ്ട്. എന്തായാലും മതവുമായി ബന്ധം പുലർത്തുന്ന ക്രിസ്ത്യാനികളിൽ ഒരു വിഭാഗം അങ്ങനെയുമുണ്ട്. ചില പാതിരിമാരുമായി നമ്മുടെയാളുകൾ ബന്ധപ്പെടുകയും സംസാരിക്കുകയും ചെയ്തപ്പോൾ അവർ, അഹ്മദികളുടെ പ്രതികരണത്തെ അംഗീകരിച്ചു. അവരുടെ നടപടി തെറ്റാണെന്നും മറ്റുള്ളവരുടെ വികാരം കൊണ്ട് കളിക്കുകയാണെന്നും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുകയാണെന്നും ദൈവത്തിന്റേയും പ്രവാചകന്മാരുടേയും അഭിമാനത്തിന്മേലുള്ള കൈയ്യേറ്റമാണ് അതെന്നും പറഞ്ഞു. വാസ്തവം അതുതന്നെയാണ്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മറ്റുള്ളവരുടെ വികാരം കൊണ്ട് കളിച്ചിട്ട് അവർ പറയുന്നു, നിങ്ങൾ പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും അതിന്റെ പ്രകടനത്തിനും എതിരെ ശബ്ദം ഉയർത്തുകയാണെന്ന്. അത്തരക്കാർക്ക് തങ്ങളുടെ സമൂഹത്തിൽ ജീവിക്കാൻ അവകാശില്ലെന്ന് വിളംബരം ചെയ്യുന്നു. അങ്ങനെയാണെങ്കിൽ നിങ്ങളുടെ മാതൃരാജ്യത്ത് പൊയ്ക്കൊള്ളണമെന്നും അവർ ഭീഷണി മുഴക്കുന്നു.

സ്വന്തം കാര്യത്തിന് ഇവർ വലിയ ബോധവാന്മാരാണ്. തങ്ങൾ

ക്കിഷ്ടമുള്ളത് ചെയ്യും എന്ന നിലപാടാണ് അവരുടേത്. എങ്ങനെ വേണമെങ്കിലും സ്വാതന്ത്ര്യത്തോടെ ജീവിക്കും. ആരോട് എന്തുവേണമെങ്കിലും പറയും. ഇഷ്ടമുള്ള വസ്ത്രം ധരിക്കും. ഇല്ലെങ്കിൽ നഗ്നരായി നടക്കും. എന്നാൽ, ഒരു മുസ്‌ലിം സ്ത്രീ തല മറച്ചു നടന്നാൽ, സ്കാർഫ് കെട്ടിയാൽ ഉടനെ അവരുടെ ആക്ഷേപം തുടങ്ങുന്നു. വിവിധ രീതിയിലും വിവിധ സന്ദർഭത്തിലും ഇസ്‌ലാമിന്നെതിരിൽ ആക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ മുസ്‌ലിം യുവാക്കളിൽ ഇസ്‌ലാമിനോട് തന്നെ വിദ്വേഷമുണ്ടാക്കാനുള്ള ഒരു തന്ത്രമാണിത്. ഇതിൽ പാശ്ചാത്യരാണ് മുൻപന്തിയിലുള്ളത്. അവർ മതത്തിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നുവെന്നതാണ് പരമാർത്ഥം. അകലാൻ അവർ ആഗ്രഹിക്കുന്നു, കാരണം അവരുടെ പക്കലുള്ള മതത്തിന് ജീവനില്ല. അത് ജീവൻ നല്കുന്ന മതവുമല്ല. അവർ, മനുഷ്യനെ, ദൈവമാക്കിക്കൊണ്ട്, ബഹുദൈവാരാധനയിൽ അകപ്പെട്ട് അവസാനം ഇങ്ങനെയൊക്കെത്തന്നെയാകണമായിരുന്നു. അതാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ, മുസ്‌ലിംകളെന്നു പറയുന്നവരും ഭൗതികത നഷ്ടപ്പെടുമോ എന്നുള്ള ഭയത്താൽ അല്ലെങ്കിൽ ഭൗതികശക്തികളെ ഭയന്നുകൊണ്ട്, അറിഞ്ഞോ, അറിയാതെയോ പ്രത്യക്ഷമോ പരോക്ഷമോ ആയി ബഹുദൈവാരാധനയിൽ അകപ്പെട്ട് ആ നിലയിലേക്ക് വേഗം നീങ്ങുകയാണ്. അത് മതത്തിൽ നിന്ന് അകറ്റുന്നതും ദൈവത്തിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്നതുമായ നിലയിലേക്കാണ് നീങ്ങുന്നത്. കഴിഞ്ഞകാലത്തും നബിമാരെ എതിർത്തിരുന്നതും അവരെ പരിഹസിച്ചിരുന്നതും തിന്മയിലും ബഹുദൈവാരാധനയിലും മുഴുകിയിരുന്നതും ഈ പ്രകൃതക്കാർ തന്നെയായിരുന്നു. ഇതിന്റെ ഫലമായിട്ടാണ് അവരുടെ മേൽ ശിക്ഷയിറങ്ങിയത്.

അല്ലാഹു നബിമാരെ അയച്ചത്, അല്ലെങ്കിൽ അയക്കുന്നത് അവരെ വിശ്വസിച്ചുകൊണ്ട് വഴിതെറ്റിപ്പോയ ജനങ്ങൾ നേരായ മാർഗ്ഗത്തിലേക്ക് വരാൻ വേണ്ടിയാണ്. ഈ ലോകത്ത് അല്ലെങ്കിൽ പരലോകത്ത് അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. പക്ഷേ, മുന്നറിയിപ്പുണ്ടായിട്ടും, മനസ്സിലാക്കിക്കൊടുത്തിട്ടും, സത്യനിഷേധികളുടെ ഒരു വൻഭൂരിപക്ഷം അല്ലാഹുവിന്റെ പിടിത്തത്തിനും ശിക്ഷയ്ക്കും വിധേയരായി. ചിലരുടെ ചരിത്രം അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന നമുക്ക് നല്കിയിരിക്കുന്നു. ആ ജനതയിൽ നിലനിന്നിരുന്ന തിന്മയെക്കുറിച്ചും പറഞ്ഞുതന്നു. ഇന്ന് കഴിഞ്ഞുകടന്ന ജനങ്ങളിലുണ്ടായിരുന്നതും അല്ലാഹു പറഞ്ഞതുമായ ആ തിന്മകളിൽ ഏതെങ്കിലും ഒന്ന് ഇക്കാലത്തെ ജനങ്ങളിൽ ഇല്ലാത്തതായിട്ടുണ്ടോ?

നബിമാർ മനസ്സിലാക്കിക്കൊടുത്തിട്ടും ഞാൻ പറഞ്ഞതുപോലെ കുറച്ചുപേരൊഴിക മറ്റാരും ദോഷങ്ങളിൽ നിന്ന് പിന്മാറിയിരുന്നില്ല. ആ ജനതയിലെ ആളുകൾ നാണം കെട്ട പ്രവൃത്തികളിൽ മുഴുകി. സ്വഭാവദൂഷ്യങ്ങളിൽ അകപ്പെട്ടു. കച്ചവടങ്ങളിൽ വഞ്ചന കാണിക്കുന്നതിൽ പരസ്പരം മത്സരിച്ചു. ഇവിടെയും വലിയ തോതിൽ വഞ്ചനയും ചതിയും നടന്നുകൊണ്ടിരിക്കുന്നുണ്ട്. സ്വന്തം ആളുകളോട് വഞ്ചന കാണിക്കുന്നില്ലെങ്കിൽത്തന്നെ അന്യമതക്കാരോട് വഞ്ചന കാണിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം ഇവിടെ നടന്നുവരുന്ന കാര്യങ്ങളാണ്. കളവിൽ അവർ അങ്ങേയറ്റം എത്തിയവരായിരുന്നു. അത് ഇവിടെയും ഇന്ന് കാണാൻ കഴിയുന്നു. ബഹുദൈവാരാധനയിൽ അവർ മുഴുകിയിരുന്നു. അതും ഇന്ന് നാം കാണുന്നു. ചുരുക്കത്തിൽ വിവിധ ജനതകളിൽ, വിവിധ ദോഷങ്ങൾ ഉണ്ടായിരുന്നുവെന്നു മാത്രമല്ല, അതിൽ അവർ അതിരുകടന്നിരുന്നു. നബിമാർ മനസ്സിലാക്കിക്കൊടുത്തിട്ടും അവർ പിന്മാറിയിരുന്നില്ല.

അപ്പോൾ അല്ലാഹു ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ അവരെ ഭൂമിയിലേക്കയച്ചിട്ടുള്ളത് ആ ഉദ്ദേശ്യം പൂർത്തിയാക്കുന്നില്ലെങ്കിൽ അവന്റെ ശിക്ഷയ്ക്കിരയായിത്തീരുന്നതാണ്. യുക്തിപരമായി നോക്കുമ്പോൾ, ഈ ഫലം തന്നെയായിരുന്നു അവരുടെ പ്രവർത്തനത്തിൽ ഉണ്ടാകേണ്ടിയിരുന്നത്. അതുതന്നെയാണ് ഇക്കാലത്തുണ്ടായിക്കൊണ്ടിരിന്നും. ഇനിയും അതുതന്നെയാണ് ഉണ്ടാകുക. അത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇല്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ, 'ഞങ്ങളെ ഈ തിന്മകൾ കാരണത്താൽ ശിക്ഷിച്ചു. എന്നാൽ ഞങ്ങൾക്കുശേഷം വന്നവർ ഞങ്ങൾ ചെയ്തതുപോലെ തിന്മ ചെയ്തിട്ട് നീ ശിക്ഷിച്ചില്ല' എന്ന് മുൻജനതകൾ പരാതിപ്പെടാൻ കാരണമാകും. അല്ലാഹു അധികാരിയുമാണ്. ചിലർക്ക് ഈ ലോകത്ത് ശിക്ഷ കിട്ടുന്നു. ചിലർക്ക് മരിച്ചതിനു ശേഷം കിട്ടുന്നു. പക്ഷേ, അല്ലാഹുവിന്റെ ഈ സുന്നത്തനുസരിച്ച് അത്തരക്കാർ ശിക്ഷയ്ക്ക് വിധേയരായിത്തീരുന്നു.

***വിവ: മുഹമ്മദ് ഇസ്മായിൽ*** ●

### ദാനം ചെയ്യേണ്ടതെപ്പോൾ?

അബൂഹുറൈറ(റ) നിവേദനം: ഒരാൾ നബിതിരുമേനി(സ)യോട് ചോദിച്ചു: 'ദൈവദൂതരേ, ഏത് ദാനത്തിന്നാണ് കൂടുതൽ പുണ്യം?' തിരുമേനി(സ) അരുളി: നീ ആരോഗ്യവാനായിരിക്കുക, ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക, ദാരിദ്ര്യത്തെക്കുറിച്ചുള്ള ഭയവുമുണ്ടായിരിക്കുക. ആ സ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് കൂടുതൽ പുണ്യമുള്ളത്. ആ പരിതഃസ്ഥിതിയിൽ നീ ദാനം ചെയ്യാൻ താമസിപ്പിക്കരുത്. കാരണം ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവന്നിത്ര കൊടുക്കണം. എന്നെല്ലാം നീ തന്നെ പറയാൻ തുടങ്ങും. വാസ്തവത്തിലോ അത് 'മറ്റൊരുവന്റെ സ്വത്തായി മാറിക്കഴിഞ്ഞിരിക്കും.' (ബുഖാരി).

ലേഖനം

# ബുദ്ധന്റെ ദൈവവിശ്വാസം (തുടർച്ച)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**വിഗ്രഹ മൂർത്തികളായ ദൈവത്തെയാണ് ബുദ്ധൻ നിഷേധിച്ചത്. ദൈവത്തേയും, മതത്തേയും അദ്ദേഹം നിഷേധിച്ചിട്ടില്ല.**

'പിന്നീട് അദ്ദേഹം സംസാരിച്ചപ്പോൾ അനുഗൃഹീതനായവനോട് യുവബ്രാഹ്മണനായ വസുദന്ത പറഞ്ഞു:

ഗൗതമാ, താങ്കൾ എന്നോടു പറഞ്ഞ പ്രകാരം സമാനഗൗതമന് പോലും ദൈവവുമായുള്ള ഐക്യപ്പെടലിന്റെ വഴിയറിയാം. അത് വളരെ നന്നായി!! ജ്ഞാനവയോധികനായ ഗൗതമാ, ബ്രഹ്മാവുമായുള്ള ഐക്യപ്പെടലിന്റെ വഴി ഞങ്ങൾക്ക് കാണിച്ചു തന്നതിൽ അങ്ങ് സന്തോഷിച്ചാലും! അല്ലയോ ജ്ഞാനവയോധികനായ ഗൗതമാ, ഈ ബ്രാഹ്മണകുലത്തെ താങ്കൾ രക്ഷിച്ചാലും! (9)

ബ്രഹ്മം അയഥാർത്ഥവും, നിരർത്ഥകവുമാണെന്ന് പറഞ്ഞുകൊണ്ട് വസദത്തയുടെ ഈ അഭ്യർത്ഥനയേയും ആഗ്രഹത്തേയും ബുദ്ധൻ നിരാകരിക്കാഞ്ഞത്, ബ്രഹ്മത്തെക്കുറിച്ചും ബ്രഹ്മം തിരഞ്ഞെടുക്കുന്നവരുമായി ബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ചും വസദത്ത പറഞ്ഞതെന്താണോ അത് ബുദ്ധൻ അംഗീകരിക്കുന്നുവെന്നതിന് സ്പഷ്ടമായ തെളിവാണ്.

9. Max Muller F (1881) The Sacred Bodes of the East. Vol. XI. Clarendor Press, Oxford - P. 186.

ദൈവത്തിന്റെ വിളിക്കുത്തരം നൽകുന്ന ആളുകൾക്ക് ജാതിയുടെ വേലിക്കെട്ടുകൾ നോക്കാതെ ദൈവത്തിലേക്കുള്ള വഴി അവൻ എളുപ്പമാക്കിക്കൊടുക്കും. ദൈവത്തെ ഭയപ്പെടുന്ന ഒരാളുടെ ദ്വേഷ്യം, അസൂയ, മുൻ വിധി മുതലായ മനുഷ്യവികാരങ്ങളെല്ലാം അവനിൽ അസ്തമിച്ചു പോവും. ദേവോന്മുഖമായ ഗുണങ്ങൾ അവനിൽ അതിവർത്തിച്ചു നിൽക്കുന്നു. ഈ മാനുഷിക വികാരങ്ങളെ ഒരാൾ അതിവർത്തിക്കുമ്പോൾ ദൈവികഗുണങ്ങൾ അവൻ സമാർജ്ജിക്കുന്നു. ദൈവത്തോടുള്ള ബുദ്ധന്റെ സമീപനം മനസ്സിലാക്കാനാഗ്രഹിക്കുന്നവർ ഈ സംവാദം പ്രത്യേകം ശ്രദ്ധയോടുകൂടി വിലയിരുത്തേണ്ടതാണ്.

അപ്പോൾ ബുദ്ധൻ എങ്ങനെയാണ് സ്വന്തം അനുയായികളിൽ ത്തന്നെ തെറ്റിദ്ധരിപ്പിക്കപ്പെട്ടത്? ഇതിന്നുള്ള ഉത്തരം ബുദ്ധമതത്തിന്റെ ആദ്യകാലചരിത്രത്തിലും ബ്രാഹ്മണിസത്തിന്റെ പഴയ വ്യവസ്ഥയോടു പോരടിച്ചും ആവിർഭവിച്ച ബുദ്ധമത സംഘർഷങ്ങളുടെ ചരിത്രത്തിലും തേടേണ്ടതുണ്ട്. ബ്രാഹ്മണന്മാർ തങ്ങളുടെ ബുദ്ധനെതിരായ വീക്ഷണങ്ങൾ അദ്ദേഹത്തിൽ അദ്ധ്യാരോപിക്കുകയുണ്ടായി. ഇത് മതപൗരോഹിത്യത്തെ സംബന്ധിച്ചേടത്തോളം അപൂർവ്വമായ ഒന്നല്ല. ഒരുപക്ഷേ, ഉത്തമവിശ്വാസത്തിൽ അവർ ബുദ്ധനെ തെറ്റിദ്ധരിച്ചതുമാകാം. അക്കാലത്തെ ബ്രാഹ്മണന്മാർ പൂർണ്ണമായും മുഴുകിയിരുന്ന വ്യാപകമായ ബിംബാരാധനക്കെതിരെ ബുദ്ധൻ ആഞ്ഞടിച്ചപ്പോൾ അദ്ദേഹം ദൈവനിഷേധിയാണെന്ന് ആരോപിക്കുകയുണ്ടായി. ഈ പ്രചാരണം ശക്തരായ ബ്രാഹ്മണന്മാർ കൊണ്ടുപിടിച്ചു നടത്തുകയുണ്ടായി. അത്യുച്ചത്തിൽ ശബ്ദാഢംബരത്തോടെ നിർവ്വഹിക്കപ്പെട്ട പ്രചണ്ഡമായ ഈ വിപരീത പ്രചാരണത്തിനിടയിൽ ബുദ്ധന്റെ ശബ്ദം മുങ്ങിപ്പോയി.

ആശയവിനിമയത്തിനും, എഴുത്തുവിദ്യക്കുമുള്ള പരിമിതികൾ കണക്കിലെടുക്കുമ്പോൾ ഈ പ്രചാരണം ഹിന്ദു ബ്രാഹ്മണന്മാർക്ക് അനുകൂലമായെന്നു മാത്രമല്ല, ബുദ്ധന്റെ അനുയായികളിൽ പോലും അത് സ്വാധീനം ചെലുത്തി. അവസാനം ബുദ്ധന്റെ ഹിന്ദുദൈവങ്ങളുടെ നിഷേധം ആത്യന്തികമായി മൊത്തത്തിലുള്ള ദൈവനിഷേധമാണെന്ന് അവർ കരുതി. ഗൗതമബുദ്ധന്റെ ബ്രാഹ്മണ ദൈവങ്ങളുടെ നിഷേധം പൊതുവത്ക്കരി

ക്കപ്പെടുകയും ധാരാളം ആളുകൾ അദ്ദേഹം ദൈവത്തിൽ വിശ്വസിക്കാത്തയാളായിരുന്നു എന്ന ധാരണയിലേക്ക് നയിക്കപ്പെടുകയും ചെയ്തു.

ബുദ്ധനോടുള്ള അവരുടെ കൂറ് കണക്കിലെടുക്കുമ്പോൾ അത് അസ്പർഷ്യമായി നിൽക്കുന്നു. അവർ ബുദ്ധനെ എക്കാലത്തേയും ജ്ഞാനിയായ ഗുരുവും കാരുണ്യവാനും, സ്നേഹനിധിയും, മാനവികതയുടെ കേദാരവുമായി കരുതുന്നു. നാം ഇപ്പോൾ ചർച്ച ചെയ്യുന്ന കാലഘട്ടം സാക്ഷരത അതിന്റെ ഏറ്റവും താഴ്ന്ന പടിയിൽ നിൽക്കുന്ന ഒരു ഘട്ടത്തിലായിരുന്നു സാധാരണജനങ്ങൾ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ അഭിപ്രായം രൂപീകരിക്കാറുണ്ട്. അപ്രകാരം ബുദ്ധന്റെ അനുയായികളും ഈ ബ്രാഹ്മണരുടെ പ്രചാരണത്തിൽ കുടുങ്ങി അകറ്റപ്പെടുകയാണുണ്ടായത്. പക്ഷേ, അത് ബുദ്ധനോടുള്ള അവരുടെ അനുരക്തിയിലും കൂറിലും വളരെ ചെറിയ സ്വാധീനമേ ഉണ്ടാക്കിയുള്ളൂ. അവരെ സംബന്ധിച്ചേടത്തോളം ബുദ്ധൻ പരമമായ ജ്ഞാനത്തിന്റെ സ്രോതസ്സാകാൻ അത് തന്നെ ധാരാളം മതിയായിരുന്നു. അവരുടെ പ്രിയപ്പെട്ട യജമാനനും ജ്ഞാനിയായ ഗുരുനാഥനും എന്ന നിലയിൽ പൂർണ്ണഹൃദയത്തോടെ അവർ ബുദ്ധനോടുള്ള ബഹുമാനം തുടർന്നു വന്നു. ക്രമേണ അവരറിയാതെ ദൈവരഹിതനായ അവരുടെ യജമാനനെ ദൈവം എന്ന നിലക്ക് അവർ ബഹുമാനിക്കാൻ തുടങ്ങി.

മതചരിത്രത്തിൽ ഇത് ഒരു സംഭവമായിരുന്നില്ല. ദൈവപ്രചോദിതരായ വ്യക്തികൾ ചിലപ്പോൾ ദൈവങ്ങളായും മനുഷ്യദേവന്മാരായും ഉയർത്തപ്പെടാറുണ്ട്. എന്തായിരുന്നാലും ബുദ്ധന്റെ കാര്യത്തിൽ അനുയായികൾ അദ്ദേഹത്തോടുള്ള സ്നേഹവും ശ്രദ്ധയും സമ്പൂർണ്ണവും അതുല്യവുമായ മനുഷ്യമാതൃക എന്ന നിലക്ക് ബുദ്ധനെ കേന്ദ്രീകരിച്ചു നിലകൊണ്ടു. അദ്ദേഹം അക്ഷരാർത്ഥത്തിൽ ഇതിഹാസസങ്കല്പപ്രകാരമുള്ള ദൈവരൂപമായി ഉയർത്തപ്പെട്ടിരുന്നില്ല. അവരുടെ വിശ്വാസത്തിൽ ഒരു വശത്ത് ബ്രാഹ്മണന്മാരെയും മറുവശത്ത് ബുദ്ധനേയും അവർ പ്രതിഷ്ഠിച്ചു. അവർക്ക് അത് മതിയായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം ബ്രാഹ്മണന്മാർ ഇതിഹാസങ്ങളുടേയും മിത്തിന്റേയും അരുളപ്പാടുകൾ നൽകുന്നയാളുകളാണ്. അതേസമയം ബുദ്ധൻ സത്യത്തിന്റേയും, യുക്തിയുടേയും, ജ്ഞാനത്തിന്റേയും മൂർത്തിയാണ്. ക്രമേണ ഇതിഹാസ രൂപികൾക്ക് പങ്കില്ലാത്ത ഒരു മതമായി ബുദ്ധമതം വളർന്നു. ദൈവത്തിൽ വിശ്വസിക്കാനുള്ള മനുഷ്യപ്രകൃതിയിലെ നൈസർഗ്ഗിക വശങ്ങളെല്ലാം ബുദ്ധന്റെ ബിംബവത്ക്കരണത്തിലൂടെ നിറവേറ്റപ്പെട്ടു. നാലാം നൂറ്റാണ്ടിലെ ബുദ്ധന്റെ അനുയായികളുടെ ദൃഷ്ടിയിൽ, ബുദ്ധൻ കേവല ജ്ഞാനത്തിന്റെ ഉറവിടം എന്ന നിലയിൽ, തന്റെ യാത്ര ആരംഭിച്ചിരുന്നു. ഒരു സാധാരണ ഭൗതിക തത്വജ്ഞാനിയേക്കാൾ അദ്ദേഹം ഉയർന്നിരുന്നു. അദ്ദേഹത്തിന്റെ കാര്യത്തിൽ വെറും ലൗകികജ്ഞാനത്തിന്റെ പ്രതീകമായി ബുദ്ധൻ ദീർഘനാൾ നിലകൊണ്ടില്ല. മതരംഗത്ത് ദൈവത്തിന്നോ ദൈവങ്ങൾക്കോ മാത്രം ലഭിക്കുന്ന ബഹുമാനവും ആദരവും അദ്ദേഹം നേടിയെടുത്തു.

നാം ഇപ്പോൾ സംസാരിക്കുന്നത് ഏതാനും വർഷത്തെ ഒരു ചെറുകാലഘട്ടത്തെക്കുറിച്ചല്ല. ബുദ്ധമതലോകത്ത് നിരീശ്വരത്വത്തിന്റെ അപശങ്കുനാത്മകമായ നിഴൽപരക്കാൻ നൂറ്റാണ്ടുകളോളമെടുക്കുകയുണ്ടായി. ബുദ്ധനെ ദൈവമെന്ന നാമത്തിൽ വിശേഷിപ്പിക്കാതെ ബുദ്ധനിൽ നിന്നു തന്നെ ഒരു ദൈവത്തെ അന്തിമമായി നിർമ്മിച്ചെടുക്കാൻ നൂറ്റാണ്ടുകളോളം എടുക്കേണ്ടി വന്നു. ദൈവവിശ്വാസത്തിൽ നിന്നും ദൈവരഹിതമായ ഒരു ജനതയായി ബുദ്ധമതം പരിവർത്തനം ചെയ്യപ്പെട്ട രീതിയെപ്പറ്റിയുള്ള നമ്മുടെ അഭിപ്രയാം വെറുമൊരു ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ളതല്ല. നാം ഇവിടെ അവതരിപ്പിച്ച പ്രകാരം ബുദ്ധമതത്തിന്റെ പ്രാഥമിക സ്രോതസ്സുകളിൽ നിന്നുള്ള പഠനങ്ങൾ ബുദ്ധൻ ഒരു ഏക ദൈവവിശ്വാസിയാണെന്ന വീക്ഷണത്തെ പൂർണമായും പിന്തുണക്കുന്നു. അദ്ദേഹം നിരാകരിച്ചത് ബഹുദൈവവിശ്വാസത്തെയായിരുന്നു. ബുദ്ധന്റെ എതിരാളികളുടെ കഠിനശ്രമമുണ്ടായിരുന്നിട്ടും ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ അദ്ദേഹത്തെ സംബന്ധിച്ച് നിലനിന്ന കറപുരളാത്ത സത്യം ഇതായിരുന്നു. നാം വായനക്കാരന്റെ മനസ്സിനെ ബുദ്ധമതവിശ്വാസിയായ മഹാനായ അശോകന്റെ ഭരണകാലത്തേക്ക് കൊണ്ടുപോകുകയാണ്. ഇന്ത്യയുടെ അതിർത്തികളേയും ഭേദിച്ച് അഫ്ഗാനിസ്ഥാൻ മുഴുവനും ഭരിച്ചിരുന്ന പ്രവിശാലമായ ഒരു സാമ്രാജ്യമായിരുന്നു അശോകന്റേത്. ബുദ്ധമതജീവിതത്തിന്റേയും അധ്യാപനങ്ങളുടേയും ഏറ്റവും പ്രാമാണികവും ചോദ്യം ചെയ്യാനാവാത്തവിധം ആധികാരികവുമായ സ്ഥാനമലങ്കരിക്കുന്നയാളാണ് അശോകൻ. സംശയത്തിന്റെ അണുമണിത്തൂക്കം പോലുമില്ലാതെ അശോകൻ ചിത്രീകരിച്ച ബുദ്ധൻ ദൈവത്തിന്റെ ദിവ്യവെളിപാടുകളുടെ അടിസ്ഥാനത്തിൽ തന്റെ അധ്യാപനങ്ങൾ സ്ഥാപിച്ച എളിയവനായ ഒരു ദൈവപ്രവാചകനാണെന്നു പറയാം. മനുഷ്യവംശത്തോട് അദ്ദേഹം അറിയിച്ച കാര്യങ്ങളെല്ലാം പരമോന്നതനായ ദൈവം അദ്ദേഹത്തെ അറിയിച്ച കാര്യങ്ങളായിരുന്നു. ചരിത്രത്തിന്റെ പാറപ്പുറത്ത് ബുദ്ധനെ സംബന്ധിച്ച് അശോകൻ കൊത്തിവച്ച വിധി പ്രസ്താവങ്ങളായിരുന്നു അത്.

*(തുടരും)*

എ.പി. കുഞ്ഞാമുസാഹിബ്

# വേദനിപ്പിക്കുന്ന വേർപാട്

**മുഹമ്മദു ഉമർ എച്ച്.എ. (മുബല്ലിഗ് ഇൻചാർജ്ജ്, കേരള)**

"ഏക് ആലിം കാ മർനാ ഏക് ആലം കാ മർനാ ഹൈ" - ഒരു ജ്ഞാനി യുടെ മരണം ഒരു ലോക ത്തിന്റെ മരണമാണെന്ന് ഉർദുവിൽ ഒരു ചൊല്ലുണ്ട്.

ജ: എ.പി. കുഞ്ഞാമുസാഹിബ് അഹ്മദിയ്യാ ജമാഅത്തിന്റെ 51 ശാഖ കളുള്ള കേരളത്തിന്റെ മാറിടത്തിൽ ആത്മാർത്ഥ സ്നേഹത്തിന്റെയും ആദരവിന്റെയും ഒരു 'ആലം' സൃഷ്ടി ക്കുകയും അതിനെ തന്റെ സാന്നിധ്യം കൊണ്ടു പ്രഭാപൂരിതമാക്കുകയും ചെയ്തു.

ജനുവരി ഏഴാംതീയതി പുലർച്ചെ രണ്ടര മണിക്ക് എന്റെ താങ്ങും തണലുമായിരുന്ന കുഞ്ഞാമുസാഹിബ് അന്തരിച്ച വിവരം ജനാബ് ഇമ്പിച്ചിക്കോയട്ടി സാഹിബ് ഫോൺ മുഖേന അറിയിച്ചപ്പോൾ ഇന്നാലില്ലാഹി...... എന്ന നാവ് ഉച്ചരിച്ചുവെങ്കിലും ഹൃദയത്തിലും മനസ്സിലും അവാച്യമായ ഒരു മരവിപ്പാണ് അനുഭവപ്പെട്ടത്. കാര്യമായ എന്തോ എനിക്കു എന്നെന്നേക്കുമായി നഷ്ടപ്പെട്ട ഒരനുഭവമാണുണ്ടായത്.

ജനുവരി അഞ്ചാം തീയതി വെള്ളിയാഴ്ച രാവിലെ തന്റെ ആത്മ സുഹൃത്തായ മമ്മത് കോയാ സാഹിബിനെ ഖബറടക്കം ചെയ്തു. അപ്പോൾ തന്നെ അഹ്മദിയ്യാ ശ്മശാനത്തിൽ തന്റെ സുഹൃത്തുക്കളോടു ഇനി തന്റെ ഊഴമായിരിക്കുമെന്നു പറഞ്ഞത് അറം പറ്റിയത് പോലെ രണ്ടേരണ്ടു ദിവസങ്ങൾക്കകം തന്നെ, അധികം കാത്തു നിൽക്കാതെ തന്റെ ഊഴത്തിനു വഴിമാറികൊടുക്കുകയുണ്ടായി. അന്നു രാവിലെ പതിനൊന്നുമണിക്ക് മസ്ജിദിലേക്കുള്ള യാത്രാമദ്ധ്യെ അദ്ദേഹത്തോടൊപ്പം ഞങ്ങൾ ചില സുഹൃത്തുക്കൾ വടയും ചായയും കഴിച്ചു. ഞങ്ങളൊടൊപ്പമുള്ള അദ്ദേഹത്തിന്റെ അവസാന യാത്രയായിരിക്കുമതെന്നു സ്വപ്നേപി കരുതിയിരുന്നില്ല.

1990 നവമ്പറിയാലിരുന്നു വിനീതൻ കേരളത്തിൽ മുബല്ലിഗ് ഇൻചാർജ്ജായി സേവനമാരംഭിച്ചത്. അന്നുതൊട്ട് മരണം വരെ ഈയുള്ളവൻ കുഞ്ഞാമുസാഹിബിന്റെ സന്തത സഹചാരിയായിരുന്നു. എനിക്കു ഇവിടെ നേരിടേണ്ടിവന്ന പല പരീക്ഷണഘട്ടങ്ങളിലും പ്രതിസന്ധികളിലും അദ്ദേഹം എനിക്ക് ഒരഭയ കേന്ദ്രവും അത്താണിയുമായിരുന്നു. അദ്ദേഹത്തിനും തന്റെ ഉദ്യോഗനിർവഹണത്തിൽ പല പ്രതിസന്ധികളും നേരിടേണ്ടിവന്നുവെങ്കിലും തന്റെ സ്വതഃസിദ്ധമായ വശ്യമായ പുഞ്ചിരി അതിന്നൊക്കെ ഒരു പരിഹാരമായി ത്തീരുകയും അവസാനം വിജയം പ്രാപിക്കുകയും ചെയ്തിരുന്നു. ആ വശ്യമായ പൂപ്പുഞ്ചിരി മരണത്തിനു ശേഷവും ജീവസ്സറ്റ അദ്ദേഹത്തിന്റെ മുഖത്ത് പ്രകടമായിരുന്നു.

കോഴിക്കോട് ജമാഅത്തിന്റെ ഖായിദ്, പ്രസിഡണ്ട്, പിന്നീട് 1992 ൽ കേരള സ്റ്റേറ്റ് അമീർ, സ്റ്റേറ്റ് ഇമാറത്ത് അവസാനിച്ചതും കോഴിക്കോടു മേഖലാ അമീർ, സത്യദൂതൻ പബ്ലിഷർ, ഫസൽ ഉമർ എജുക്കേഷൻ ബോർഡ് ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം ചെയ്ത മഹത്തായതും നിസ്വാർത്ഥവും ആയ സേവനം എന്നെന്നും സ്മർത്തവ്യമാണ്. അതിനെക്കുറിച്ച് വിവരിക്കുവാൻ സത്യദൂതന്റെ ധാരാളം ഏടുകൾ ആവശ്യമായതുകൊണ്ടു ആ സാഹസത്തിലേക്കു തുനിയുന്നില്ല.

പല പ്രാവശ്യമായി കേരളത്തിലങ്ങോളമിങ്ങോളം എല്ലാ ജമാഅത്തുകളിലും നടത്തിയ തബ്‌ലീഗ് തർബിയത്ത് പരിപാടികളിൽ എപ്പോഴും പരേതൻ ഈയുള്ളവനെ ഒപ്പം കൂട്ടാറുണ്ടായിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം നിസാമിന്റെ സംരക്ഷകനായിരുന്നു. ഖിലാഫത്തിനോടുള്ള കൂറിലും വിശ്വസ്തതയിലും നിസാമിന്റെ പ്രൗഢിയും പ്രതാപവും ഗൗരവവും അദ്ദേഹം അക്ഷരാർത്ഥത്തിൽത്തന്നെ ജമാഅത്തുകളിൽ നിലനിർത്തി. ഖിലാഫത്തിന്റെ ആസ്ഥാനത്ത് നിന്നുണ്ടാകുന്ന ഓരോ നിർദ്ദേശവും ആഹ്വാനവും അദ്ദേഹം അക്ഷരം പ്രതി അനുസരിച്ചുപോന്നു.

ലോകത്ത് പത്ത് ശതമാനം ആളുകൾക്ക് അഹ്മദിയ്യാ സന്ദേശം എത്തിക്കണമെന്ന ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിൽ അദ്ദേഹത്തിനു അങ്ങേയറ്റം വിജയം പ്രാപിക്കുവാൻ കഴിഞ്ഞിരുന്നു. കേരളത്തിൽ ആകെയുള്ള ജില്ല

# മിതഭാഷിയായ അമീർ സാഹിബ്

പി. മുഹമ്മദലി മാസ്റ്റർ
(അമീർ, മലപ്പുറം മേഖല)

എ.പി. കുഞ്ഞാമുസാഹിബ്

ഞാൻ ജമാഅത്തിൽ ചേർന്നിട്ട് ഏഴ് വർഷമായി. കുഞ്ഞാമു സാഹിബിന്റെ മാതൃകാപരമായ സഹനം എന്നെ ഏറെ ആകർഷിച്ചിരുന്നു. പരാതികളും സങ്കടങ്ങളും കേൾക്കാനുള്ള അദ്ദേഹത്തിന്റെ സഹനം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തമ്മിൽ കാണുമ്പോൾ ഞാൻ അദ്ദേഹത്തോട് ദീർഘനേരം സംസാരിക്കും. എല്ലാം കേട്ടിരുന്നതിന് ശേഷം അൽപം മാത്രമേ അദ്ദേഹം സംസാരിക്കുമായിരുന്നുള്ളൂ. അത് വളരെ അർത്ഥവത്തായിരിക്കും. ജമാഅത്തിനോടുള്ള സ്നേഹത്തിനും ആത്മാർത്ഥതയ്ക്കും എനിക്ക് പ്രചോദനമായത് അദ്ദേഹമാണ്.

●

കളിൽ ഓരോ ജില്ലയിലും ജാതി, മതം എന്നിവ വേർതിരിച്ചുള്ള ജനസംഖ്യാനിരക്കു സ്വരൂപിച്ച് സുസംഘടിതമായ നിലയിൽ പത്ത് ശതമാനത്തിലധികം ആളുകൾക്കു സന്ദേശം എത്തിക്കുവാൻ ജമാഅത്തുകളുടെയും ശാഖാ സംഘടനകളുടെയും പരിപൂർണ്ണ സഹകരണത്തോടു കൂടി അദ്ദേഹത്തിനു സാധിച്ചു. അതിനായി ലക്ഷക്കണക്കിലുള്ള സാഹിത്യങ്ങൾ പ്രസിദ്ധീകരിച്ചു. പരേതൻ എന്റെ ലേഖന ങ്ങൾ, പ്രസംഗങ്ങൾ എന്നു വേണ്ട എല്ലാ കാര്യങ്ങളിലും എനിക്കു സജീവമായ പ്രോത്സാഹനവും പ്രചോദനവും നൽകിക്കൊണ്ടിരുന്നു.

കേരളത്തിൽ എവിടെ എന്തു തന്നെ പ്രശ്നമുണ്ടായാലും അത് ഉഭയകക്ഷികൾക്കും സംതൃപ്തമായ നിലയിൽ പരിഹരിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു.

മുബല്ലിഗുമാരുടെയും മുഅല്ലിമീങ്ങളുടെയും പ്രശ്നങ്ങൾ അദ്ദേഹം അനുകമ്പാപൂർവ്വം കൈകാര്യം ചെയ്തിരുന്നു. അദ്ദേഹം ദൈവഭക്തിയും വിശ്വസ്തതയുമുള്ള മാന്യദേഹമായിരുന്നു. പര്യടന വേളകളിൽ പലപ്പോഴും എനിക്കു അനുഭവപ്പെട്ട യാഥാർത്ഥ്യമാണിത്. പര്യടനവേളകളിൽ അതിരാവിലെ മൂന്നരമണിക്കോ നാലുമണിക്കോ തഹജ്ജുദിന്നായി ഞാനുണരുകയാണെങ്കിൽ അദ്ദേഹം എപ്പോഴും തഹജ്ജുദു നമസ്ക്കരിക്കുന്നതായിട്ടാണെനിക്കു കാണുവാൻ സാധിച്ചത്.

കുഞ്ഞാമു സാഹിബിനോടുള്ള കേരളത്തിലെ ആബാല വൃദ്ധം അഹ്മദികൾക്കുണ്ടായിരുന്ന സ്നേഹബഹുമാനങ്ങൾ അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ദുഃഖഭാരത്തോടു കൂടി ആഗതരായ നൂറുക്കണക്കിലുള്ള ജനങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

പൊതുയോഗങ്ങളിലും ഇജ്തിമാകളിലും വാർഷിക സമ്മേളനങ്ങളിലും നിറഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയായ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഒരനുഗ്രഹമായിരുന്നു.

ചുരുക്കത്തിൽ, പരേതന്റെ പാവനസ്മരണ അദ്ദേഹവുമായി അടുത്ത ബന്ധമുള്ള ഈ വിനീതനെപ്പോലെയുള്ളവർക്ക് ആജീവനാന്തം കൂടെ ഉണ്ടായിരിക്കും.

ഒരു അറബി കവി പാടുകയുണ്ടായി

അന്തല്ലദീ വലദത്ക്ക ഉമ്മുക്ക ബാക്കിയൻ വന്നാസു ഹൗലക്ക യള്ഹക്കൂന സുറൂറാ - ഫഹ്രിസ് അലാഅമലിൻ തക്കൂനു ഇദാബക്കൗ ഫീ വക്തി മൗത്തിക്ക ളാഹിക്കൻ

*ഏ.പി. കുഞ്ഞാമു സാഹിബ് അഹ്മദിയ്യാ ജമാഅത്ത് നാസിർ അഅ്ലാ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിനെ സ്വീകരിക്കുന്നു*

*(ശേഷം 31-ാം പേജിൽ)*

എ.പി. കുഞ്ഞാമുസാഹിബ്

# തലയെടുപ്പുള്ള വ്യക്തിത്വം

**പ്രൊഫ: അബ്ദുൽ ജലീൽ**

(അമീർ, തിരുവനന്തപുരം മേഖല)

കേരള ജമാഅത്തുകളുടെ പൂർവ്വസാരഥിക ളായ മർഹും ജ: സിദ്ദീഖ് അമീർ അലി സാഹിബ്, മർഹും ജ: ഡോക്ടർ മൻസൂർ അഹ് മദ് സാഹിബ്, എന്നിവർക്കു ശേഷം കേരള സംസ്ഥാന ജമാഅത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അമീറായി സ്ഥാനമലങ്കരിച്ച ജ: എ.പി. കുഞ്ഞാമു സാഹിബിന്റെ ആകസ്മികമായ വേർപാട് ഒരു മഹൽ വ്യക്തിയുടെ തിരോധാനത്തേയാണ് കുറിക്കുന്നത്. ജനുവരി, 7, 2007നു ഫജർ നമസ്കാരത്തിന്നു മുമ്പായി കിട്ടിയ ആ വാർത്ത ശരിക്കും എന്നെ ഞെട്ടിച്ചു. ഉച്ച തിരിഞ്ഞു കോഴിക്കോടു ചെന്ന് പോർട്ടബിൾ മോർച്ചറിയിൽ അദ്ദേഹത്തിന്റെ കിടപ്പു കണ്ടപ്പോഴാണ് വസ്തുതയുടെ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ കഴിഞ്ഞത്.

കേരള സംസ്ഥാന ജമാഅത്തിന്റെ മജ്‌ലിസ് ശൂറായിലെ ഒരംഗമെന്ന നിലയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി അദ്ദേഹവുമായി അടുത്ത് ഇടപഴകാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഹിലാൽ കമ്മിറ്റിയംഗം, ഫസ്‌ലെ ഉമർ സ്കൂൾ കമ്മിറ്റിയംഗം തുടങ്ങിയ തസ്തികകളിലും ഞാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലായി പ്രവർത്തിച്ചിരുന്നു. ഈ കമ്മിറ്റിയോഗങ്ങൾ സംഘടിപ്പിക്കുന്നതിന്നും അവയ്ക്ക് മേൽനോട്ടം നൽകി അവ നടത്തിക്കുന്നതിലും അദ്ദേഹം കാണിച്ച കാര്യക്ഷമത പ്രത്യേകം എടുത്തു പറയേണ്ടതാണ്. ജമാഅത്തിന്റെ "നിസാം" അനുസരിച്ചുള്ള അച്ചടക്കം പാലിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ബദ്ധശ്രദ്ധനായിരുന്നു. ഖിദ്മത്തെ ഖൽഖ് സിക്രട്ടറി എന്ന നിലയിൽ എന്റെ പ്രവർത്തനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നൽകുന്നതിലും അതിനോടൊപ്പം, തെറ്റാണെന്നു അദ്ദേഹത്തിന്നു ബോധ്യപ്പെട്ട എന്റെ കാൽവെപ്പുകളെ തിരുത്തുന്നതിലും അദ്ദേഹം ഒരിക്കലും ലോപം കാണിച്ചിട്ടില്ല. എന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഭീമനാട് ഫസ്‌ലെ ഉമർ ആശുപത്രി പരാജയപ്പെട്ടപ്പോൾ, അതിന്റെ കാരണങ്ങൾ മനസ്സിലാക്കി ആ പദ്ധതി ഉപേക്ഷിക്കാൻ അദ്ദേഹം കാണിച്ച ദീർഘവീക്ഷണം ജമാഅത്തിനെ ഒരു സാമ്പത്തിക വിപത്തിൽ നിന്നും രക്ഷപ്പെടുത്തി എന്നു പറയുന്നതിൽ തെറ്റില്ല.

അടുത്തകാലത്തായി സത്യദൂതനിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങൾ അഹ്മദികൾക്ക് പരിചയമുള്ള വിഷയങ്ങളെക്കുറിച്ചാണെങ്കിലും തബ്‌ലീഗ് രംഗത്ത് ഒരു റഫറൻസ് എന്ന നിലയിൽ അത് വളരെയധികം പ്രയോജനം ചെയ്യുന്നു.

വ്യക്തിപ്രഭാവമിയന്നതും അന്തസ്സുറ്റതുമായ അദ്ദേഹത്തിന്റെ സമീപനവും രീതികളും അതുപോലെത്തന്നെയുള്ള അദ്ദേഹത്തിന്റെ ആകാരഗരിമയും ഏവരേയും ആകർഷിക്കുന്നതായിരുന്നു. ഒരു പ്രതിനിധി സംഘത്തിന്റെ അദ്ധ്യക്ഷനായി അദ്ദേഹം പ്രത്യക്ഷപ്പെടുമ്പോൾ ആർക്കും ബഹുമാനം തോന്നിക്കുന്നതായിരുന്നു ആ വ്യക്തിത്വം.

അദ്ദേഹത്തിന്റെ അഭാവം കേരള ജമാഅത്തുകൾക്ക് നികത്താനാവാത്ത ഒരു നഷ്ടം തന്നെയാണ്. എന്നാൽ സർവ്വശക്തനായ റബ്ബ് തന്റെ ജമാഅത്തിന്റെ പുരോഗതിക്ക് ആ നഷ്ടം ഒരു വിലങ്ങുതടിയാക്കുകയില്ലെന്നു നമുക്കു ഉറച്ചുവിശ്വസിക്കാം. അതിന്നായി ദുആ ചെയ്യാം. ●

# ജനസമ്മതനായ കുഞ്ഞാമു സാഹിബ്

**പ്രൊഫ: അബ്ദുൽ കരീം**

(അമീർ, പാലക്കാട് മേഖല)

മണ്ണാർക്കാട് : പള്ളിയുടെ നിർമ്മാണത്തിൽ നല്ല പ്രോത്സാഹനവും സഹകരണവും നൽകിയ ഏ. പി. കുഞ്ഞാമു സാഹിബ് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. "പള്ളിയായി, ഇനി നമുക്കീ പള്ളി നിറയ്ക്കണം''. ജമാഅത്തിന്റെ വളർച്ചയ്ക്ക് ആത്മാർത്ഥമായി ആഗ്രഹിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം എന്നാണ് ഇത് കാണിക്കുന്നത്. സംസ്ഥാന അമീറിനെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ ഏകദേശം ഏകകണ്ഠമായാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. ഇത് അദ്ദേഹത്തിന്റെ ജനസമ്മതി വെളിവാക്കുന്നു. അദ്ദേഹത്തിന്റെ പൂർവ്വകാല ദീനി പ്രവർത്തനത്തിന്റെ പ്രതിഫലനമാണ് അതെന്നാണ് എന്റെ പക്ഷം. ●



ഏ.പി. കുഞ്ഞാമുസാഹിബ്

# കല്പനയ്ക്കൊത്തുള്ള കാൽവെപ്പ്

**എൻ. കുഞ്ഞഹ്മദ് മാസ്റ്റർ**
**(കണ്ണൂർ മേഖലാ അമീർ)**

വിശുദ്ധ ഖുർആനിൽ ഹ. ലുഖ്മാൻ തന്റെ പ്രിയ മകനെ ഉപദേശിക്കുന്ന ഒരു ഭാഗമുണ്ട്.

“നിന്റെ നടപ്പിൽ മിതത്വം സ്വീകരിക്കുക, ശബ്ദം അല്പം താഴ്ത്തുകയും ചെയ്യുക.” (31:20) അതിലൊന്നാണ് ഈ വാക്യം. ജീവിതത്തിൽ വേണ്ടത്ര പക്വതയും പാകതയും ആർജിച്ച മർഹൂം ഏ.പി. കുഞ്ഞാമു സാഹിബ് കല്പനയ്ക്കൊത്ത് ഭൂമിയിൽ പാദമൂന്നിയ വ്യക്തിയായിരുന്നു. സമൂഹത്തിൽ വലിയ ആളായിരുന്നിട്ടും ചെറിയ ശബ്ദത്തിന്റെ ഉടമ. പതുങ്ങിയ സ്വരത്തിൽ ശ്രോതാക്കളെ നിശ്ശബ്ദരാക്കി പറയേണ്ടതു മാത്രം പറയുകയെന്നത് അദ്ദേഹത്തോടൊപ്പം ഇടപഴികയവർക്ക് അനുഭവബോധ്യമായിരുന്നു.

1963-ൽ മധ്യ വേനൽ അവധിക്കാലത്ത് കോഴിക്കോട് ജമാഅത്തിന്റെ പഴയ ആസ്ഥാനമായ ‘ദാറുസ്സലാമി’ൽ കുട്ടികൾക്ക് വി. ഖുർആൻ പഠിപ്പിച്ചുകൊണ്ടിരുന്ന വർഷം മഗ്‌രിബ് നമസ്കാരനന്തരം മർഹൂം കുഞ്ഞാമു സാഹിബും സുഹൃത്തുക്കളും ബീച്ച് റോഡിനോടു ചേർന്നു തയ്യാറാക്കിയിരുന്ന ഇരിപ്പിടത്തിൽ സ്ഥാനമുറപ്പിക്കുമ്പോൾ കൂട്ടത്തിൽ ഈ വിനീതനും പങ്കാളിയായിരുന്നു. സരസഭാഷണത്തിലൂടെ അഹ്മദീ അനുഭാവികളെ അഹ്മദികളാക്കുന്ന ‘മാന്ത്രികവിദ്യ’ വർഷം 43 കഴിഞ്ഞിട്ടും മനസ്സിൽ നിന്ന് മായുന്നില്ല. ഇന്നത്തെപ്പോലെ അന്നും മുസ്‌ലിം പണ്ഡിതന്മാർ പാമരന്മാരെ സ്വാധീനിക്കുന്ന പതിവ് പല്ലവിയാണ് ഹ. മിർസാ സാഹിബ് ഒരു പുതിയ പ്രവാചകനാണെന്നത്. തിരുനബി (സ)യെക്കാൾ മഹത്വവും പദവിയുമുള്ള ആളാണ് അദ്ദേഹം എന്നത്രെ അനുയായികളുടെ വിശ്വാസം എന്നും (നഊദുബില്ലാഹ്) പറഞ്ഞു പ്രചരിപ്പിച്ചിരുന്നു. സത്യവുമായി പുലബന്ധം പോലും ഇല്ലാത്ത അടിസ്ഥാനരഹിതമായ ഈ ആരോപണത്തിന് ഒറ്റമൂലി തിരുനബി(സ)യെ പ്രകീർത്തനം ചെയ്തുകൊണ്ടുള്ള അറബിഭാഷയിലുള്ള ‘നബികീർത്തന കാവ്യ’മായിരുന്നു. അഹ്മദിയ്യാ ജമാഅത്തിലെ കൊച്ചു കുട്ടികൾക്ക് പോലും സുപരിചിതമായ

‘യാ ഐന ഫൈദില്ലാഹി വൽ ഇർഫാനി’

എന്നു തുടങ്ങുന്ന ഈ ‘ഖസീദ’ സ്വയം ആസ്വദിക്കുകയും മറ്റുള്ളവരെ ആസ്വദിപ്പിക്കുകയും ചെയ്യുന്നതിൽ പരേതന് ഒരു പ്രത്യേക താല്പര്യമായിരുന്നു. സന്ധ്യമയങ്ങുന്നതോടെ ശാന്തമാകുന്ന അറബിക്കടലിലെ അലമാലകളും കാറ്റാടിമരങ്ങളുടെ മർമ്മര ശബ്ദവും ആയിരുന്നു വികാരനിർഭരമായി ഉരുവിട്ടുകൊണ്ടിരുന്ന ഖസീദയിലെ ഈരടികൾക്ക് താളമേളങ്ങൾ. ഈ തബ്‌ലീഗ് യജ്ഞത്തിന്റെ വളർച്ചയും പുരോഗതിയുമാണ് ദാറുസ്സലാമിൽ നിന്ന് ഇന്നത്തെ ‘ബൈത്തുൽ ഖുദൂസി’ലേക്കുള്ള പ്രയാണം.

തലശ്ശേരിക്കടുത്തുള്ള പുന്നോൽ പ്രദേശത്ത് ‘അഹ്മദിയ്യാ ഇൻഫർമേഷൻ സർവ്വീസി’ൽ താമസിച്ചുകൊണ്ടിരിക്കെ ഒരു റമദാനിൽ കുഞ്ഞാമു സാഹിബിന്റെ വസതിയിൽ ഒരു ‘ഇഫ്താറിന്’ ക്ഷണം കിട്ടിയതോർക്കുന്നു. ഭൗതികസമ്പത്തിലും സമൃദ്ധിയിലും മറ്റാരുടെയും പിന്നിലല്ലാത്ത ഒരു ഉന്നതകുലജാതനായിരുന്നു പരേതനെന്ന് അപ്പോഴാണ് മനസ്സിലായത്. ഉന്നത കുടുംബത്തിലെ യുവാക്കൾ സാമാന്യം നല്ല തുക സ്ത്രീധനം കൈപ്പറ്റിയായിരുന്നു വിവാഹം കഴിച്ചിരുന്നത്. എന്നാൽ മർഹൂം കുഞ്ഞാമു സാഹിബ് പിതാവ് മരണപ്പെട്ട ഒരു പാവപ്പെട്ട പെൺകുട്ടിയെയായിരുന്നു ഇസ്‌ലാമിക സമ്പ്രദായമനുസരിച്ചുള്ള മഹർ നൽകിക്കൊണ്ട് ജീവിതസഖിയായി സ്വീകരിച്ചത്.

കോഴിക്കോട്ടെ ഒരു വ്യാപാരിയായ അനഹ്മദി സുഹൃത്ത് അഹ്മദിയ്യാ വിരോധം പതഞ്ഞുപൊന്തിയപ്പോൾ തന്റെ കൂട്ടുകാരനായ കുഞ്ഞാമുസാഹിബിനെ ജോലിയിൽ നിന്ന് വേർപെടുത്തി. തദവസരത്തിൽ മറ്റൊരു വ്യാപാരം മുഖേന തന്റെ ഉപജീവനത്തിന് മാർഗമൊരുക്കാൻ കഴിവുള്ളവനത്രെ അല്ലാഹു എന്ന നിശ്ചയദാർഢ്യത്തോടെ ജോലി ഉപേക്ഷിച്ചതും മറക്കാനാവുന്നില്ല.

അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ, അദ്ദേഹത്തിന്റെ കൂട്ടുകാരനായി കിട്ടിയത് സ്വന്തം ജ്യേഷ്ഠൻ അബൂട്ടിസാഹിബിനെയായിരുന്നു. ‘മൂസയ്ക്ക് ഹാറൂൻ’ എന്ന പോലെ തന്റെ തോളോട് തോളുരുമ്മി നിന്ന അബൂട്ടി സാഹിബ്, അഹ്മദിയ്യത്തിന്നെതിരിൽ തങ്ങളുടെ നേരെ എതിർപ്പിന്റെ കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ പ്രതികരിച്ചതും കോഴിക്കോട്ടെയും തലശ്ശേരിയിലെയും വമ്പന്മാരുടെ ഭീഷണി നേരിട്ടതും ‘തുമ്മിയാൽ തെറിച്ചുപോകുന്ന മൂക്ക് മൂക്കാവുന്നതെങ്ങനെ’?

*(ശേഷം 19-ാം പേജിൽ)*


എ.പി. കുഞ്ഞാമുസാഹിബ്

ബി.ബി. അഹ്മദ് കബീർ
(എറണാകുളം മേഖലാ അമീർ)

# പുത്രനിർവ്വിശേഷം സ്നേഹം പകർന്ന അമീർ സാഹിബ്

കുറെ നല്ല ഓർമ്മകൾ മാത്രം ബാക്കിയാക്കി അമീർ സാഹിബ് യാത്രയായി. ആ വേർപാടിന്റെ നഷ്ടം വാക്കുകൾക്കുൾക്കൊള്ളാൻ കഴിയാത്തതാണ്. അതിനുശേഷം കോഴിക്കോട് സന്ദർശിച്ചപ്പോൾ 'ബൈത്തുൽഖുദ്ദൂസി'ന്റെ ഓരോ മൂലയിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുന്നതുപോലെ. ആ യാഥാർത്ഥ്യമായി പൊരുത്തപ്പെടുമ്പോൾ അതൊരു ഹൃദയ നൊമ്പരമായി അനുഭവപ്പെടുകയാണ്.

1986ൽ ഈ വിനീതൻ ബൈഅത്ത് ചെയ്ത കാലം മുതൽ അദ്ദേഹവുമായി ബന്ധപ്പെടാൻ കഴിഞ്ഞിട്ടുണ്ട്. ആ ബന്ധം ക്രമേണ ശക്തിപ്പെടുകയും ചെയ്തു. പുത്രനിർവ്വിശേഷമായ സ്നേഹമായി അത് പരിണമിക്കുകയും ചെയ്തു. 1995 മുതൽ 2005 വരെ അദ്ദേഹത്തിന്റെ ഇമാറത്തിനു കീഴിലെ മജ്‌ലിസ് ആമിലയിൽ ഞാൻ പ്രവർത്തിച്ചത് ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. ചർച്ചകളിൽ പങ്കെടുത്ത അംഗങ്ങൾ ഉന്നയിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വളരെ സാവകാശം അവധാനതയോടെ കേട്ടു മനസ്സിലാക്കി ക്രിയാത്മകമായതിനോട് പ്രോത്സാഹന ജനകമായി പ്രതികരിക്കുകയും ആ തീരുമാനങ്ങളുടെ വിജയത്തിനായി സർവ്വ വിധത്തിലും പിന്തുണക്കുകയും ചെയ്യുമായിരുന്നു. പോരായ്മകൾ യുക്തിബോധത്തോടെയും തന്റെ അനുഭവത്തിന്റെ വെളിച്ചത്തിലും ചൂണ്ടിക്കാണിച്ച് തിരുത്തുകയും ചെയ്യുമായിരുന്നു. സുദീർഘമായ അദ്ദേഹത്തിന്റെ നേതൃത്വവേളയിൽ ഒരിക്കൽ പോലും മുഖം കറുക്കുകയോ ദ്വേഷ്യപ്പെട്ടു സംസാരിക്കുകയോ ചെയ്തിരുന്നില്ല.

എറണാകുളം മേഖലയിലെ ജമാഅത്തുകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കും വികസനത്തിനും അദ്ദേഹം പ്രത്യേക താല്പര്യം എടുത്തിരുന്നതായി ഇവിടെയുള്ളവർക്ക് അനുഭവപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് എറണാകുളം ജമാഅത്തിന്റെ കാര്യത്തിൽ ഇത് എടുത്തുപറയേണ്ടതാണ്. അദ്ദേഹം സംസ്ഥാന അമീറായി ചുമതലയേറ്റെടുത്തതിന് ശേഷമുള്ള ആദ്യ കമ്മിറ്റിയിൽ എറണാകുളത്ത് പള്ളിയോട് ചേർന്നു കിടന്ന സ്ഥലം വാങ്ങുവാനുള്ള ഞങ്ങളുടെ അപേക്ഷ മർഹും അബ്ദുറഹിമാൻ സാഹിബ് സമർപ്പിച്ചപ്പോൾ അദ്ദേഹം വളരെ താല്പര്യപൂർവ്വം അത് പരിഗണിക്കുകയും കേന്ദ്രം മുഖേന ഹുസൂർ തിരുമനസ്സിന്റെ സമക്ഷത്തിങ്കൽ ഉണർത്തുകയും അത് അനുവദിക്കപ്പെടുകയുമാണുണ്ടായത്. എറണാകുളത്ത് ഒരു വലിയ പള്ളി ഉണ്ടാവണമെന്ന ആവശ്യം എറണാകുളത്തുള്ളവരേക്കാൾ ആഗ്രഹിച്ചതും ഇവിടുത്തുകാരേക്കാൾ അതിനുവേണ്ടി പ്രവർത്തിച്ചതും അമീർ സാഹിബ് ആയിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അമീർ സാഹിബ് തന്നെ പള്ളിക്ക് തറക്കല്ലിടണം എന്ന ആവശ്യം അദ്ദേഹത്തിന് മുന്നിൽ വെച്ചപ്പോൾ, 'പോരാ നാസിർ അഅ്‌ലായെക്കൊണ്ട് തന്നെ അത് നിർവ്വഹിപ്പിക്കണ'മെന്ന് അദ്ദേഹം പറയുകയും അപ്രകാരം നടപ്പിൽ വരുത്തുകയും ചെയ്തു. കൂടാതെ പള്ളി നിർമ്മാണത്തിന് യാതൊരു ഫണ്ടും ഇല്ലാത്തപ്പോൾ കടമായി ധനസഹായം നൽകാൻ ഒരു സഹോദരനോട് ആവശ്യപ്പെടുകയും ബാക്കി അല്ലാഹു പൂർത്തിയാക്കിത്തരും എന്ന് അദ്ദേഹം ഞങ്ങളെ സമാശ്വാസിപ്പിക്കുയും ചെയ്തു. അപ്രകാരം തന്നെ മനോഹരമായ പള്ളി എറണാകുളത്ത് യാഥാർത്ഥ്യമാവുകയും ചെയ്തു.

ഈ മേഖലയിലെ കൊച്ചി, പള്ളുരുത്തി, കാക്കനാട്, ഐരാപുരം, മുവ്വാറ്റുപുഴ, അടിമാലി, ആലപ്പുഴ എന്നീ ജമാഅത്തുകളിലെ നല്ലൊരു വിഭാഗം അഹ്മദികളുമായി അദ്ദേഹത്തിന് വ്യക്തിപരമായ ബന്ധം ഉണ്ടായിരുന്നു. ഒരു പിതാവിനെ നിന്നെന്നപ്പോലെ അനർഘ സ്നേഹം പകർന്ന അദ്ദേഹത്തിന്റെ വിയോഗം എന്റെ പിതാവ് മരിച്ചതിന്റെ 20-ാം ദിവസമായതും എനിക്ക് ഗുരുതുല്യനായിരുന്ന മർഹും അബ്ദുറഹിമാൻ സാഹിബിന്റെ 12-ാം ചമര വാർഷിക ദിനത്തിലായതും യാദൃശ്ചികമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അമീർ സാഹിബിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

# പ്രചോദനാത്മകായ കർമ്മ മാതൃക

**പി.പി. നാസിറുദ്ദീൻ**
**(നാസിം അൻസാറുല്ലാഹ്, കേരള)**

എ.പി. കുഞ്ഞാമുസാഹിബ്

മർഹൂം ഏ. പി. കുഞ്ഞാമുസാഹിബ് ജമാഅത്തിനെ സ്നേഹിക്കുന്ന ഏവർക്കും പ്രിയങ്കരനായിരുന്നു. തേജസ്സുള്ള ആ മുഖം എപ്പോഴും ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നു.

തന്റെ ജീവിതം ജമാഅത്തിനു വേണ്ടി ഉഴിഞ്ഞു വെച്ച അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തകരെ തിരിച്ചറികയും അവരുമായി ആത്മബന്ധം പുലർത്തുകയും അവർക്കു വേണ്ടി ദുആ ചെയ്യുകയും ചെയ്തു.

കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ വളർച്ചയിൽ അദ്ദേഹം നിർണ്ണായകമായ സ്ഥാനമാണ് വഹിച്ചത്. ജമാഅത്തിന്റെ നിരവധി പദവികൾ വഹിച്ചുകൊണ്ട് വിശ്രമമില്ലാതെ ജമാഅത്തിന്റെ സേവനത്തിൽ മുഴുകാൻ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചു.

സുബായി ഇമാറത്തിന്റെ പ്രവർത്തനവുമായാണ് ഞാൻ അദ്ദേഹവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഉണ്ടാക്കിയ വികാരങ്ങൾ ഹൃദയത്തിൽ അദ്ദേഹവുമായി ഒരു ആത്മീയബന്ധം തന്നെ സൃഷ്ടിക്കുകയുണ്ടായി. വളരെ പ്രശസ്തമായ ഒരു കുടുംബ സാഹചര്യത്തിൽ നിന്ന് വരുന്ന സാമാന്യം ഭേദപ്പെട്ട ഒരു വ്യാപാരിയായി ജീവിച്ച അദ്ദേഹം, അല്ലാഹുവിന്റെ വിളികേട്ട് ഭൗതികതയുടെ എല്ലാ സുഖവും വേണ്ടെന്നു വെച്ച് ജമാഅത്തിനു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. വിശ്രമമില്ലാതെ അദ്ദേഹം പ്രവർത്തിച്ചു. ഹ്രസ്വവും സരസവുമായ തന്റെ മിതഭാഷണത്തിലൂടെ

*(ശേഷം 19-ാം പേജിൽ)*

# ആദരണീയനായ കുഞ്ഞാമുസാഹിബ്

**എം.എ. മുഹമ്മദ്**
**(അമീർ കോഴിക്കോട് മേഖല)**

1964-ൽ ആയിരുന്നു ഞാൻ ബൈഅത്ത് ചെയ്തത്. അതിനുമുമ്പ് അനുഭാവിയായി കൊടിയത്തൂരിൽ നിന്ന് കോഴിക്കോട് ജമാഅത്തിൽ വരുമ്പോഴേ കുഞ്ഞാമു സാഹിബുമായി ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയും വിനയത്തോടുള്ള പെരുമാറ്റവും അക്കാലത്ത് എന്നെ വളരെ ആകർഷിച്ചിരുന്നു. അദ്ദേഹവുമായി കൂടുതൽ അടുത്തപ്പോൾ അദ്ദേഹത്തോട് ഇടക്കിടെ പണം കടം വാങ്ങാനുണ്ടായിരുന്നു. അങ്ങനെ അദ്ദേഹവുമായി ഒന്നുകൂടി അടുത്തു. പിന്നീടുള്ള അദ്ദേഹത്തിന്റെ ജമാഅത്തിയായ ഉയർച്ചകളിൽ അദ്ദേഹത്തിന്റെ വ്യക്തിജീവിതം കാര്യമായ പങ്കു വഹിച്ചിട്ടുണ്ടായിരുന്നു. കാരണം, ആളുകളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റ രീതി എല്ലാവർക്കും മാതൃകയായിരുന്നു. എന്റെ ഓർമ്മയിൽ, 40 വർഷത്തിലധികമായി ജമാഅത്തിന്റെ എല്ലാ സംരംഭങ്ങളിലും കുഞ്ഞാമുസാഹിബ് നിറഞ്ഞു നിന്നിരുന്നു. കേരള ജമാഅത്തിനെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന്റെ വിയോഗം ഒരു വലിയ നഷ്ടമാണ്. അതു നികത്താൻ സർവ്വശക്തനായ അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ. അദ്ദേഹം സുബായി അമീറായിരുന്ന കാലഘട്ടത്തിൽ കേരള ജമാഅത്തിനു നേതൃത്വം കൊടുത്തുകൊണ്ട് ജമാഅത്തിനെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് ഓർമ്മയിൽ നിന്നും മായാത്തതാണ്. ദീർഘകാലം കോഴിക്കോട് അമീറായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ കൂടെ ചരമം പ്രാപിക്കുന്നതുവരെ നായിബ് അമീറായി ഞാൻ പ്രവർത്തിച്ചിരുന്നു. എല്ലാ കാര്യങ്ങളും കൂടിയാലോചിച്ചു ചെയ്യുക എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. സർവ്വശക്തനായ അല്ലാഹു പരേതന് പരലോകത്ത് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)



എ.പി. കുഞ്ഞാമുസാഹിബ്

# കുഞ്ഞാമു സാഹിബും ഓർമ്മകളും

അബ്ദുല്ലാ സുബൈർ

എന്റെ അമീർ സാഹിബ്, കുഞ്ഞാമു സാഹിബ് ഇനിയില്ല. അദ്ദേഹം നിര്യാതനായി. ആ അന്ത്യം വളരെ പെട്ടെന്നായിപ്പോയി. ദു:ഖഭാര വുമായി നിൽക്കുകയേ നിവൃത്തിയു ള്ളൂ. ഇനി നീട്ടാൻ കഴിയുന്നത് എന്റെ കൈകൾ മാത്രം, പ്രാർത്ഥന യ്ക്കായി.

എപ്പോഴാണ് ഈ വലിയ മനു ഷ്യനെ ഞാൻ ആദ്യമായി കണ്ടത്. നാലു പതിറ്റാണ്ടുകൾക്ക് അപ്പുറമാ ണെന്ന് നിശ്ചയം. പഴയങ്ങാടിയിലെ അഹ്മദിയ്യാ പള്ളിയിൽ വെച്ച്, അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശി ക്കുന്ന എല്ലാ മലയാളികളുടെയും ആദ്യത്തെ സന്ദർശനകേന്ദ്രം. പഴയ ങ്ങാടിക്ക് അങ്ങനെ ഒരു ബഹുമതി ഉണ്ടായിരുന്നു. എന്റെ കുട്ടിക്കാലം. എവിടെ ചെന്നാലും പഴയങ്ങാടിയിൽ നിന്നാണെന്ന് പറയുമ്പോൾ ആദര വോടെ അഹ്മദിയാണോ എന്ന് അന്വേഷിക്കുന്ന കാലം. പൂർവ്വിക രുടെ സുകൃതം. അവിടെയാണ് കുഞ്ഞാമു സാഹിബിനെ കാണു ന്നത്. യുവാവ്, പ്രേംനസറീനെ വെല്ലുന്ന പുരുഷ സൗന്ദര്യം, ആകാ രസൗഷ്ഠവം, ആകർഷകമായ കണ്ണു കൾ, മായാത്ത പുഞ്ചിരി, സൗമ്യഭാ വം, അഭ്രപാളിയിലേക്ക് അനായാസം പോകാവുന്ന ഈ യുവകോമളൻ എന്റെ ജമാഅത്തിലേക്കോ? പ്രഥമ ദർശനത്തിൽ തോന്നിയ ഈ എല്ലാ വികാരങ്ങളും എന്റെ മനസ്സിൽ അനു ഭൂതികളോടെ കുറിച്ചിട്ടിരിക്കുന്നു. ഇനി അതൊരു നൊമ്പരം മാത്രം.

വീണ്ടും കണ്ടുമുട്ടുന്നത് എവിടെ വെച്ചാണ്? പ്രൊഫ. മഹ്മൂദ് അഹ്മദും, ഡോ. ലത്തീഫും അന്നും ഇന്നും ഉറ്റകൂട്ടുകാർ. കോഴിക്കോട്ടെ കോളേജിലെ പഠനകാലം. ഞങ്ങൾ ക്ക് കോഴിക്കോട്ടെ പള്ളി നിറഞ്ഞു നിൽക്കുന്ന അനുഭവം, കുഞ്ഞാമു സാഹിബ് പള്ളിയിൽ ഉണ്ടാവു മ്പോൾ. അദ്ദേഹം ഞങ്ങളുടേതോ, ഞങ്ങൾ അദ്ദേഹത്തിന്റേതോ നോട്ട പ്പുള്ളികളാവുക, അറിയാതെ, അല ട്ടാതെ. ഒരു പേഴ്സണാലിറ്റി എഫക്ട്. അന്നദ്ദേഹം ജമാഅത്തിന്റെ വലിയ ഭാരവാഹി ഒന്നും അല്ലാതിരുന്നിട്ടും ആ തലയെടുപ്പ് ഒന്നുകൊണ്ടുമാത്രം ഞങ്ങൾ അദ്ദേഹത്തോട് കരുതി പെരുമാറിപ്പോന്നു.

പിന്നെ ഇടയ്ക്കിടെ കണ്ടുമുട്ടാ റുണ്ട്. അധികവും സൽക്കാരവേള കളിൽ. ഭക്ഷണപ്രിയനായ എനിക്ക് ഒരു കൂട്ടുകാരൻ. പലപ്പോഴും ഒരു തീൻമേശ തന്നെ പങ്കുവെച്ചു. സുഭി ക്ഷമായ ഭക്ഷണവും സരസമായ സംസാരവും. നർമ്മം കലരാത്ത ഒരൊറ്റ സന്ദർഭവും ഞങ്ങളുടെ കൂടിക്കാഴ്ചയിൽ എനിക്കോർമ്മയില്ല.

ജമാഅത്തിൽ പ്രശസ്തിയുടെ കൽപ്പടവുകൾ ഒരോന്നായി അദ്ദേഹം കയറിത്തുടങ്ങി. സ്വന്തം വ്യക്തിത്വം കൊണ്ടുമാത്രം ഒരു സമൂഹത്തിന്റെ നേതാവാകാൻ ഒരാൾക്ക് സാധി ക്കുമോ? സാധിക്കും എന്നത് ചരി ത്രത്തിന്റെ സാധനപാഠം. കുഞ്ഞാമു സാഹിബിനും അത് സാധിച്ചിട്ടുണ്ട്.

ഒരിക്കലദ്ദേഹത്തിന്റെ വീടു സന്ദർശിച്ചു ചായ കുടിക്കുമ്പോൾ എന്നോടദ്ദേഹം പറഞ്ഞു: ഞാനും എന്റെ രണ്ടുമക്കളും കൂടിയാണ് ഇവിടെ വ്യാപാരം നടത്തുന്നത്. അതിലൊരുവൻ വിദേശത്തോ മറ്റോ ജോലി തേടിപ്പോയാൽ ഈ വ്യാ പാരം മറ്റെ മകനെ ഏൽപിച്ചു കൊ ടുക്കാം. ഒരു മുഴുസമയ ജമാഅത്തു പ്രവർത്തകനായി എന്നെ സമർപ്പി ക്കാനാണെനിക്കാഗ്രഹം. ആ മുഖത്ത് നിഴലിച്ച എളിമയും, ആത്മാർത്ഥ തയും സമർപ്പണ സന്നദ്ധതയും എന്നിൽ ചലനം സൃഷ്ടിച്ചു. അല്ലാ ഹുവിന്റെ അനുഗ്രഹത്തോടെ വളരെ പെട്ടെന്നുതന്നെ അദ്ദേഹത്തിന്റെ ഒരു മകന് വിദേശത്ത് ജോലി ഏർപ്പെടു ത്താൻ എനിക്കു സാധിച്ചു. കുഞ്ഞാ മു സാഹിബ് ഉടനെ ജമാഅത്തിന്റെ മാത്രം സേവകനായി മാറി.

പെട്ടെന്നൊരുദിവസം കുഞ്ഞാ മുസാഹിബ് കേരളജമാഅത്തിന്റെ അമീർ ആകുന്നു. ഞാനയച്ച ഒരു റിപ്പോർട്ടിനെക്കുറിച്ച് ഹുസൂറിന് തോ ന്നിയ ഒരഭിപ്രായത്തിന്റെ പശ്ചാത്ത ലത്തിൽ അന്നത്തെ അമീറിന് സ്ഥാന ചലനം സംഭവിക്കുകയും കുഞ്ഞാമു സാഹിബിനെ അമീറാക്കി ഉയർത്തു കയും ചെയ്തു. എനിക്ക് ഒട്ടും നിരാ ശയുണ്ടായില്ല. കാരണം അരങ്ങേറി യത് ജമാഅത്തിന്റെ വിജയം വിളി ച്ചോതുന്ന സംഭവങ്ങളായിരുന്നു. സ്ഥാനമാറ്റം രണ്ടുപേരും നിമിഷ ങ്ങൾക്കകം സ്വീകരിച്ചു. ഒരു പ്രതി ഷേധത്തിന്റെയോ ഒരു ആഹ്ലാദത്തി ന്റെയോ കണികപോലും അവിടെ കണ്ടില്ല. അഹ്മദിയ്യാ ജമാഅത്തില ല്ലാതെ മറ്റേതെങ്കിലും പ്രസ്ഥാന ത്തിൽ ഇതു നടക്കുമോ? ഇല്ല. അല്ലാ ഹുവിന്റെ ജമാഅത്തിൽ മാത്രമേ ഈ ഔന്നത്യം കാണൂ.

അവിടെ നിന്നിങ്ങോട്ട് അമീർ എന്നാൽ കുഞ്ഞാമു സാഹിബ് എന്ന വിധത്തിൽ ആയി മാറുകയായിരുന്നു ശക്തി. സാമൂഹ്യസേവനത്തിന്

നേതൃത്വം കൊടുത്ത മനുഷ്യസ്നേഹി. ഇങ്ങനെ കുഞ്ഞാമു സാഹിബിന്റെ വ്യക്തിത്വം തെളിഞ്ഞുകൊണ്ടേയിരുന്നു.

ഞാനദ്ദേഹത്തോട് എപ്പോഴെങ്കിലും പരിഭവിച്ചിട്ടുണ്ടോ? ഉണ്ട്. പെരുന്നാൾ നിശ്ചയവുമായി ബന്ധപ്പെട്ട കാര്യത്തിൽ മാത്രം. തിരുനബിയുടെ സുന്നത്താണ് പെരുന്നാൾ ദിവസനിശ്ചയത്തിന്റെ ആധാരം. സുന്നി വിഭാഗങ്ങളിൽപ്പെടുന്ന (നാമടക്കം) എല്ലാവരും ചന്ദ്രനെ കാണുന്നതിന്റെ അടിസ്ഥാനത്തിലാണ് പെരുന്നാൾ കൊണ്ടാടുന്നത്. അപ്പോൾ ഭൂരിപക്ഷം പേരും നിശ്ചയിക്കുന്ന പെരുന്നാൾ ദിവസം തെറ്റാകുമോ? ശാസ്ത്രീയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചന്ദ്രൻ ദൃശ്യമാവില്ല എന്ന് വിലയിരുത്തപ്പെടുന്ന ഒരു ദിവസം എത്രയാൾ കണ്ടു എന്നു പറഞ്ഞാലും അത് മുഖവിലയ്ക്കെടുക്കാൻ പറ്റുമോ എന്നതായിരുന്നു ചിരിച്ചുകൊണ്ടുള്ള കുഞ്ഞാമു സാഹിബിന്റെ മറുചോദ്യം. മറ്റൊരിക്കൽ കൂടി ഒരു വിയോജിപ്പ് ഞാൻ പ്രകടിപ്പിക്കുകയുണ്ടായി. ഞങ്ങളിൽ ചില സഹോദരൻമാർ വ്യക്തിപരമായി നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളും അവർക്കിഷ്ടമുള്ളവർക്ക് സദഖാ കൊടുക്കുന്ന നടപടിയും നീരസത്തോടെ അദ്ദേഹം നിരീക്ഷിച്ചു. ആ ദാനദർമ്മങ്ങൾ ശരിയായിരുന്നുവെന്നും പ്രോത്സാഹിപ്പിക്കേണ്ടതാണെന്നുമായിരുന്നു എന്റെ നിലപാട്. അതുപോലും ജമാഅത്തിലൂടെ മാത്രം ചെയ്യണമെന്ന ആദർശമാണ് അദ്ദേഹം വെച്ചു പുലർത്തിയത്. ആ വിയോജിപ്പും തന്റെ സ്വതസിദ്ധമായ പുഞ്ചിരിയോടെയാണ് അദ്ദേഹം നേരിട്ടത്. വല്ലതും ചെയ്യുന്നുവെങ്കിൽ ജമാഅത്തിലൂടെ നിലവിലുള്ള സംവിധാനം വഴി ചെയ്യുന്നതാണ് ഭംഗി എന്നൊരുപദേശം.

ന്യൂനപക്ഷത്തിൽ ന്യൂനപക്ഷമായ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് കേരളത്തിൽ അതർഹിക്കുന്ന പരിഗണന സാമൂഹ്യ-സാമുദായിക - രാഷ്ട്രീയ രംഗങ്ങളിൽ ലഭിച്ചിട്ടില്ല. അഹ്മദികൾക്ക് അഭിമാനകരമായ അവസ്ഥ സമൂഹത്തിൽ ഉണ്ടാവണമെന്ന് ഞാൻ പലപ്പോഴും ആഗ്രഹിച്ചിരുന്നു. നമ്മുടെ സംസ്ഥാന അമീർ മറ്റു സമാന നേതാക്കന്മാരുടെ നിരയിൽ എണ്ണപ്പെടണം എന്ന് എനിക്ക് നിർബ്ബന്ധമുണ്ടായിരുന്നു. കുഞ്ഞാമു സാഹിബിന്റെ തലയെടുപ്പ് അതിനു വളരെ സഹായകമായിരുന്നു. കണ്ണൂരിന്റെ മുഖച്ഛായ തന്നെ മാറ്റിയ കണ്ണൂർ സിറ്റിസെന്റർ കോംപ്ലക്സിന്റെ തറക്കല്ലിടൽ ചടങ്ങിനും അതിന്റെ ഔദ്യോഗിക ഉദ്ഘാടനത്തിനും അമീർ സാഹിബിനെ ക്ഷണിച്ചുവരുത്തി മുഖ്യസ്ഥാനം നൽകി ആദരിച്ചപ്പോൾ അദ്ദേഹം മുഖ്യധാരയിലേക്ക് വരുന്നു എന്ന സംതൃപ്തി എനിക്കുണ്ടായിരുന്നു. പ്രൊഫ. മഹ്മൂദ് അഹ്മദിന്റെ 'സമയം വിഷൽസി'ലൂടെ കുഞ്ഞാമു സാഹിബിന്റെ സന്ദേശവും പെരുന്നാൾ ആശംസയും ടി.വി. മാധ്യമത്തിലൂടെ ലോകം മുഴുവൻ എത്തിച്ചപ്പോൾ അതു കേരള ജമാഅത്തിന് അഭിമാനമായി എനിക്ക് തോന്നി.

ഏ.പി. കുഞ്ഞാമുസാഹിബ്

ഏതാണ്ടൊരു വർഷത്തിന് മുമ്പ് അദ്ദേഹം എന്നെ കണ്ടപ്പോൾ ഒരു കാര്യം പറഞ്ഞു. ഒരു വാഗ്ദാനം ചെയ്യിപ്പിച്ചു. ഒരു പ്രോജക്ട് ഉണ്ടെന്നും അത് നിങ്ങൾ ചെയ്തുതരണമെന്നും പറഞ്ഞു. കാരണം, എനിക്ക് കഴിയുന്നതുമാത്രമേ ഇതുവരെ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. ഒടുവിൽ കാണുമ്പോഴൊക്കെ അദ്ദേഹമെന്നെ ഈ വാഗ്ദാനം ഓർമ്മിപ്പിക്കും. പക്ഷേ, ഒരിക്കലും അതെന്താണെന്ന് പറഞ്ഞിട്ടില്ല. എന്തോ ഒന്ന്, എനിക്കും അദ്ദേഹത്തിന്നുമിടയിൽ.....അജ്ഞേയമായ ആ രഹസ്യത്തിന്റെ ചുരുൾ ഇനി നിവരുന്ന പ്രശ്നമേ ഇല്ല. ആ ധന്യവ്യക്തിത്വത്തിന്റെ നഷ്ടം ഒരു ദുഃഖമായി മനസ്സിൽ ബാക്കിയാവുന്നു. ●

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

പ്രവർത്തകർക്ക് ഒരു ഊർജ്ജസ്രോതസ്സായി അദ്ദേഹം വർത്തിച്ചു.

നാസിം അൻസാറുല്ലാ എന്ന സ്ഥാനം വഹിക്കാനും കർമ്മ പരിപാടികൾ നടപ്പിലാക്കുവാനും അദ്ദേഹം നൽകിയ സഹകരണവും പ്രചോദനവും മനസ്സിൽ വിട്ടുമാറാതെ നിൽക്കുക തന്നെ ചെയ്യും. അദ്ദേഹത്തിന്റെ വേർപാട് ഒരു വലിയ ആഘാതമായിട്ടാണ് എനിക്ക് അനുഭവപ്പെട്ടത്. അദ്ദേഹത്തിന്റെ അവശേഷിപ്പായിട്ടുള്ള അനുകരണീയമായ കർമ്മമാതൃക നമുക്ക് മാർഗദർശനവും പ്രചോദനവുമായി നിൽക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പ്രവർത്തനത്തെ സ്വാലിഹായ അമലുകളായി സ്വീകരിക്കുമാറാകട്ടെ. അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ●

*(15 -ാം പേജിൽ നിന്ന് തുടർച്ച)*

എന്ന ഹാസ്യപദങ്ങളിലൂടെയായിരുന്നു. പരേതന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നൽകട്ടെ (ആമീൻ) യെന്ന് നമുക്ക് പ്രാർത്ഥിക്കാം. ●

**ആഹാരം കഴിക്കുമ്പോൾ വേലക്കാരനെ കൂടെയിരുത്തണം**

അബൂ ഹുറൈറയിൽ നിന്ന് നിവേദനം. തിരുമേനി അരുളി: നിങ്ങളിലാരുടെയെങ്കിലുമടുക്കൽ തന്റെ ഭൃത്യൻ ആഹാരവുമായി വരുമ്പോൾ, അവനെക്കൂടി തന്റെ കൂടെയിരുത്തി ഭക്ഷണം കഴിക്കുക. അതിന്നായില്ലെങ്കിൽ ഒന്നോ രണ്ടോ പിടി ഭക്ഷണം അവന്ന് നൽകുകയെങ്കിലും ചെയ്യട്ടെ. അദ്ധ്വാനിച്ച് അത് പാകം ചെയ്തത് അവനാണല്ലോ.

**(ബുഖാരി)**



എ.പി. കുഞ്ഞാമുസാഹിബ്

# കാലം നിശ്ശബ്ദമാക്കാത്ത പ്രാർത്ഥനാ സ്വരം

പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

കേരള അഹ്മദിയ്യാജമാഅത്തിന്റെ ശക്തി സ്തംഭമായിരുന്നു മർഹൂം ഏ. പി കുഞ്ഞാമു സാഹിബ്. വശ്യവശസ്സാർന്ന അദ്ദേഹത്തിന്റെ ദൃഢഗാത്രം ജമാഅത്തിന്റെ കരുത്തിന്റെ പ്രതീകമായിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടുകളിൽ വിരിഞ്ഞു നിന്ന പുഞ്ചിരി പ്രതീക്ഷയുടെ പാലൊളിയായിരുന്നു. മിതഭാഷിയായ അദ്ദേഹം പക്വതയുടെ ആൾരൂപമായിരുന്നു. കേരള അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിയുടെ ഔന്നത്യത്തിലെത്തിയതു മർഹൂം ഏ.പി. കുഞ്ഞാമു സാഹിബ് അമീർ ആയിരുന്ന ഘട്ടത്തിൽ ത്തന്നെയായിരുന്നു കോഴിക്കോട് കേന്ദ്രമാക്കിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം കേരളത്തിന്റെ എല്ലാ മേഖലകളിലും അഹ്മദിയ്യത്തിന്റെ വേരുകളായി പടർന്നു എന്നതും ശ്രദ്ധേയമാണ്.

ഒറ്റനോട്ടത്തിൽ ആരേയും ആകർഷിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മർഹൂം കുഞ്ഞാമു സാഹിബ്. ഇന്നലെയുടെ പിന്നാമ്പുറത്ത് തേജസ്സാർന്ന ചില ചിത്രങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. ബ്രണ്ണൻ കോളേജിലെ വിദ്യാർത്ഥിയായിരുന്ന അദ്ദേഹം കോളേജിലെ മികച്ച വോളിബോൾ താരമായിരുന്നു. മാതൃകാ വിദ്യാർത്ഥിയാവാനും അദ്ദേഹത്തിന് സാധിച്ചു. ക്ലാസ് മുറികളിലെ ഈ സുന്ദര പ്രതിഭയെക്കുറിച്ച് അദ്ദേഹത്തിന്റെ സഹപാഠികൾക്ക് വാതോരാതെ പറയാനുണ്ട്. കഴിഞ്ഞ കുറച്ച് നാളുകൾക്ക് മുമ്പ് കോഴിക്കോട്ടെ നബി കീർത്തന യോഗത്തിന് കോഴിക്കോട് സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന കേരളത്തിലെ പ്രഗത്ഭ ചരിത്രപണ്ഡിതനായ ഡോ. കെ. കെ. എൻ. കുറുപ്പിനെ ക്ഷണിക്കാൻ ചെന്നപ്പോൾ, അദ്ദേഹം തന്റെ സഹപാഠിയുടെ സ്വഭാവശുദ്ധിയേയും കഴിവിനേയും എടുത്തെടുത്തു പറഞ്ഞപ്പോൾ, ഞാൻ ആവേശഭരിതനായി. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ ജ്യോതിക്ക് സംസ്കാരത്തിന്റെയും മാനവികതയുടേയും കിരണങ്ങളുണ്ട് എന്ന അറിവ് അഭിമാനകരമായി. ജ: മർഹൂം ഏ. പി കുഞ്ഞാമു സാഹിബ് ജനനം കൊണ്ട് അഹ്മദിയ്യായിരുന്നില്ല. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരൻ ഏ. പി. അബുട്ടി സാഹിബും തങ്ങളുടെ യൗവ്വന കാലഘട്ടത്തിൽ ബൈഅത്ത് ചെയ്ത് അഹ്മദികളാവുകയാണുണ്ടായത്. സാധാരണ രീതിയിൽ അവരുടെ കുടുംബത്തിനകത്ത് പ്രക്ഷുബ്ധമായ കോളിളക്കം ഉണ്ടാക്കാവുന്ന ഒരു സംഭവമായിരുന്നു അത്. പക്ഷേ, അഹ്മദികളല്ലാത്ത അവരുടെ കുടുംബാംഗങ്ങൾ അവരോട് കാണിച്ച സഹവർത്തിത്വം ശാന്ത സാഗരത്തിലെ തരംഗമാലകൾ പോലെ നീലിനാദ്രമായിരുന്നു. എന്തുകൊണ്ടങ്ങനെ എന്ന് ആലോചിച്ചുപോയിട്ടുണ്ട്. ജമാഅത്ത് സ്വീകരിച്ച ഈ രണ്ടു സഹോദരന്മാർ സ്വഭാവ മഹിമയുടെ യശോധാവള്യമായിരുന്നു. നർമ്മ മധുരമായ അവരുടെ വാക്ധോരണി ആരുടേയും ഹൃദയത്തിൽ പൂനിലാവായി പെയ്യുമായിരുന്നു. കുഞ്ഞാമു സാഹിബിന്റെ കുടുംബാംഗങ്ങൾ അവരുടെ കുലീനമായ ജീവിതത്തിലെവിടെയും പ്രത്യക്ഷപ്പെടുത്തിയ ഹൃദയവിശാലതക്ക് ജമാഅത്തിൽ ചേർന്ന തങ്ങളുടെ സഹോദരന്മാരുടെ ജീവിത ശൈലികൂടി കാരണമായിത്തീർന്നിരിക്കണം.

കേരള അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ അമ്പതുവർഷക്കാലത്തെ ഗതിവിഗതികളിൽ മർഹൂം കുഞ്ഞാമുസാഹിബ് നിർണ്ണായകമായ പങ്കുവഹിച്ചു. സംസ്ഥാന ജമാഅത്തിന്റെ ജനറൽ സിക്രട്ടറിയായും അമീറായും കോഴിക്കോട് ജമാഅത്തിന്റെ അമീറായും ഒക്കെ അദ്ദേഹം പ്രവർത്തിച്ചു. മരിക്കുന്നതുവരെ അദ്ദേഹം കർമ്മനിരതനായിരുന്നു. ദശാബ്ദങ്ങളായി കേരളത്തിൽ ഏറ്റവും കൂടുതൽ അഹ്മദികളെ സംഭാവന ചെയ്തത് കോഴിക്കോട്ടായിരുന്നു. അവിടെ ജമാഅത്തിന്റെ അമരത്തിരുന്ന് അമീർ എന്ന നിലയിൽ കുഞ്ഞാമുസാഹിബ് ചെയ്ത



വഖ്ഫെനൗ കുട്ടികളുടെ കൂടെ

പ്രവർത്തനം ശ്ലാഘനീയമായിരുന്നു. കോഴിക്കോട് നഗരത്തിന്റെ ഹൃദയത്തിൽ ജമാഅത്തിന് മസ്ജിദും ആസ്ഥാനവും കണ്ടെത്തിയ കൂർമ്മബുദ്ധി അദ്ദേഹത്തിന്റേതായിരുന്നു. കേരളത്തിലുടനീളം ഐന്ദ്രജാലികമായി അഹ്മദിയ്യാ ജമാഅത്തിനുണ്ടായ അഭിവൃദ്ധിയുടെ കണക്കെടുപ്പിൽ ഏറ്റവും കൂടുതൽ വിള നൽകിയത് അദ്ദേഹം കരുപ്പിടിപ്പിച്ച പ്രചാരണതന്ത്രമായിരുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിന് അദ്ദേഹത്തിന്റെ ചുറ്റും ജ്വാലാമുഖികളുടെ ഒരു കർമ്മവലയം തന്നെ രൂപപ്പെട്ടിരുന്നു. ജനാബ് എം. എ. മുഹമ്മദ് സാഹിബ്, കെ.എം. അഹ്മദ് കോയ സാഹിബ്, കെ.വി. ഹസ്സൻ കോയ സാഹിബ്, പി.എം. അഹ്മദ് ഹസ്സൻ സാഹിബ്, എം.കെ. മൊയ്തുണ്ണി സാഹിബ് തുടങ്ങിയവർ അദ്ദേഹത്തിനു തുണയായിരുന്നു. അദ്ദേഹത്തെ നിഴൽ പോലെ പിന്തുടർന്നു സുഖത്തിലും ദുഃഖത്തിലും അദ്ദേഹത്തോടൊപ്പം നിന്നു ആത്മത്യാഗത്തോളമെത്തുന്ന അദ്ദേഹത്തിന്റെ ജീവിതപരിവേഷത്തിനു താങ്ങായി നിന്ന ബിച്ചിക്കോയട്ടി സാഹിബിനേയും ഞാൻ എന്റെ മനോമുകുരത്തിൽ കാണുന്നു. മർഹും ഡോക്ടർ മൻസൂർ അഹ്മദ് സാഹിബിനെത്തുടർന്ന് അമീറിന്റെ സേവനമുദ്ര ഏറ്റുവാങ്ങി അക്ഷീണമായ ശ്രമങ്ങളിലൂടെ സത്യവിശ്വാസത്തിന്റെ വിജയപതാക കൈയിലേന്തി മുന്നോട്ടുപോവുമ്പോൾ അദ്ദേഹത്തെ തങ്ങളുടെ നിസ്വനങ്ങളിൽ പോലും ചേർ ത്തുവെച്ച പരശ്ശതം അഹ്മദീ സഹോദരന്മാരേയും ഞാനീ സന്ദർഭത്തിൽ ഓർക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ജമാഅത്തിന്റെ തബ്ലീഗ് രംഗത്തു മാത്രമല്ല പ്രകടമായത്, മറിച്ച് മനുഷ്യസേവനമേഖലകളിൽ കൂടിയാണ്. അതുകൊണ്ടാണ് കേരളത്തിൽ ജമാഅത്തിന് നാലു സ്കൂളുകൾ സ്ഥാപിക്കാൻ സാദ്ധ്യമായത്. ജനാബ് ടി.കെ. മഹ്മൂദ് സാഹിബ് തന്റെ ഭാവനയിൽ നിന്ന് കരുപ്പിടിപ്പിച്ച വിദ്യാഭ്യാസ സങ്കല്പം അദ്ദേഹത്തിന് ധൈര്യം കൊടുത്തു. പലേടങ്ങളിൽ നിന്നുമുള്ള സംശയങ്ങൾക്കിടയിലും അതു ഒരു യാഥാർത്ഥ്യമാക്കാൻ കരുത്ത് നൽകിയത് മർഹൂം എ. പി. കുഞ്ഞാമുസാഹിബ് തന്നെയാണ്. അചഞ്ചലമായ അദ്ദേഹത്തിന്റെ വിശ്വാസസ്ഥൈര്യവും അടിപതറാത്ത അദ്ദേഹത്തിന്റെ കർമ്മധീരതയും ഒരിക്കലും പരാജയപ്പെടാത്ത അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന് നിത്യഹരിതമായ ഒരു ഭൂമിക സ്വന്തമായി നൽകി എന്ന് അഭിമാനത്തോടെ ഓർമ്മിക്കാവുന്നതാണ്. ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബ്, യു. മൻസൂർ സാഹിബ്, ബശീറുദ്ദീൻ സാഹിബ് (കരുനാഗപ്പള്ളി) തുടങ്ങിയവരും കുഞ്ഞാമുസാഹിബിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സേവനയജ്ഞനങ്ങൾക്ക് കരുത്തു പകരുകയുണ്ടായി.

അഹ്മദിയ്യാ ജമാഅത്തിനെ അത്യഗാധമായി സ്നേഹിക്കുകയും ജീവിതസമരത്തിന്റെ പരിക്കുകളേറ്റു തളരുകയും ചെയ്ത പരശ്ശതം അഹ്മദികൾക്ക് മർഹൂം

എ.പി. കുഞ്ഞാമുസാഹിബ്

കുഞ്ഞാമു സാഹിബ് ഒരാശ്വാസവും സാന്ത്വനവുമായിരുന്നു. അദ്ദേഹത്തിന്റെ മുന്നിലെത്തുമ്പോൾ ജീവിതയാത്രയിലെ ക്ഷീണം അവർ മറന്നിരുന്നു. നർമ്മമധുരമായ അദ്ദേഹത്തിന്റെ സമീപനം തങ്ങളുടെ ഏതു ദുഃഖത്തേയും മറക്കാൻ അവസരം നൽകുന്ന ഒരവസ്ഥ അവർക്ക് നൽകിയിരുന്നു. മനുഷ്യകാരുണികത്തിന്റെ ഈ അർത്ഥവ്യാപ്തിയിൽ സ്നേഹസാന്ദ്രമായ ഒരു കൂട്ടായ്മയായി ജമാഅത്തിന്റെ സമ്മേളനങ്ങൾ മാറി എന്നും ഞാൻ കരുതുന്നു.

'സത്യദൂതൻ' കണ്ണൂരിൽ നിന്നും കോഴിക്കോട്ടേക്ക് മാറ്റിയപ്പോൾ അതിന്റെ പ്രിന്ററായി നിൽക്കുകയും ജ: എ. എം. സലിം സാഹിബിനെ പത്രാധിപരായി നിർത്തി അഹ്മദിയ്യാ ജമാഅത്തിന്റെ ജിഹ്വയെ കൂടുതൽ അർത്ഥവത്തായും ഭംഗിയായും നടത്താൻ നേതൃത്വം നൽകുകയും ചെയ്തത് മർഹൂം കുഞ്ഞാമുസാഹിബ് തന്നെയാണ്. സ്വയം നല്ല വായനക്കാരനായ അദ്ദേഹം നല്ല എഴുത്തുകാരൻ കൂടിയായിരുന്നു. വാക്കുകളെ വളരെ സംയമനത്തോടെ ഉപയോഗപ്പെടുത്തിയ അദ്ദേഹം ചിന്തയുടെ നുറുങ്ങുവെട്ടങ്ങൾ പ്രശോഭിതമാക്കിയതു ഒരു കൗതുകക്കാഴ്ച തന്നെയാണ്.

ജ: മർഹും ഏ.പി. കുഞ്ഞാമു സാഹിബിന്റെ കീഴിൽ ഒരു സുദീർഘകാലം ജമാഅത്തിന്റെ പബ്ലിക്കേഷൻ സിക്രട്ടരിയായി ജോലി ചെയ്യാനുള്ള ഭാഗ്യം എനിക്ക് ലഭിക്കുകയുണ്ടായി. ജമാഅത്തിന്റെ 'പുസ്തകവസന്തം' എന്ന് ആ കാലയളവിനെ ഞാൻ വിശേഷിപ്പിക്കുമ്പോൾ അതിന്റെ ക്രഡിറ്റ് മുഴുവൻ ഞാൻ അദ്ദേഹത്തിന് സമർപ്പിക്കുകയാണ്. എന്നെ പ്രോത്സാഹിപ്പിക്കുകയും ഒഴിഞ്ഞ കയ്യുമായി നിൽക്കുന്ന അവസ്ഥയിൽ നിരവധി സഹോദരന്മാരെ സമീപിച്ച് പുസ്തകങ്ങൾക്ക് സാമ്പത്തിക സഹായം നേടിയെടുക്കാൻ എന്നെ പ്രേരിപ്പിക്കുകയുംചെയ്തത് അദ്ദേഹമാണ്. വി. ഖുർആൻ പരിഭാഷയുൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ അനുസ്യൂതമായി പ്രകാശനം ചെയ്യപ്പെട്ടപ്പോൾ പൂത്തുലഞ്ഞ ഒരു താഴ്‌വരയുടെ പ്രതീതി അഹ്മദിയ്യാ സാഹിത്യമേഖലക്ക് ലഭിച്ചു എന്നു തീർച്ചയായിരുന്നു. ഭൗതികവും ആത്മീയവുമായ എന്റെ എല്ലാ നേട്ടങ്ങളിലും അദ്ദേഹം നിറഞ്ഞ സന്തോഷത്തോടെ പങ്കുചേർന്നു. എനിക്ക് വിഷമമുള്ള സാഹചര്യങ്ങൾ ഉണ്ടായപ്പോൾ അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. എനിക്ക് വേണ്ടി ദുആ ചെയ്യുന്നുവെന്ന് പറഞ്ഞുകൊണ്ടേയിരുന്നു.

കുറച്ചു നാളുകൾക്കു മുമ്പ് കേരള അഹ്മദിയ്യാ ജമാ

*(ശേഷം 31-ാം പേജിൽ)*

ഏ.പി. കുഞ്ഞാമുസാഹിബ്

# എന്റെ ഗുരുനാഥൻ

**ഏ.ക്യു. മുസ്‌ലിം**

**(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി)**

**40** വർഷങ്ങൾക്കു മുൻപ് 1967ൽ അന്ന് എനിക്ക് പ്രായം 25 വയസ്സ്. കരുനാഗപ്പള്ളിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന സമ്മേളനം നടക്കുന്ന അവസരം. ഞാൻ ജമാഅത്തിന്റെ ഖായിദ്. അന്നത്തെ സംസ്ഥാന സമിതിക്ക് അഹ്മദിയ്യാ മുസ്‌ലിം സെൻട്രൽ കമ്മറ്റി എന്നാണ് പേര്. പ്രാദേശിക ജമാഅത്തുകൾ തിരഞ്ഞെടുത്തയക്കുന്ന അംഗങ്ങൾ സെൻട്രൽ കമ്മറ്റി ഭാരവാഹികളെ നിശ്ചയിക്കുന്നു. കേരളത്തിലെ ജമാഅത്തിന്റെ ആദ്യത്തെ അമീറായിരുന്ന പ്രഗൽഭനായ സിദ്ദീഖു അമീറലി സാഹിബ് അവർകളായിരുന്നു അന്നത്തെ സെൻട്രൽ കമ്മിറ്റി പ്രസിഡന്റ്. അദ്ദേഹവും മർഹൂം മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബും മറ്റും കരുനാഗപ്പള്ളിക്ക് വരുന്നു. ഒപ്പം നല്ല ഒത്ത ശരീരവടിവുള്ള സുമുഖനായ, ആകർഷകമായ വ്യക്തിത്വമുള്ള, ഹൃദ്യമായി പെരുമാറുന്ന ഒരാളും ഉണ്ടായിരുന്നു. അത് മറ്റാരുമായിരുന്നില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം സുബായി അമീറായിരുന്ന ജനാബ് ഏ.പി. കുഞ്ഞാമു സാഹിബായിരുന്നു. (ഏറ്റവും കൂടുതൽ കാലം സംസ്ഥാന ജനറൽ സെക്രട്ടരിയാകുവാനുള്ള ഭാഗ്യം എനിക്കുമായിരുന്നു). അന്ന് കുഞ്ഞാമു സാഹിബ് സംസ്ഥാന തബ്ലീഗ് സെക്രട്ടറിയായിരുന്നു. സംസ്ഥാന സമ്മേളനത്തിന്റെ ചുമതലക്കാരൻ അന്നൊക്കെ സമ്മേളനങ്ങളോടനുബന്ധിച്ച് വിപുലമായ തബ്ലീഗ് പരിപാടികൾ വിജയകരമായി സംഘടിപ്പിക്കാറുണ്ടായിരുന്നു. അന്നത്തെ പ്രസ്തുത തബ്ലീഗ് യജ്ഞത്തിന്റെ ചുമതലക്കാരനായി എന്നെ ഭരമേല്പിച്ചത് കുഞ്ഞാമു സാഹിബായിരുന്നു. എന്റെ 25 വർഷം നീണ്ടുനിന്ന സംസ്ഥാനാടിസ്ഥാനത്തിലുള്ള ജമാഅത്തിയായ പ്രവർത്തനത്തിന് അങ്ങനെ തുടക്കം കുറിക്കുന്നു. കാരണഭൂതൻ ജനാബ് ഏ. പി. കുഞ്ഞാമു സാഹിബ്, ജമാഅത്തിയായ പ്രവർത്തനത്തിലുള്ള എന്റെ ഗുരുനാഥൻ, എന്നെ കൈപിടിച്ചു രംഗത്തേക്കു കൊണ്ടുവന്നയാൾ എന്നുമെന്നും ഞാനദ്ദേഹത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. പെരിന്തൽമണ്ണ സംസ്ഥാന സമ്മേളനാവസരത്തിൽ അദ്ദേഹം എന്നെക്കുറിച്ചു പറഞ്ഞ വാക്കുകൾ ഞാൻ ഒരംഗീകാരമായി കണക്കാക്കുന്നു.

'67ലെ ഓപ്പറേഷൻ ട്രാവൻകൂർ എന്ന തബ്ലീഗ് പരിപാടിക്ക് വേണ്ട ഉപദേശനിർദ്ദേശങ്ങൾ തന്ന് ഊർജ്ജം പകർന്നു. അത് ഒരു വൻവിജയമായി കലാശിച്ചു. ഏറെ പുസ്തകങ്ങൾ വിറ്റഴിച്ചു. പുസ്തകങ്ങൾ തികയാതെ വന്നു. കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, മുതലായ സ്ഥലങ്ങളിലായിരുന്നു പ്രവർത്തനം. സംസ്ഥാന തബ്ലീഗ് സെക്രട്ടറി ജനാ: കുഞ്ഞാമു സാ ഹിബ് കോഴിക്കോട്ടായിരുന്നു. വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് അദ്ദേഹം ആവേശഭരിതനായി കോഴിക്കോട്ടു നിന്നും സ്വന്തം ജ്യേഷ്ഠസഹോദരൻ മർഹൂം ഏ.പി. അബൂട്ടി സാഹിബിനെ അഭിനന്ദനങ്ങളും, പ്രോൽസാഹനങ്ങളുമായി ഞങ്ങളുടെ അടുത്തേക്കയച്ചു ഉത്തേജനം നൽകി. കാലങ്ങൾ പിന്നിട്ട് സുബായി ഇമാറത്ത് സംജാതമായി. രണ്ടാമത്തെ അമീർ ഡോ. മൻസൂർ അഹ്മദ് സാഹിബ്. കുഞ്ഞാമു സാഹിബിനെ സംസ്ഥാന ജനറൽ സെക്രട്ടറിയായി നിയമിച്ചു. പ്രവർത്തന മേഖലയിൽ നിന്നും തൽക്കാലം വിരമിച്ചു നിന്ന എന്നെ വീണ്ടും പിടിച്ചു കൊണ്ടുവന്ന് സംസ്ഥാന തബ്ലീഗ് സെക്രട്ടറിയായി നിയമിച്ചു. കുഞ്ഞാമു സാഹിബിന്റെ സ്നേഹം നിറഞ്ഞ പ്രേരണയായിരുന്നു അതിനു കാരണം. അന്ന് കേരളത്തിൽ സാമുദായിക സ്പർദ്ധ കൊടുമ്പിരിക്കൊണ്ടിരുന്ന കാലമായിരുന്നു. ഞങ്ങൾ ഒരുമിച്ചു കാസർക്കോടു മുതൽ കരുനാഗപ്പള്ളി വരേയും, നിലമ്പൂർ മുതൽ തിരൂർ വരെയും ഓടിനടന്ന് മാനവ മൈത്രി സന്ദേശയാത്രകളും യോഗങ്ങളും വിജയകരമായി സംഘടിപ്പിച്ചത് ഏറെ അഭിനന്ദനങ്ങളും ശ്രദ്ധയും പിടിച്ചുപറ്റി. അക്കാലത്താണ് വയനാട് മേഖലയിൽ സജീവമായ പ്രവർത്തനങ്ങളാരംഭിച്ചത്.

കുഞ്ഞാമുസാഹിബ് സുബായി അമീറായി നിയോഗിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഭരണസമിതിയിൽ അംഗമായിരിക്കണമെന്ന് എന്നോടാവശ്യപ്പെട്ടത് സ്വീകരിക്കാൻ കഴിയാതെ വന്നതിൽ എനിക്ക് ഖേദമുണ്ട്. അദ്ദേഹം നല്ല നിലയിൽ ജമാഅത്തിൽ വളരെ സേവനങ്ങൾ അർപ്പിച്ചു.

ഇന്ന് അദ്ദേഹം നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ വിയോഗം എന്നെ വളരെ ദുഃഖിപ്പിക്കുന്നു. വിയോഗ വാർത്ത രാത്രി മൂന്നരമണിയോടെ അഹ്മദ് സഊദ് സാഹിബ് എന്നെ

എം.കെ. ഇമ്പിച്ചിക്കോയട്ടി

ഏ.പി. കുഞ്ഞാമുസാഹിബ്

# പ്രിയങ്കരനായ കുഞ്ഞാമുസാഹിബ്

നമുക്കെല്ലാം പ്രിയങ്കരനായ കുഞ്ഞാമുസാഹിബിനെ ഞാൻ ആദ്യമായി കണ്ടു പരിചയപ്പെടുന്നതു 1962-ൽ ആയിരുന്നു. അന്ന് അദ്ദേഹം ചെറുപ്പകാരനും സുമുഖനുമായ ഒരു യുവാവായിരുന്നു. അക്കാലത്ത് കോഴിക്കോട്ടെ രണ്ടു പ്രമുഖ സ്റ്റുഡിയോകൾ അവരുടെ പരസ്യത്തിനായി കുഞ്ഞാമുസാഹിബിന്റെ വലിയ ഫോട്ടോ സ്റ്റുഡിയോകൾക്ക് മുന്നിൽ ഫ്രെയിം ചെയ്തു കുറെക്കാലം പ്രദർശിപ്പിച്ചിരുന്നതായി ഞാനോർക്കുന്നു. തലശ്ശേരി പുന്നോൽ പ്രദേശത്ത് ആലമ്പത്ത് പുത്തൻപുരയിലായിരുന്നു തറവാട്. ബിസിനസ്സ് ആവശ്യാർത്ഥം കോഴിക്കോട്ട് വരികയും 1958-ൽ കോഴിക്കോട് കോർട്ട് റോഡിൽ ചായപ്പൊടി ബിസിനസ്സ് ആരംഭിക്കുകയും ചെയ്തു. പിന്നീട് ബിസിനസ്സ് വിപുലീകരിച്ച് അദ്ദേഹം ഫറോക്കിലേക്ക് മാറുകയാണുണ്ടായത്.

1963-ൽ ഞാൻ ബൈഅത്ത് ചെയ്തിട്ടില്ലാത്ത അവസരത്തിൽ കൊടിയത്തൂരിൽ വച്ച് നടന്ന സംസ്ഥാന അഹ്മദിയ്യാ മുസ്‌ലിം സമ്മേളനത്തിന് പോയ സന്ദർഭത്തിലാണ് അദ്ദേഹവുമായി കൂടുതൽ അടുക്കാൻ സാധിച്ചത്. പിന്നീട് ഞാൻ ജമാഅത്തുമായി കൂടുതൽ അടുത്തു വരുന്തോറും കുഞ്ഞാമു സാഹിബുമായിട്ടുള്ള ബന്ധവും കൂടുതൽ വളർന്നു വലുതായി. 1964-ൽ ഞാൻ ബൈഅത്ത് ചെയ്തു. ബൈഅത്തിനു ശേഷം അഹ്മദിയ്യാ ജമാഅത്തിനെപ്പറ്റി ആഴത്തിൽ മനസ്സിലാക്കി തരുവാൻ മൗലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്. എ. അവർകളുടെ കൂടെയുള്ള ഏകദേശം 5 കൊല്ലത്തെ ജീവിതം എനിക്ക് ധാരാളം ഉപകരിക്കുകയുണ്ടായി. എന്നാൽ ബഹുമാനം കാരണം വലിയ മൗലവി സാഹിബ് ആയ അബ്ദുല്ലാ സാഹിബിനോട് ചോദിക്കുവാൻ മടിക്കുന്ന പല സംശയങ്ങളും പ്രിയങ്കരനായ കുഞ്ഞാമു സാഹിബിനോടായിരുന്നു ചോദിക്കാറുണ്ടായിരുന്നത്. കാരണം തബ്‌ലീഗിൽ അദ്ദേഹത്തിന് പ്രത്യേകം അഭിരുചിയുണ്ടായിരുന്നു. അദ്ദേഹത്തെ സഹായിക്കുവാനും അതോടൊപ്പം തബ്‌ലീഗ് ചെയ്യുവാനും സഹോദരൻ ഏ.പി. അബൂട്ടി സാഹിബ് മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു.

അക്കാലത്തു തന്നെ അദ്ദേഹം അബ്ദുല്ലാ സാഹിബിനെപ്പോലെ വളരെ ശാന്തസ്വഭാവക്കാരനും പുഞ്ചിരിയോടെ സംസാരിക്കുന്ന ആളും ആയിരുന്നു. സൂറ അൽ-കഹ്ഫ്, അൽ-ലഹബ് തുടങ്ങി പല സൂറത്തുകളെക്കുറിച്ചുമുള്ള ഖലീഫത്തുൽ മസീഹ് സ്സാനി (റ)യുടെ ഇംഗ്ലീഷിലുള്ള തഫ്സീർ അദ്ദേഹത്തെ വളരെ സ്വാധീനിച്ചു. അതിനെ അധികരിച്ച് അദ്ദേഹം ക്ലാസ് നടത്തിയിരുന്നു. വളരെ ലളിതമായിരുന്നു ക്ലാസ്. ഞാൻ ഒരു ശ്രോതാവായത് കാരണം എനിക്ക് അദ്ദേഹവുമായി കുറേക്കൂടി അടുക്കുവാൻ കഴിഞ്ഞു. തുടർന്നുള്ള കാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തന രംഗം സംഭവബഹുലമായിരുന്നു. കോഴിക്കോടു ജമാഅത്തിന്റെ പ്രസിഡണ്ട്, ഖായിദ്, തബ്‌ലീഗ് സിക്രട്ടരി, തർബിയ്യത്ത് സിക്രട്ടരി, ഉമൂർ ആമ, ഖാസി തുടങ്ങിയ പദവികൾക്കു പുറമെ അഹ്മദിയ്യാ മുസ്‌ലിം ജമാ

അറിയിച്ചു. എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. പിന്നീട് എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾത്തന്നെ വളരെയധികം പേരെ എസ്.എം.എസ്. മുഖേന ഞാൻ വിവരം അറിയിച്ചു. യാത്രകൾ പരമാവധി ഒഴിവാക്കിയിരിക്കുന്ന ഞാൻ നല്ല സുഖമില്ലാതിരുന്നിട്ടും സ്വയം ഡ്രൈവ് ചെയ്ത് മഞ്ചേരി വരെ എത്തി. അവിടെ നിന്നും എന്റെ സുഹൃത്ത് വലീദിനേയും കൂട്ടി അദ്ദേഹത്തിന്റെ വാഹനത്തിൽ കോഴിക്കോട്ടേക്കു പുറപ്പെട്ടു. റെയിൽവേ സ്റ്റേഷനിൽ നിന്നും സിദ്ദീഖ് അശ്റഫലി സാഹിബും ഞങ്ങളോടൊപ്പം ചേർന്നു. മയ്യത്ത് കാണുന്നതിനായി ഞങ്ങൾ നടക്കാവിലെത്തി. ശീതീകരിച്ച പെട്ടിയിൽ മരിച്ചു കിടക്കുന്ന അദ്ദേഹം സുഖമായ ഗാഢനിദ്രയിലാണെന്ന് എനിക്ക് തോന്നി. അദ്ദേഹം മരിച്ചിട്ടില്ല. അദ്ദേഹത്തെക്കുറിച്ചുള്ള നല്ല നല്ല ഓർമ്മകൾ നമ്മിലിന്നും മായാതെ അവശേഷിക്കുന്നു. അല്ലാഹുത്തആല അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉയർന്ന സ്ഥാനം നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ വിയോഗം മൂലം ജമാഅത്തിലുണ്ടായ വിടവ് അല്ലാഹു നികത്തിത്തരട്ടെ. കുടുംബാംഗങ്ങൾക്ക് സബൂർ നൽകുമാറാകട്ടെ. ●

എ.പി. കുഞ്ഞാമുസാഹിബ്

അത്ത് സംസ്ഥാന സമിതി തബ്ലീഗ് സിക്രട്ടരി, ജനറൽ സിക്രട്ടരി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു – സുബായ് ഇമാറത്ത് നിലവിൽ വന്നപ്പോൾ സിദ്ധീഖ് അമീറലി സാഹിബിന്നും ഡോ. ബി. മൻസൂർ അഹ്മദ് സാഹിബിനും ശേഷം നീണ്ട 12 വർഷം കേരള അമീറും ചരമം പ്രാപിക്കുന്നതുവരെ കോഴിക്കോട് മേഖലാ അമീറും ഫസ്ലെ ഉമർ എജുക്കേഷണൽ ട്രസ്റ്റ് ചെയർമാനും, സത്യദൂതൻ മാസികയുടെ പബ്ലിഷറും കേന്ദ്രം നിശ്ചയിച്ച കേരള ഹിലാൽ കമ്മിറ്റി ചെയർമാനും മിനാരത്ത് ഇംഗ്ലീഷ് മാസികയുടെ പബ്ലിഷറുമായിരുന്നു. കേരളാ ജമാഅത്തുകൾക്ക് നേതൃത്വം കൊടുത്തു കൊണ്ട് വാഗ്ദത്ത മസീഹി(അ)നെത്തുടർന്നുള്ള ഖിലാഫത്തിന്റെ ഗൗരവവും പ്രാധാന്യവും നിസാമിനോടുള്ള അച്ചടക്കത്തിന്റെ പ്രാധാന്യവും ജമാഅത്തുകളെ ഉദ്ബുദ്ധരാക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ഒരു യഥാർത്ഥ വിശ്വാസിക്ക് ഒരിക്കലും മറക്കാനാവാത്തതാണ്.

35 വർഷക്കാലമായി അദ്ദേഹം കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ട്, അമീർ എന്നീ നിലകളിൽ ജമാഅത്തിനു വേണ്ടി ചെയ്ത നിസ്വാർത്ഥമായ സേവനം കാരണം കിട്ടിയ ഈ അംഗീകാരങ്ങൾ എല്ലാം തന്നെ അദ്ദേഹം അർഹിക്കുന്നതായിരുന്നു. വ്യക്തി ജീവിതത്തിൽ വിനയം, എളിമ, സൗമ്യശീലം, പക്വത, ഭയഭക്തി ഒപ്പം തന്നെ ആവശ്യം വരുമ്പോൾ ഗൗരവഭാവം എന്നിവ കൂടിച്ചേർന്നതായിരുന്നു മർഹൂം കുഞ്ഞാമു സാഹിബ്.

20 വർഷത്തിലധികമായി അദ്ദേഹം സ്വന്തം ബിസിനസ്സിൽ നിന്നു വിരമിച്ച് ജമാഅത്തിന്റെ ജോലിയിൽ മാത്രം വ്യാപൃതനായിരുന്നു. അദ്ദേഹത്തിന് പണത്തിനോടും സ്വത്തിനോടും അതേപോലെ ഭൗതികമായ മറ്റൊന്നിനോടും അത്യാഗ്രഹം ഉള്ളതായതായി എനിക്ക് ഒരു അവസരത്തിലും തോന്നിയിട്ടില്ല. ഉള്ളത് കൊണ്ടു തൃപ്തിപ്പെട്ടു സമ്പന്നനായി കഴിയുകയായിരുന്നു അദ്ദേഹം. അതേപോലെ അദ്ദേഹം സംസ്കാര സമ്പന്നനുമായിരുന്നു. വളരെ മാന്യമായ രീതിയിലായിരുന്നു എല്ലാ രംഗങ്ങളിലും അദ്ദേഹത്തിന്റെ പെരുമാറ്റം. സുബായ് അമീറെന്ന നിലയിൽ പല പ്രധാനമായ കേസുകളിലും തീരുമാനമെടുക്കുമ്പോൾ ഇരുകക്ഷികളുടെയും പരാതികൾ ശ്രദ്ധാപൂർവ്വം കേട്ടു കാര്യങ്ങൾ മനസ്സിലാക്കി വളരെ മനശ്ശാസ്ത്രപരമായിട്ടായിരുന്നു അദ്ദേഹം തീരുമാനമെടുക്കാറുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ തീരുമാനത്തിൽ ഒരിക്കലും നീതിരാഹിത്യം അനുഭവപ്പെട്ടിരുന്നില്ല. കാരണം, ആലോചിച്ചും ചിന്തിച്ചുമാണ് അദ്ദേഹം തീരുമാനങ്ങളെടുക്കാറ്. അത് ശരിയും ആയിരിക്കും. 45 വർഷത്തെ അദ്ദേഹത്തിന്റെ കൂടെയുള്ള സഹവാസത്തിൽ എനിക്കുണ്ടായ അനുഭവം അതായിരുന്നു.

അദ്ദേഹത്തിന്റെ കൂടെ സഹപ്രവർത്തകരായ മുബല്ലിഗീങ്ങളോടും മുഅല്ലിമീങ്ങളോടും അദ്ദേഹത്തിന്റെ പെരുമാറ്റ രീതി വളരെ മാതൃകാപരമായിരുന്നു.

ഒരിക്കൽ നാസിർ സാഹിബ് (ഇസ്ലാഹോ ഇർഷാദ്) അമീർ സാഹിബിനോടു, ജമാഅത്തിന്റെ ആവശ്യങ്ങൾക്കായി കേരളം മുഴുവൻ യാത്ര ചെയ്യേണ്ടതിനു വാഹനം ആവശ്യമായതിനാൽ കേന്ദ്രത്തിലേക്ക് അപേക്ഷ കൊടുക്കുവാൻ ഓർമിപ്പിച്ചപ്പോൾ, അദ്ദേഹത്തോടു നന്ദി പറഞ്ഞുകൊണ്ട് പറഞ്ഞു: “എനിക്കിപ്പോൾ വാഹനം ആവശ്യമില്ല, എങ്കിലും അടുത്തു വരുന്ന അമീറിന് വാഹനം നൽകുന്നത് നന്നായിരിക്കും”.

ജമാഅത്തംഗങ്ങളുടെ വിവാഹം, മസ്ജിദുകളുടെ നിർമ്മാണം, സത്യദൂതൻ വരിക്കാരെ ചേർക്കൽ മുതലായ പരിപാടികൾക്കായി വീടുകൾ തോറും അദ്ദേഹം സഞ്ചരിച്ചിരുന്നു. അതുപോലെ കുടുംബയോഗങ്ങൾ സംഘടിപ്പിച്ചു തഹജ്ജുദ് നിസ്കാരത്തെപ്പറ്റി അദ്ദേഹം ബോധവത്ക്കരണം നടത്തിയിരുന്നു. അദ്ദേഹം ഒരു തികഞ്ഞ ഭക്തനായിരുന്നു. അല്ലാഹുവിലുള്ള വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് ദുആയിൽ മുഴുകുന്ന സ്വഭാവക്കാരനായിരുന്നു. അതേപോലെ സ്ഥിരമായി മണിക്കൂറുകളോളം തഹജ്ജുദ് നിസ്കാരത്തിനായി ചെലവഴിക്കുമായിരുന്നു. കുടുംബാംഗങ്ങളെ തഹജ്ജ്ദ് നിസ്കരിയ്ക്കുന്നതിനായി നിഷ്കർഷിക്കുമായിരുന്നു. എല്ലാ രംഗങ്ങളിലും തഖ്വയായിരുന്നു അദ്ദേഹത്തിന്റെ മാനദണ്ഡം.ഒരാളെ സ്നേഹിക്കുന്ന തും വെറുക്കുന്നതും അല്ലാഹുവിനു വേണ്ടിയായിരിക്കണം എന്നദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ കീഴിലുള്ള ശാഖാ സംഘടനകൾ ഏതൊരു പ്രോഗ്രാം അദ്ദേഹത്തിന്റെ മുമ്പിൽ വെക്കുകയാണെങ്കിലും അവരെ പ്രോത്സാഹിപ്പിക്കുകയല്ലാതെ ഒന്നിനും യാതൊരു വിധത്തിലും തടസ്സം പറഞ്ഞിരുന്നില്ല. അവർക്കെല്ലാം തന്നെ അവരുടെ പരിപാടികളുമായി മുന്നോട്ട് പോകാൻ എളുപ്പമാർഗ്ഗം ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തെ അടുത്തറിഞ്ഞവർക്ക് അദ്ദേഹത്തെക്കുറിച്ചുള്ള ആ നല്ല സ്മരണകൾ ഹൃദയത്തിൽ നിന്നും മായുകയില്ല.

കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിന്റെ നിർമ്മാണത്തിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതായിരുന്നു. 1981-ൽ പുതിയ പള്ളി നിർമ്മാണത്തിന് വിപുലമായൊരു കമ്മിറ്റി അന്ന് ദാറുസ്സലാമിൽ വച്ച് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അതിന്റെ ഭാരവാഹികളായി പ്രിയങ്കരനായ കുഞ്ഞാമു സാഹിബിനെ ചെയർമാനായും സിക്രട്ടരിയായി ഈ വിനീതനേയും ട്രഷറായി മർഹൂം എം.എം. കോയ സാഹിബിനെയും ഐകകണ്ഠ്യേന തിരഞ്ഞെടുക്കുകയുണ്ടായി. ജമാഅത്ത്

സാമ്പത്തികമായി വളരെ പ്രയാസം അനുഭവിക്കുന്നതിനാൽ ഫണ്ടിനായി സ്ത്രീകളോട് ആഭരണം വാങ്ങുവാൻ കമ്മിറ്റി തീരുമാനമെടുത്തപ്പോൾ ആദ്യമായി അദ്ദേഹത്തിന്റെ ഭാര്യാമക്കളിൽ നിന്ന് നല്ല ഒരു തുകക്കുള്ള ആഭരണം വാങ്ങിത്തന്ന് പരിപാടി ഉദ്ഘാടനം ചെയ്തത് അദ്ദേഹത്തിന്റെ മീഞ്ചന്തയിലുള്ള വീട്ടിൽ വച്ചായിരുന്നു. 1986ൽ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുമ്പോൾ ഒന്നാം നില മാത്രമാണ് പൂർത്തിയാക്കുവാൻ സാധിച്ചത്. രണ്ടര വർഷങ്ങൾക്ക് ശേഷം മുകളിലത്തെ നിലയുടെ നിർമ്മാണം ആരംഭിക്കുവാൻ സിക്രട്ടരിയെന്ന നിലയിൽ എന്നെ അദ്ദേഹം വളരെയധികം പ്രോത്സാഹിപ്പിക്കുകയുണ്ടായി. സൂബായ് അമീറായി അദ്ദേഹം പ്രവർത്തിക്കുമ്പോൾ ദീർഘകാലം അദ്ദേഹത്തിന്റെ സിക്രട്ടരിയായി പ്രവർത്തിക്കുവാനും കൂടെ ജമാഅത്ത് ആവശ്യങ്ങൾക്കായി ധാരാളം യാത്ര ചെയ്യുവാനും കേരളത്തിലെ മിക്ക ജമാഅത്തുകളും സന്ദർശിക്കുവാനും അദ്ദേഹത്തിനു വേണ്ടി എളിയനിലയിൽ ഖിദ്മത്ത് ചെയ്യുവാനും എല്ലായിടങ്ങളിലും ഒരു നിഴലെന്നോളം അനുഗമിക്കാനും സാധിച്ചത് എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരനുഭവവും ഭാഗ്യവുമായി ഞാൻ കരുതുന്നു. അദ്ദേഹം എനിക്ക് പിതൃതുല്യനും ഞങ്ങൾ പരസ്പരം ആത്മസുഹൃത്തുക്കളുമായിരുന്നു. കേരളത്തിൽ പത്തോളം ജമാഅത്തുകൾ അദ്ദേഹത്തിന്റെ കാലത്ത് പുതുതായി രൂപീകരിച്ചിരുന്നു. കൂടാതെ കേരളത്തിൽ പുതുതായി പല സ്ഥലങ്ങളിലും ഭൂമി വാങ്ങുവാനും മിഷൻ ഹൗസുകൾ സ്ഥാപിക്കുവാനും മസ്ജിദുകൾ നിർമ്മിക്കുവാനും അദ്ദേഹം മുൻകൈ എടുക്കുകയുണ്ടായി. കോയമ്പത്തൂർ കേരളത്തിന്റെ കീഴിലായിരുന്നപ്പോൾ പ്രസിഡന്റ് നൂറുൽ അമീൻ സാഹിബിന്റെ വീട്ടിൽ വച്ചായിരുന്നു നിസ്കാരം നടന്നിരുന്നത്. അവിടെയും ഇന്ന് നിലവിലുള്ള പള്ളിയുടെ സ്ഥലം വാങ്ങുവാനും മറ്റുമായി അദ്ദേഹം കോയമ്പത്തൂരിൽ പോയി പ്രസിഡണ്ട് സാഹിബിന്റെ കൂടെ മുൻനിരയിലുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹവുമായി അടുത്ത് പരിചയപ്പെടുന്നൊരാൾക്ക് അദ്ദേഹത്തിന്റെ സ്നേഹത്തോടു കൂടിയുള്ള പെരുമാറ്റവും പക്വതയോടെയുള്ള സംസാരവും വിനയഭാവവും മറക്കാൻ കഴിയില്ല. കേരളത്തിലെ നാലു സ്കൂളുകൾ നന്നായി നടക്കുന്നതിനും വലിയൊരാസ്തി സ്കൂളിനുണ്ടാക്കുന്നതിലും അദ്ദേഹം വഹിച്ച പങ്ക് എന്നും സ്മരിക്കപ്പെടുന്നതാണ്. തബ്ലീഗ് എത്തിക്കുന്നതിലും പ്രത്യേകിച്ച് സെന്റിനറി കാലഘട്ടത്തിൽ കേരളത്തിലെ 10% ജനങ്ങൾക്ക് സന്ദേശം എത്തിക്കുന്നതിലും ഖലീഫ തിരുമനസ്സിന്റെ കല്പന നടപ്പിൽ വരുത്തുന്നതിലും സാമ്പത്തിക രംഗത്തും കേരളത്തിന് കേന്ദ്രത്തിന്റെയടുക്കൽ പ്രശസ്തിയുണ്ടാക്കിയതും അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു. അദ്ദേഹം സുബായ് - അമീറായിരുന്ന കാലഘട്ടത്തിൽ കേരളത്തിലെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ഇതര മുസ്ലിംസംഘടനകൾക്ക് അസൂയ തോന്നിപ്പിക്കുമാറ് വ്യവസ്ഥാപിതമായി നടത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിന്ന് സാധിച്ചിരുന്നു. ഖലീഫാ തിരുമനസ്സ് ആഗ്രഹിക്കുംവിധം ജമാഅത്തിന്റെ ഗൗരവവും പ്രാധാന്യവും ജമാഅത്ത് അംഗങ്ങളെ ഉൽബുദ്ധരാക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം ഒരു നല്ല പ്രാസംഗികനായിരുന്നു. പ്രസംഗത്തിൽ സദസ്സിന്റെ മനഃശാസ്ത്രം മനസ്സിലാക്കി സന്ദർഭോചിതം അദ്ദേഹം സംസാരിക്കുമായിരുന്നു. സത്യദൂതനിൽ അവസാനമായി അദ്ദേഹമെഴുതിയ "നമ്മുടെ വിയോജിപ്പുകൾ" അഹ്മദിയ്യത്തിനെപ്പറ്റി പഠിക്കുവാനും മനസ്സിലാക്കുവാനും ആഗ്രഹിക്കുന്നവർക്ക് വളരെ ഉപകാരപ്രദമായ ഒരു ലേഖനപരമ്പരയായിരുന്നു. അവ വായിച്ച ധാരാളം വായനക്കാർ ലേഖനത്തെ അഭിനന്ദിച്ചുകൊണ്ട് 'സത്യദൂത'ന് എഴുതുമായിരുന്നു.

എ.പി. കുഞ്ഞാമുസാഹിബ്

വിശുദ്ധ ഖുർആനുമായി അദ്ദേഹത്തിനു വളരെ അടുപ്പമുണ്ടായിരുന്നു. അതിലെ ഓരോ ആയത്തിനും മസീഹ് മൗഊദും (അ) ഖലീഫസ്സാനിയും(റ) നൽകിയ വ്യാഖ്യാനങ്ങൾ പറഞ്ഞു തന്ന് അതിൽ അദ്ദേഹം ആനന്ദിക്കുമായിരുന്നു. മസീഹ് മൗഊദി (അ)നെ അല്ലാഹു ഇക്കാലത്ത് അയച്ചിട്ടില്ലായിരുന്നെങ്കിൽ ഇസ്ലാമിന്റെ സുന്ദരമുഖം മനസ്സിലാക്കുവാൻ വളരെ പ്രയാസകരമാകുമായിരുന്നു എന്ന് അദ്ദേഹം എപ്പോഴും ഉണർത്തിക്കാറുണ്ടായിരുന്നു. എല്ലാറ്റിലുമുപരി ഖിലാഫത്തിനോട് അദ്ദേഹത്തിന് അതിരറ്റ ബഹുമാനവും അനുസരണവുമായിരുന്നു. അതു തന്നെയാണ് അദ്ദേഹത്തെ ജമാഅത്തിന്റെ ഉന്നതങ്ങളിൽ എത്തിക്കുവാൻ കാരണമായത്. നിസാമെ ജമാഅത്തിന്റെ കാര്യത്തിൽ അച്ചടക്കത്തെപ്പറ്റി അദ്ദേഹം എപ്പോഴും ആവേശത്തിൽ പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുമായിരുന്നു. സാധുക്കളെ സഹായിക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദുആ



എ.പി. കുഞ്ഞാമുസാഹിബ്

യിൽ വളരെ ശ്രദ്ധിക്കുമായിരുന്നു. വളരെയടുത്ത സുഹൃത്തുക്കൾ ദുആക്ക് അപേക്ഷിച്ചാൽ അവർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം ദുആ ചെയ്യുന്നതോടൊപ്പം ആ കാര്യം എവിടെവരെയെത്തി എന്നന്വേഷിക്കുവാൻ മറക്കാറില്ല. അതേപോലെ അദ്ദേഹം ഒരു നല്ല വായനാശീലമുള്ള ആളായിരുന്നു. അതുകൊണ്ടുതന്നെ പലതിനെക്കുറിച്ചും നല്ല അറിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തർബിയത്ത് ക്ലാസ്സ് കേൾക്കുന്നവർക്ക് വളരെ ലളിതമായി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സ്വന്തം കുടുംബത്തോടും തന്റെ മക്കളോടും പേരക്കുട്ടികളോടും അദ്ദേഹം ദ്വേഷ്യപ്പെടുന്നത് ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് തന്നെയായിരിക്കും മക്കൾക്കും പേരക്കുട്ടികൾക്കും അമീർ സാഹിബിനോട് അതിരറ്റ ബഹുമാനവും സ്നേഹവുമുണ്ടായിരുന്നത്. 'സത്യദൂത'ന്റെ വളർച്ചയിൽ അദ്ദേഹം വളരെയധികം താത്പര്യം എടുക്കാറുണ്ടായിരുന്നു. അതിന്റെ സാമ്പത്തികമായ പരാധീനതകൾ പരിഹരിച്ചു തരുന്നതിൽ മുൻകൈയെടുത്ത് പ്രവർത്തിക്കുകയും നിരന്തരമായി അന്വേഷിക്കുകയും വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. അദ്ദേഹം വഫാത്താകുന്നതിന് തലേദിവസം അദ്ദേഹത്തിന്റെ ഒരു പഴയ സ്നേഹിതനായ കെ. മുഹമ്മദ് കോയ സാഹിബിന്റെ ജനാസയിൽ അദ്ദേഹം പങ്കെടുക്കുകയു ണ്ടായി. കെ. മുഹമ്മദ്കോയ സാഹിബ് മരിക്കുന്നതിന് തലേ ദിവസം അദ്ദേഹത്തിന്റെ വസതിയിൽ അദ്ദേഹവുമായി ഏകദേശം 45 മിനുറ്റോളം പഴയ കാലത്തെ തമാശകൾ പറഞ്ഞും ചിരിച്ചും സംസാരിക്കുകയുണ്ടായി. അതുപോലെ വഫാത്താകുന്നതിന്റെ തലേ ദിവസം ബൈത്തുൽ ഖുദ്ദൂസിൽ വരുകയും ജുമായിൽ പങ്കെടുക്കുകയും പല സിക്രട്ടരിമാരുമായി ഔദ്യോഗികകാര്യങ്ങൾ സം സാരിക്കുകയും ഫയൽ ഒപ്പിടുകയും ചെയ്തിരുന്നു. മൂസിയായ അദ്ദേഹം ഡിസംബർ മാസത്തെ ചന്ദ മാൽ സിക്രട്ടരിയെ ഏൽപ്പിക്കുവാനും മറന്നിരുന്നില്ല. അന്നേ ദിവസം അദ്ദേഹത്തെ നാഷനൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും പിറ്റേന്ന് ശനിയാഴ്ച രാവിലെ വിദഗ്ധ പരിശോധനകൾക്കായി ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് മാറ്റുകയുമാണുണ്ടായത്. അന്ന് അർദ്ധരാത്രി കഴിഞ്ഞ് 2.25നാണ് അമീർ സാഹിബ് നമ്മെ വിട്ടുപിരിഞ്ഞത്. മൂന്ന് ദിവസം മുമ്പ് ബുധനാഴ്ച രാത്രി രണ്ടര മണിക്ക് ഈ വിനീതന്റെ ഫയൽ മുഴുവൻ നഷ്ടപ്പെട്ടതായി സ്വപ്നം കാണുകയുണ്ടായി. എല്ലാം നഷ്ടപ്പെട്ട നിലയിലും ഒന്നും ബാക്കിയില്ലാതെയും ഉള്ള നിലയിലായിരുന്നു സ്വപ്നം. അന്നു രാത്രി തന്നെ ഞാൻ കുറേ നേരം ദുആ ചെയ്യുകയും സ്വപ്നം വീട്ടുകാരോട് പറയുകയും ദുആ ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാത്ത ഒരു അവസരത്തിലായിരുന്നു ഈ സ്വപ്നം. പിന്നീട് ഇങ്ങനെ സംഭവിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. വ്യക്തിപരമായി എന്റെ ജീവിതത്തിൽ ഇതുപോലെ ഒരു നഷ്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അത്രയും അടുത്ത ബന്ധമായിരുന്നു ഞങ്ങൾ പരസ്പരം ഉണ്ടായിരുന്നത്. അല്ലാഹു എല്ലാ നഷ്ടവും പരിഹരിച്ചു തരുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. 1960-ൽ ബൈഅത്ത് ചെയ്ത അദ്ദേഹം പല ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ട് 45 വർഷത്തോളം കോഴിക്കോട് ജമാഅത്തിന്റെ എക്സിക്യൂട്ടീവിലുണ്ടായിരുന്നു. ഏതാണ്ട് 40 വർഷത്തോളം തുടർച്ചയായി മാറി മാറി ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കൂടെ ത്തന്നെ പ്രവർത്തകസമിതിയിൽ ഞാനുമുണ്ടായിരുന്നു. അതും ജീവിതത്തിൽ ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഒരു ദീർഘകാലം അദ്ദേഹത്തെ സ്ഥിരമായി വാഹനത്തിലും പള്ളിയിലും മറ്റു പല സ്ഥലങ്ങളിലും കൊണ്ടുപോകുവാൻ ബഹു. കെ.എം. അഹ്മദ് കോയ സാഹിബ് പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു. അമീർ സാഹിബുമായി അടുത്തു ബന്ധപ്പെട്ടവർക്കെല്ലാം തന്നെ ആ ബന്ധം കാരണം ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിച്ചിരുന്നു. അമീർ സാഹിബിനെ സേവിച്ച എല്ലാ സഹോദരങ്ങൾക്കും സർവ്വശക്തനായ അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. അല്ലാഹു അമീർ സാഹിബിന്റെ ഭാര്യാമക്കൾക്ക് അമീർ സാഹിബിന്റെ വേർപാട് മൂലം ഉണ്ടായ വിടവ് നികത്തുന്നതിനുള്ള സഹനശക്തിയും ക്ഷമയും നൽകുകയും പരലോകത്ത് അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും എല്ലാവിധത്തിലുള്ള അനുഗ്രഹങ്ങളും നൽകുകയും സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം കൊടുത്തു സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. (ആമീൻ). ●

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

ഒരു മയ്യത്ത് മറവ് ചെയ്തതിനുശേഷം റസൂൽ തിരുമേനി(സ) അല്പം നിന്നു. എന്നിട്ട് അവിടെക്കൂടിയിരുന്നവരോട് തന്റെ മരിച്ചുപോയ സഹോദരന് പൊറുത്തുകൊടുക്കാനും നിങ്ങളുടെ സ്വയം വിശ്വാസസ്ഥൈര്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും പറഞ്ഞു. മരിച്ചുപോയ ആൾ ഇപ്പോൾ ചോദ്യം ചെയ്യപ്പെടുകയാണെന്നും അവിടുന്ന് പറഞ്ഞു ***(അബൂദാവൂദ്)***


എ.പി. കുഞ്ഞാമുസാഹിബ്

# തിളക്കമാർന്ന വ്യക്തിത്വം

യു. മൻസൂർ അഹ്മദ്
(അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുൻ സംസ്ഥാന സെക്രട്ടറി)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചരിത്രത്തിൽ സംസ്ഥാന അമീർ ആയി പ്രവർത്തിച്ച മുന്നേ മൂന്ന് പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരാണ് ജ: സിദ്ദീഖ് അമീർ അലി സാഹിബ്, ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ്, ജ: ഏ.പി. കുഞ്ഞാമു സാഹിബ് എന്നിവർ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മൂന്ന് മഹത് വ്യക്തികളുടെയും സെക്രട്ടറിയായി പ്രവർത്തിക്കുവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അതിൽ ദീർഘകാലം അമീറായി പ്രവർത്തിച്ചത് കുഞ്ഞാമു സാഹിബായിരുന്നു. യോഗങ്ങളിൽ വാശിയേറിയ ചർച്ചകൾ നടന്നിരുന്നു. യോജിപ്പുകളും വിയോജിപ്പുകളും ഉണ്ടായി. അവസാന ശബ്ദം അമീർ സാഹിബിന്റേതായിരുന്നു. അത് റിപ്പോർട്ടുകളിൽ തീരുമാനങ്ങളായി വന്നു. ജമാഅത്ത് അവ അംഗീകരിച്ചു. സംസ്ഥാനതല പ്രവർത്തനങ്ങൾ നടന്നു. സംസ്ഥാനത്തിന്റെ ശബ്ദം, സംസ്ഥാന അമീറിന്റെ ശബ്ദം, പലപ്പോഴായി പത്രദൃശ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഇന്ന് നമ്മുടെ ഇമാറത്ത് വ്യവസ്ഥിതിയുടെ രീതി മാറിയിരിക്കുന്നു. കേരളത്തിന് സംസ്ഥാന ഇമാറത്ത് വ്യവസ്ഥിതിയില്ലാത്ത ഈ സന്ദർഭത്തിൽ ഇപ്പോഴും ഞാനാഗ്രഹിച്ചു പോകുന്നു, കേരളത്തിൽ ഒരു അമീറിന്റെ അംഗീകാരം ഖലീഫാതിരുമനസ് കനിഞ്ഞു നൽകിയെങ്കിൽ എന്ന്. അങ്ങനെയായിരുന്നുവെങ്കിൽ നമുക്ക് ഇനിയും സിദ്ദീഖ് അമീർ അലി സാഹിബ്, ഡോ. മൻസൂർ അഹ്മദ് സാഹിബ്, ഏ.പി. കുഞ്ഞാമു സാഹിബ് എന്നിവരെപ്പോലുള്ള മഹത് വ്യക്തികളെ ലഭിക്കുമെന്ന് പ്രതീക്ഷിക്കാമായിരുന്നു.

ഈ സന്ദർഭത്തിൽ ജ. ഏ.പി. കുഞ്ഞാമു സാഹിബിനോടൊപ്പം മുൻകഴിഞ്ഞ രണ്ട് അമീർമാരെയും ഓർത്തുപോവുകയാണ്. ജ: സിദ്ദീഖ് അമീർ അലി സാഹിബ് ലാളിത്യത്തിലും തഖ്‌വയിലും കേരളത്തിലെ എല്ലാ അഹ്മദികൾക്കും മാതൃകയായിരുന്നു. ജമാഅത്തിലെ അംഗങ്ങൾക്ക് വലിയ വരുമാനങ്ങളൊന്നുമില്ലാത്ത ഒരു കാലഘട്ടത്തിലും അഹ്മദിയ്യത്തിന്റെ ശബ്ദം വലിയ ഉച്ചത്തിൽ മാലോകർക്കിടയിൽ എത്തിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ഡോ. ബി. മൻസൂർ അഹ്മദ് സാഹിബിനെ സംബന്ധിച്ചേടത്തോ ളം തബ്‌ലീഗ് എന്നത് ഒരു ആവേശമായിരുന്നു. അതിന്റെ അംഗീകാരമായാണ് അമീർ സ്ഥാനം അദ്ദേഹ ത്തെത്തേടിയെത്തിയത്. അദ്ദേഹം അമീറായ സന്ദർഭത്തിൽ ജമാഅത്തിന് കൂടുതൽ പള്ളികൾ നിർമ്മിക്കുവാനും സ്ഥലങ്ങൾ വാങ്ങുവാനും തിടുക്കവും ആവേശവും കാട്ടി. ആ കാരണം കൊണ്ടു മാത്രം അദ്ദേഹത്തിന് അമീർ സ്ഥാനം ഒഴിവാക്കേണ്ടി വന്നു. പകരം നായിബ് അമീർ ആയി ഖലീഫ തിരുമനസ് നിയമിച്ചപ്പോഴും അതിൽ ചെറിയ സ്ഥാനം ജമാഅത്തിൽ ലഭിച്ചപ്പോഴും പരിപൂർണ്ണ അനുസരണത്തോടെ അവ സ്വീകരിച്ചുകൊണ്ട് ജീവിതാവസാനം വരെ ആവേശത്തോടെ പ്രവർത്തിച്ചു. അതിനുശേഷം നമുക്ക് അമീറായി ലഭിച്ചത് ജനാബ് ഏ.പി. കുഞ്ഞാമു സാഹിബിനെയായിരുന്നു.

സംസ്ഥാന അമീറിന് ആവശ്യമായ അത്യാകർഷകമായ അദ്ദേഹത്തിന്റെ വ്യക്തിത്വം, പക്വവും വശ്യമായ പെരുമാറ്റം, പ്രശ്നങ്ങളിൽ യുക്തമായ തീരുമാനുമെടുക്കുവാനുള്ള കഴിവ് എന്നീ സദ്ഗുണങ്ങൾ പ്രവർത്തകരായ നമുക്ക് ഒരു മാതൃകയായിരുന്നു. വളരെ നയതന്ത്രത്തോടു കൂടി അദ്ദേഹം കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. കമ്മിറ്റി യോഗങ്ങൾ നടക്കുന്ന സമയത്ത് ജമാഅത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സന്യായങ്ങൾ ഉന്നയിക്കുന്നവർ എത്ര ഉന്നതരായാലും അവരെ നിശബ്ദരായി ഇരുത്തുവാനുള്ള അദ്ദേഹത്തിന്റെ നേതൃപാടവം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഫസ്‌ലെ ഉമർ പബ്ലിക്ക് സ്കൂളുകളുടെ ട്രസ്റ്റിന്റെ ചെയർമാൻ കൂടിയായിരുന്നു. സംസ്ഥാന കമ്മിറ്റിയിലേയും അംഗങ്ങളായ ഞങ്ങൾക്ക് അദ്ദേഹത്തോട് അതീവ സ്നേഹവും അങ്ങേയറ്റത്തെ ബഹുമാനവുമായിരുന്നു. മനസ്സിന്റെ അകത്തളങ്ങളിൽ അമീർ സാഹിബിനോട് ഞങ്ങൾക്ക് ഭയവുമുണ്ടായിരുന്നു. ചർച്ചകളിൽ ന്യായവാദങ്ങൾ അദ്ദേഹം ശ്രദ്ധയോടെ ശ്രവിക്കുകയും ചെയ്തിരുന്നു. പുഞ്ചിരിയോടെയുള്ള യുക്തിസഹവും ന്യായവുമായ തീരുമാനങ്ങൾ അനുസരണത്തോട് കൂടി ഞങ്ങൾ അംഗീകരിക്കുകയാണ് പതിവ്. കൂടാളി സ്കൂളിന്റെ



എ.പി. കുഞ്ഞാമുസാഹിബ്

ഉത്തരവാദപ്പെട്ട വ്യക്തി എന്ന നില യിൽ സ്കൂൾ ഫണ്ടിനു വേണ്ടി ശക്ത മായി വാദിച്ചപ്പോഴും അദ്ദേഹത്തിന്റെ സാന്ത്വനവാക്കുകളിൽ തൃപ്തിപ്പെട്ടു കൊണ്ട് വെറും കൈയോടെ തിരിച്ചു വന്നിട്ടുണ്ട്.

ജമാഅത്തിന്റെ വളർച്ചയനുസ രിച്ച് കേരള അമീറിന്റെ ഉത്തരവാദി ത്തങ്ങളും ഭാരിച്ചതായിരുന്നു. ആളു കളോട് അതീവസ്നേഹവും ദയയും ഉണ്ടായിരുന്നെങ്കിലും ജമാഅത്തിന്റെ അച്ചടക്കകാര്യത്തിൽ ഒരു വിട്ടുവീ ഴ്ചയും അദ്ദേഹം കാണിച്ചില്ല. കേര ളത്തിലെ അഹ്മദികൾ അദ്ദേഹ ത്തിന്റെ പ്രവർത്തന രീതി അംഗീക രിച്ചു. അവസാനത്തെ അമീർ ഇലക്ഷ നിൽ മഹാഭൂരിപക്ഷം ആളുകളും അദ്ദേഹത്തിന് വോട്ടുചെയ്തു. ജീവിത ത്തിന്റെ അന്ത്യയാമങ്ങളിൽ ഒരു പ്രത്യേക പ്രതിസന്ധിയിൽ ജമാഅത്തിന് വേണ്ടി സ്വന്തം ആത്മാഭിമാനം ബലി കഴിക്കുവാൻ അദ്ദേഹം തയ്യാറായി.

“നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടി ക്കുക. നിങ്ങൾ ഭിന്നിക്കരുത്” (ആലുഇറാൻ) എന്ന ഖുർആൻ വാക്യം അദ്ദേഹം മാതൃകയാക്കുക യും ഞങ്ങളെപ്പോലെയുള്ളവർക്ക് അങ്ങനെ ജീവിക്കുവാൻ പഠിപ്പിക്കുകയും ചെയ്തു. ജമാഅത്ത് ബന്ധങ്ങൾ പോലെ തന്നെ വ്യക്തിബ ന്ധങ്ങളും ഞങ്ങളിൽ സുദൃഢമായിരുന്നു. നർമ്മരസം കലർന്ന സംഭാഷണ ങ്ങളിലും സൗഹൃദങ്ങളിലും പ്രായം മറന്ന് ഞങ്ങൾ സ്നേഹിതന്മാരെ പ്പോലെ വർത്തിച്ചു. അമീർ സാഹിബിനോടൊപ്പമുള്ള തീൻമേശകളും ഞങ്ങൾക്ക് ഒരു തരത്തിൽ ഹരമായിരുന്നു. എല്ലാം ഇപ്പോൾ ഓർമ്മകൾ മാത്രമായി. ഞങ്ങളെ കോർത്തിണക്കിയ ചരട് ഇപ്പോൾ ഞങ്ങൾക്ക് നഷ്ടമായിരിക്കുന്നു. പക്ഷേ, അതി ലും ശക്തമായ ജമാഅത്താകുന്ന ചരടിൽ കോർക്കുവാൻ അദ്ദേഹം ഞങ്ങളെ സഹായിച്ചു. മേഖലാ അമീറായപ്പോഴും സംസ്ഥാന അമീറിന് നൽകിയ സ്നേഹാദരങ്ങളാണ് അദ്ദേഹത്തിന് ഞങ്ങളിൽ പലരും നൽകിയ ത്. പലപ്പോഴും കാണുമ്പോൾ അദ്ദേഹം എന്നോട് പറയുമായിരുന്നു, ‘മോനേ, നിങ്ങൾക്ക് വേണ്ടി എപ്പോ ഴും ദുആ ചെയ്യാറുണ്ട്’ എന്നെപ്പോലുള്ളവർക്ക് വേണ്ടി ദുആ ചെയ്യുവാൻ ഇന്ന് ആ മഹത് വ്യക്തി നമ്മുടെ കൂടെ ഇല്ല. പകരം നമുക്ക് അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യാം. അല്ലാഹു അദ്ദേഹത്തിന് പര ലോകത്ത് ഉന്നതമായ സ്ഥാനങ്ങൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ആമീൻ.




Sun control film.

Reflective stickers,

Number plate,

Fancy sticker

MAS

STICKER SHOP




SOUTH BAZAR, KANNUR-2

Ph : 0497-2761201, Mob : 9447358540



എ.പി. കുഞ്ഞാമുസാഹിബ്

# ഉയരങ്ങൾ കീഴടക്കിയ വ്യക്തിപ്രഭാവം

## കെ.പി. അഹ്മദ്

**ജീ**വിതത്തിൽ അനുഭൂതിദായകമായ വർണ്ണവൈവിധ്യങ്ങൾ ദർശിക്കുകയും, അത് ആസ്വദിക്കുകയും, താളപ്പിഴകളുടെ ലാസ്യനൃത്തം തുടരുകയും ചെയ്യുന്ന ചില യൗവ്വനങ്ങൾ പിൽക്കാലത്ത് തിരിച്ചറിവിന്റെ പ്രവചനാതീതമായ വഴിത്തിരിവിലേക്ക് വഴിമാറിയെന്നു വരാം! പരിവർത്തന വിധേയമാകുന്ന അത്തരം വ്യക്തിത്വങ്ങൾ ഉയരങ്ങൾ കീഴടക്കുന്നു! തലമുറകളിലൂടെ അവർ വാഴ്ത്തപ്പെടുകയും ചെയ്യുന്നു.

കോഴിക്കോട് വലിയങ്ങാടിയുടെ പടിഞ്ഞാറു ഭാഗം പണ്ട് അറിയപ്പെട്ടിരുന്നത് 'മുദ്രക്കര' എന്ന പേരിലായിരുന്നുവത്രെ! പൗരാണിക കാലത്ത് കടലുമായി ബന്ധപ്പെട്ട തീരദേശ വ്യാപാരകേന്ദ്രമായിരുന്ന ഇവിടെ കയറ്റുമതിയും ഇറക്കുമതിയും നടത്തിവന്ന കച്ചവട സാധനങ്ങൾക്ക് മുദ്രവെച്ചു കൊടുക്കുന്ന സ്ഥലമായതുകൊണ്ടാണ് 'മുദ്രക്കര' എന്ന പേരിൽ അതറിയപ്പെട്ടത്. പിന്നീട് ഈ പ്രദേശത്ത് ഒരു മുസ്‌ലിം പള്ളി ഉയർന്നുവന്നപ്പോൾ തുടക്കത്തിൽ "മുദ്രക്കരപ്പള്ളി" യെന്നും കാലംകവച്ചു കടന്നപ്പോൾ ഉച്ചാരണത്തിന്റെ കോലം മാറി അത് 'മൗദാക്കരപ്പള്ളി'യായിത്തീരുകയും ചെയ്തു!

എന്റെ പതിനാലാം വയസ്സിൽ 'മൗദാക്കരപ്പള്ളി'യിലും, കുറ്റിച്ചിറയിലെ മിസ്കാൽ പള്ളിയിലുമാണ് ഞാൻ ജുമാ നിസ്കാരത്തിനു പോകാറുണ്ടായിരുന്നത്. കൂട്ടുകാരായ ചില കുസൃതിപ്പിള്ളേരും അന്ന് ജുമായിൽ പങ്കെടുക്കാറുണ്ടായിരുന്നു. പള്ളി ഏതായിരുന്നാലും മുകൾത്തട്ടിലായിരുന്നു ഞങ്ങളുടെ വിഹാരരംഗം! കാരണം; താഴത്തെ നിലയിലാണെങ്കിൽ മുതിർന്നവരുടെ കൂടെ ഇരിക്കേണ്ടി വരും! മാത്രമല്ല; ഖുത്തുബാ പ്രസംഗം അറബി ഭാഷയിലുമാണ്! ഇതു രണ്ടും കൗമാരത്തിലെ കുരങ്ങന്മാരായി തുള്ളിച്ചാടി നടക്കുന്ന ഞങ്ങളെ സംബന്ധിച്ചേടത്തോളം അലർജിയാണല്ലൊ! എല്ലാംകൊണ്ടും പള്ളിയുടെ മുകൾത്തട്ട് സുരക്ഷിതമായി ത്തോന്നി! രഹസ്യം പറയാനും ചിരിക്കാനും തോണ്ടാനും നുള്ളാനും അവിടെ സൗകര്യമുണ്ടായിരുന്നു!

'മൗദാക്കരപ്പള്ളി'യുടെ മുകൾത്തട്ടിൽ ഇന്നത്തെ ബാപ്പു എന്ന കെ. കോയട്ടി സാഹിബിനോടൊപ്പം ഇരട്ടകളാണെന്ന് തോന്നിപ്പിക്കുന്ന സുമുഖന്മാരായ രണ്ടു ചെറുപ്പക്കാരേയും സ്ഥിരമായി കാണാം! അവരുടെ പരിപാടിയും അടക്കിപ്പിടിച്ച ചിരിയും രഹസ്യസംഭാഷണങ്ങളും തന്നെയായിരുന്നു! രഹസ്യം മറ്റൊന്നുമല്ല; അക്കാലത്ത് കോഴിക്കോട് നഗരത്തിലുണ്ടായിരുന്ന മൂന്നു സിനിമാ തിയേറ്ററുകളിൽ 'മാറ്റിനിഷോ' കാണാൻ എവിടെ പോകണമെന്ന ചർച്ചയായിരിക്കും നടക്കുന്നത്! കോഴിക്കോട്ട് വണിക്കുകളായി വന്ന മാഹി സ്വദേശികൾ ഒട്ടേറെ ഉണ്ടായിരുന്ന സന്ദർഭമാണത്. അങ്ങനെയുള്ള ഏതോ വലിയ കച്ചവടക്കാരന്റെ മക്കളാണ് ഇരട്ടകളായി തോന്നിപ്പിച്ച ആബുട്ടിയും കുഞ്ഞാമുവുമെന്ന് പിന്നീടറിയാൻ കഴിഞ്ഞു.

ജുമാ നിസ്കാരം കഴിഞ്ഞ് ഇമാം പ്രാർത്ഥനക്ക് കൈപൊന്തിക്കാൻ തുടങ്ങുമ്പോഴേക്കും ഞങ്ങളെല്ലാം ഓടി രക്ഷപ്പെടാനുള്ള തിടുക്കത്തിലായിരിക്കും നിൽക്കുന്നത്! എന്നെ സംബന്ധിച്ചേടത്തോളം വെള്ളിയാഴ്ച ജുമക്ക് പോയെങ്കിലെ 'മാറ്റിനിഷോ' കാണാനുള്ള ഒരു രൂപ കിട്ടുകയുള്ളു! എന്റെ ഉപ്പായുടെ കുറ്റിച്ചിറയിലുള്ള കച്ചവടസ്ഥാപനത്തിലെ (നീലഗിരി ഹൗസ്സ്) അന്നത്തെ മാനേജർ നമുക്കെല്ലാം പ്രിയങ്കരനായിരുന്ന 'മമ്മുക്ക' എന്ന വി.പി. മമ്മു സാഹിബായിരുന്നു (മർഹൂം) മാറ്റിനിഷോയുടെ ഒരു രൂപാ തരേണ്ടത്! ജുമാ കഴിഞ്ഞ് വന്നാൽ മാത്രം പൈസ കൊടുക്കണമെന്നാണ് മമ്മുക്കയെ എന്റെ ഉപ്പ നേരത്തേ ശട്ടം കെട്ടിയിരുന്നത്! അതുകൊണ്ട് ജുമുഅക്ക് പോയില്ലെങ്കിൽ സിനിമയുടെ കാര്യം പട്ടിണിയായിരിക്കും!

തിയേറ്ററിലെത്തിക്കഴിഞ്ഞാൽ ആൾക്കൂട്ടത്തിൽ ആബുട്ടിയും കുഞ്ഞാമുവും നേരത്തേ സ്ഥലം പിടിച്ചതായി ക്കാണാം! സിനിമാ തിയേറ്ററിൽ മാത്രമല്ല; വർഷങ്ങളുടെ പ്രയാണത്തിൽ കോഴിക്കോടിന്റെ മുക്കിലും മൂലയിലും, ഗസലിന്റെ ഈരടികൾ മൂളുന്ന മെഹ്ഫിൽ ക്ലബ്ബുകളിലും, നാദബ്രഹ്മത്തിന്റെ മായികപ്രപഞ്ചം സൃഷ്ടിക്കുന്ന ഗാനമേളകളിലും, ടൗൺഹാളിൽ അരങ്ങേറുന്ന നാടകങ്ങൾക്കും, മാനാഞ്ചിറ മൈതാനിയിലെ നാഗ്ജി ഫുട്ബാൾ ടൂർണ്ണമെന്റിനുമൊക്കെ അവരുടെ സാന്നിദ്ധ്യമുണ്ടായിരിക്കും! നോർത്ത് ഇന്ത്യൻ ലുക്കുള്ള ആകാരവടിയും സൗന്ദര്യവുമായിരുന്നു രണ്ടുപേരുടേയും ആകർഷണീയത! ഒരുപക്ഷെ; അതുകൊണ്ടായിരിക്കാം ഇവരിൽ ആരുടേയോ ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ കോഴിക്കോട് ഓയിറ്റി റോഡിലെ ഒരു പഴയ സ്റ്റുഡിയോ



എ.പി. കുഞ്ഞാമുസാഹിബ്

യിൽ പണ്ടുകാലത്ത് ഡിസ്‌പ്ലെ ചെയ്തുവെച്ചതായി ഓർക്കുന്നു!

കാലം പിന്നേയും കൊയ്തെടുക്കപ്പെട്ടപ്പോൾ ജീവിതചിത്രങ്ങളും മാറ്റി വരക്കപ്പെട്ടു! മരുഭൂമി പോലെ ശൂന്യമായിക്കിടന്ന മനസ്സുകളിൽ ദൈവത്തെ ജനിപ്പിക്കാൻ പര്യാപ്തമായ ആശയസംവാദങ്ങൾ അരങ്ങേറി.

സന്ധ്യകഴിഞ്ഞ് വിളക്കുകൾ തെളിഞ്ഞ ഒരു ദിവസത്തെക്കുറിച്ച് ഞാനിപ്പോഴും ഓർക്കുന്നു. കുറ്റിച്ചിറയിലെ 'നീലഗിരി ഹൗസ്സി'ലേക്ക് ബാപ്പു എന്ന കെ. കോയട്ടി സാഹിബിനോടൊപ്പം ആജാനുബാഹുവായ നമ്മുടെ പഴയ കഥാപാത്രം കടന്നുവന്നു! വർഷങ്ങൾക്ക് മുമ്പ് കോഴിക്കോട് നഗരത്തിലാകമാനം ആടിത്തിമർക്കുകയും, പിന്നീട് മറ്റേതോ ദിശാബോധത്തിന്റെ പ്രേരണ കൊണ്ട് ബാല്യകാല കുതിപ്പുകൾക്ക് കടിഞ്ഞാണിടുകയും ചെയ്ത ഒരു പുതിയ മനുഷ്യനെയാണ് ഞാനപ്പോൾ കണ്ടത്! ശാന്തഗംഭീരമായ ഭാവമാറ്റം കൊണ്ട് വലയം ചെയ്യപ്പെട്ട അദ്ദേഹത്തെ കെ. കോയട്ടി സാഹിബ് പരിചയപ്പെടുത്തി:

''ഇത് എ.പി. കുഞ്ഞാമു സാഹിബ്"

"അറിയാം"

എന്നു മാത്രമേ മറുപടി പറയേണ്ടി വന്നുള്ളു; അത്രയും സുപരിചിതനാണല്ലൊ അദ്ദേഹം! അഹ്മദിയ്യാ ജമാഅത്തിന്റെ വിനീത സേവകനായി സംഭാഷണം തുടങ്ങിയ അദ്ദേഹത്തിന്റെ സമീപനം അത്യാകർഷകമായിരുന്നു! മറ്റൊരു പുനർജന്മത്തിന്റെ പ്രതിച്ഛായ ഞാനവിടെ ദർശിച്ചു! സംസാരത്തിനിടക്ക് കോഴിക്കോട്ടെ ചില സ്വകാര്യ പോക്കറ്റുകളിൽ അദ്ദേഹം രഹസ്യമായി ക്ലാസുകൾ എടുക്കാറുണ്ടെന്നും, അഹ്മദിയ്യാ അനുഭാവികൾ അവിടെ സന്ധിക്കാറുണ്ടെന്നും അറിയാൻ കഴിഞ്ഞു! ഖലീഫാ തിരുമനസ്സ് രണ്ടാമന്റെ ഇംഗ്ലീഷിലുള്ള ഖുർആൻ പരിഭാഷ വായിച്ചു കേൾപ്പിക്കുകയും ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി പറയുകയുമായിരുന്നു കുഞ്ഞാമു സാഹിബ് തുടക്കത്തിൽ നിർവ്വഹിച്ച ദൗത്യം! ഈ ക്ലാസ്സ് പിന്നീട് 'നീലഗിരി ഹൗസ്സി'ലേക്കു മാറ്റുകയുണ്ടായി!

ആദാമിന്റെ സ്വർഗ്ഗം, മുന്നൂറു കൊല്ലം ഉറങ്ങിയ ഗുഹാവാസികൾ, രണ്ടാം ലോക മഹായുദ്ധവും ഖലീഫാ തിരുമനസ്സ് രണ്ടാമന്റെ പ്രവചനങ്ങളും തുടങ്ങി ഒട്ടേറെ വിഷയങ്ങൾ അനേകം അനുഭാവികൾക്കും അല്ലാത്തവർക്കും കുഞ്ഞാമു സാഹിബ് വിവരിച്ചുകൊടുത്തു. വല്ലപ്പോഴെങ്കിലും മിന്നിമറയുന്ന അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ ആബുട്ടി സാഹിബ് ഉരുളക്കുപ്പേരി പോലെ മറുപടി പറയുന്ന പ്രത്യുല്പന്നമതിയും ഫലിതസാമ്രാട്ടുമായിരുന്നു! എന്നാൽ, കുഞ്ഞാമു സാഹിബ് ഇതിൽ നിന്ന് വ്യത്യസ്തനായി. ആദ്ധ്യാത്മിക വിഷയങ്ങളുടെ അഗാധ തലങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് തബ്‌ലീഗിന്റെ യന്ത്രം പോലെ നിരന്തരം ചലിച്ചുകൊണ്ടേയിരുന്നു! അദ്ദേഹവുമായി ബന്ധപ്പെട്ട പലരും പിന്നീട് അഹ്മദികളായി! എന്റെ ജ്യേഷ്ഠസഹോദരൻ കെ.പി. മുഹമ്മദ് കോയ സാബ്, കെ. കോയട്ടി സാഹിബ്, എം. മൊയ്തീൻ കോയ സാഹിബ് (മട്ടന്നൂർ) വി.പി. മമ്മുസാഹിബ്, പി.പി. അബ്ദുർ റഹിമാൻകോയ സാഹിബ്, സാൾട്ട് മമ്മദ് കോയാ സാഹിബ്, കെ.വി. അസ്സൻകുട്ടി സാഹിബ്, പി. അബ്ദുറഹിമാൻ സാഹിബ് അങ്ങനെയങ്ങനെ പലരും! അതോടൊപ്പം ഒട്ടേറെ അനുഭാവികളും അന്നുണ്ടായി. തബ്‌ലീഗിന്റെ മിടിപ്പുകളും പുതിയ ബൈഅത്തുകളും കൊണ്ട് അനുഗൃഹീതമായ ഒരു സുവർണ്ണ കാലം!

കുഞ്ഞാമു സാഹിബിന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട് കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. സെക്രട്ടറിയായി എന്നെയാണ് കുഞ്ഞാമു സാഹിബ് നോമിനേറ്റ് ചെയ്തത്! യുവാക്കളുടെ ആവേശത്തെ പ്രോത്സാഹിപ്പിക്കുന്ന മനഃശാസ്ത്രപരമായ സമീപനമായിരുന്നു അദ്ദേഹം സ്വീകരിച്ചുവന്നിരുന്നത്. പുതിയ എന്തെങ്കിലും ആശയങ്ങളും അഭിപ്രായങ്ങളും ചർച്ചക്ക് വന്നാൽ അത് അനുഭാവപൂർവ്വം പരിഗണിക്കാനും അതിന് പ്രോത്സാഹനം നൽകാനും അദ്ദേഹം മടികാണിച്ചിരുന്നില്ല! വിയോജിപ്പുള്ള വിഷയങ്ങളാണെങ്കിൽ ക്ഷമാപൂർവ്വം അതിന്റെ ദോഷവശങ്ങൾ ചൂണ്ടിക്കാണിക്കാനും സ്നേഹപൂർവ്വം അതിൽ നിന്ന് പിന്തിരിപ്പിക്കാനും അദ്ദേഹം ശ്രമിച്ചിരുന്നു.

ഇപ്പോൾ കാര്യം നിസ്സാരമായിത്തോന്നാമെങ്കിലും കുഞ്ഞാമു സാഹിബ് ഖായിദായിരുന്ന കാലത്ത് പുതിയ എഴുത്തുകാരെ കണ്ടെത്താനുള്ള ശില്പശാലയുടെ ഭാഗമായി കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യാ 'യുഗശബ്ദം' എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബാണ് അത് പ്രകാശനം ചെയ്തത്. മാസികയിലെ 'ഖാദിംകളോട് ഖായിദ്' എന്ന പ്രത്യേക കോളം കുഞ്ഞാമുസാഹിബിന്റേതായിരുന്നു. ഖാദിമീങ്ങൾക്കുള്ള വിലപ്പെട്ട ഉപദേശങ്ങൾ ആ കോളത്തിൽ നിറഞ്ഞു നിന്നു! അക്കാലത്ത് കോഴിക്കോട് വിദ്യാർത്ഥിയായിരുന്ന ഇന്നത്തെ അഹ്മദിയ്യാ പബ്ലിക്കേഷൻ സെക്രട്ടറി പ്രൊഫസർ ബി. മഹ്മൂദഹ്മദ് സാഹിബും, മർഹും മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. യുടെ മകൻ അബ്ദുൽ മാലിക്ക് സാഹിബും, പി.വി. അഹ്മദ് കോയ സാഹിബും, എം. ആലിക്കോയ

സാഹിബും, എം. മൊയ്തീൻകോയ സാഹിബും, കെ.വി. ഈസ്സക്കോയ സാഹിബും, എം.പി. കോയട്ടി സാഹിബും അതുപോലെ മറ്റു പലരും 'യുഗശബ്ദം' കയ്യെഴുത്ത് മാസികയിൽ ലേഖനങ്ങളെഴുതുകയും, അവരിൽ ചിലരെങ്കിലും സാഹിത്യസൃഷ്ടിയുടെ പേറ്റുനോവ് ആദ്യമായി അനുഭവിച്ചറിഞ്ഞവരുമാണ്!

പിന്നീടദ്ദേഹം കേരള സംസ്ഥാന തബ്‌ലീഗ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലുടനീളം സംഘടിതമായ പ്രചാരണ പര്യടനങ്ങൾക്ക് രൂപം നൽകിയത് ഇക്കാലത്താണ്. എറണാകുളം, കൊച്ചി, കോട്ടയം, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെല്ലാം അഹ്മദിയ്യാ സന്ദേശമെത്തിക്കാനുള്ള തീവ്ര ശ്രമങ്ങളുണ്ടായി.

കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട കുഞ്ഞാമു സാഹിബ് ജമാഅത്തിന്റെ പ്രാദേശിക ഭരണസംവിധാനത്തിൽ പ്രായോഗികമായ നടപടികൾ സ്വീകരിക്കുകയും, ജമാഅത്ത് അംഗങ്ങളിൽ ഐക്യത്തിന്റേയും അനുസരണത്തിന്റെയും ഊർജ്ജസ്വലമായ പ്രവർത്തനത്തിന്റേയും ശക്തമായ അടിത്തറ പാകുകയും ചെയ്തു! ജനാബ് എം. ആലിക്കോയാ സാഹിബ് പത്രാധിപരായിരുന്ന 'മിനാരത്ത് ഇംഗ്ലീഷ് ക്വാർട്ടർലി'യെ കുഞ്ഞാമു സാഹിബ് ഒട്ടേറെ പ്രോത്സാഹിപ്പിക്കുകയും 'മിനാരത്തി'ൽ ലേഖനങ്ങളെഴുതുകയും ചെയ്തു. മലയാള മുഖപത്രമായ 'സത്യദൂതൻ മാസിക'യിലും അദ്ദേഹം ലേഖനങ്ങളെഴുതി, ജമാഅത്തിന്റെ ഓരോ ഔദ്യോഗിക സ്ഥാനങ്ങൾ കുഞ്ഞാമു സാഹിബ് ഏറ്റെടുത്തപ്പോഴും ആരെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളെക്കുറിച്ച് എഴുതിച്ചോദിച്ചാൽ വളരെ ശുഷ്കാന്തിയോടെ ഒട്ടും വൈകാതെ മറുപടി അയക്കുന്ന പ്രാഥമിക മര്യാദ പാലിച്ചുവന്നിരുന്നു.

'സത്യദൂതൻ മാസിക'യുടെ പബ്ലിഷറും, ഫസ്‌ലെ ഉമർ എജ്യുക്കേഷൻ ട്രസ്റ്റിന്റെ ചെയർമാനും ഒരു വ്യാഴവട്ടക്കാലം സംസ്ഥാന അമീറുമായി സേവനമനുഷ്ഠിച്ച കുഞ്ഞാമു സാഹിബ് കഴിഞ്ഞ അമീർ തിരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷത്തോടെ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടെങ്കിലും, കേന്ദ്ര ജമാഅത്തിന്റെ പുതിയ മേഖലാസംവിധാനം നിലവിൽ വന്നതിനാൽ കോഴിക്കോട് മേഖലാ അമീറായി തുടർന്നുപോന്നു! എങ്കിലും, കഴിഞ്ഞ ജനുവരി 8-ാം തിയതി തിങ്കളാഴ്ച 'ബൈത്തുൽ ഖുദ്ദിസിൽ അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുക്കാനെത്തിച്ചേർന്ന ജനബാഹുല്യം തെളിയിച്ചതും കാഴ്ചവെച്ചതും ഒരു സംസ്ഥാന അമീറിന് ലഭ്യമാകേണ്ട ബഹുമാനാദരങ്ങളുടെ സജീവ ചിത്രമായിരുന്നു! കോഴിക്കോട് ജമാഅത്തിന്റെ ഖായിദിൽ തുടങ്ങിയുള്ള ഏണിപ്പടികളിലൂടെ സംസ്ഥാന അമീറിന്റെ ഉയരങ്ങൾ കീഴടക്കിയ കുഞ്ഞാമു സാഹിബ് അത്യപൂർവ്വമായ വ്യക്തിപ്രഭാവത്തിന്റെ പ്രതീകമായിരുന്നു! ●

എ.പി. കുഞ്ഞാമുസാഹിബ്

---

*(13 -ാം പേജിൽ നിന്ന് തുടർച്ച)*

മസ്‌റൂറാ - അല്ലയോ മനുഷ്യാ, നിന്റെ മാതാവ് നിന്നെ പ്രസവിച്ചപ്പോൾ നീ കരയുകയും നിന്റെ ചുറ്റും കൂടിയിരുന്നവർ സന്തോഷം കൊണ്ടു ചിരിക്കുകയും ആയിരുന്നു. എന്നാൽ നിന്റെ മരണസമയത്ത് നീ ചിരിക്കുകയും മറ്റുള്ളവർ കരയുകയും ചെയ്യത്തക്ക രീതിയിൽ നീ ജിവിതം നയിക്കുക.

അതെ- ജനാബ് കുഞ്ഞാമുസാഹിബിന്റെ ജീവിതം ഈ പദ്യശകലത്തെ അന്വർത്ഥമാക്കിയിരിക്കുന്നു. പരേതൻ പുഞ്ചിരിച്ചു കൊണ്ടു ഞങ്ങളെയെല്ലാം വിട്ടുപോയി. ഞങ്ങളിതാ അദ്ദേഹത്തെ ഓർമ്മിക്കാൻ കേഴുകയാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ദൈവ പ്രീതിയാകുന്ന ജന്നത്തും പ്രദാനം ചെയ്യുമാറാകട്ടെ. പരേതന്റെ ഭാര്യാമക്കൾക്കും ഇതര ബന്ധുക്കൾക്കും ഈ ദു:ഖം സഹിക്കുവാനുള്ള ക്ഷമയും മനക്കരുത്തും നൽകിയനുഗ്രഹിക്കുമാറാകട്ടെ, ആമീൻ. ●

---

*(21 -ാം പേജിൽ നിന്ന് തുടർച്ച)*

അത്തിന്റെ പബ്ലിക്കേഷൻ സദറായി ഞാൻ നിയമിതനായപ്പോൾ ആത്മാർത്ഥമായ ഹൃദയവികാരത്തോടെ ഒരു കൈത്താങ്ങായി അദ്ദേഹം എന്റെ നേരെ നീട്ടി. ആ സുരഭിലമായ മനുഷ്യമനസ്സിന്റെ ഹൃദയതന്ത്രികളിൽ ജമാഅത്തിന്റെ സേവനത്തിന് തയ്യാറാവുന്ന ഒരാളോടുള്ള മമതാബന്ധത്തിന്റെ തുടിപ്പാണെനിക്കനുഭവപ്പെട്ടത്. തുടർന്നു പിന്നേയും എന്നെ കണ്ടപ്പോഴൊക്കെ അദ്ദേഹം പറഞ്ഞ വാക്കുകൾ, 'മഹ്മൂദ് സാഹിബിനു വേണ്ടി ഞാൻ ദുആ ചെയ്യുന്നു' എന്നായിരുന്നു. കോഴിക്കോട്ടെ നബികീർത്തന യോഗത്തിൽ പങ്കെടുത്തു ഞാൻ മടങ്ങുമ്പോഴും പ്രാർത്ഥനാനിർഭരമായ സ്വർണ്ണനൂപുരമായിട്ടാണ് ഞാൻ മടങ്ങിയത്. ജ:ഏ.പി. കുഞ്ഞാമുസാഹിബ് ഇപ്പോൾ നമ്മുടെ കൂടെയില്ല. നമുക്കായി എന്നും കൈ ഉയർത്തി പ്രാർത്ഥിച്ചിരുന്ന ആ വലിയ മനുഷ്യൻ എവിടെ? അല്ലാഹു അദ്ദേഹത്തിനൊരുക്കിയ സ്വർഗ്ഗീയ ജീവിതത്തിലേക്കദ്ദേഹം പോയ്ക്കഴിഞ്ഞിരിക്കുന്നു. അപ്പോഴും മനസ്സ് മന്ത്രിക്കുന്നു, കാലം നിശ്ശബ്ദമാക്കാത്ത ആ പ്രാർത്ഥനാസ്വരം എന്നും നമ്മോടൊപ്പം നമ്മുടെ കാതുകൾക്ക് അമൃതായി, മനസ്സിന് കുളിരായി നമ്മുടെ കൂടെയുണ്ടെന്ന്. അല്ലാഹു അദ്ദേഹത്തിന് നിത്യശാന്തി നൽകുമാറാകട്ടെ. ആമീൻ. ●

ഏ.പി. കുഞ്ഞാമുസാഹിബ്

മദാർ അബ്ദുശ്ശക്കൂർ

# നിറഞ്ഞുനിന്ന ഒരു വ്യക്തിത്വം

**കേ**രളഅഹ്മദിയ്യാ ജമാഅത്തിന്റെ ദീർഘകാല സാരഥിയായിരുന്ന മുൻ സംസ്ഥാന അമീർ ജനാബ് ഏ.പി. കുഞ്ഞാമു സാഹിബ് നിര്യാതനായി. കഴിഞ്ഞ നാല്പത്തിയഞ്ചു വർഷക്കാലം അഹ്മദിയ്യാ പ്രവർത്തനരംഗത്ത് നിറഞ്ഞുനിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

യുവാവായിരുന്നപ്പോൾ തന്നെ അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ജന്മദേശം തലശ്ശേരിയിലെ പുന്നോലാണെങ്കിലും കോഴിക്കോട്ടെ വ്യാപാര മേഖലയിലായിരുന്നു അദ്ദേഹം ഏറെയും വ്യാപരിച്ചിരുന്നത്. അവിടെ വച്ചാണ് ഹദ്റത്ത് മൗലാനാ അബ്ദുല്ലാസാഹിബ് എച്ച്.എ യുടെ ഇസ്‌ലാമിക പ്രബോധനത്തിൽ ആകൃഷ്ടനായി അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്.

അദ്ദേഹത്തിന് അഹ്മദിയ്യത്തിനെപ്പറ്റി പഠനം നടത്താനുള്ള ഒരു നിമിത്തമായി മാറിയത് ജമാഅത്തെ ഇസ്‌ലാമീ അമീറായിരുന്ന ജനാബ് കെ.സി. അബ്ദുല്ല മൗലവിയുടെ പ്രഭാഷണമായിരുന്നു. 1959 ൽ കുറ്റിച്ചിറയിൽ വെച്ച് കെ.സി. അബ്ദുല്ല മൗലവി ഹദ്റത്ത് മഹ്ദീ ഇമാമിനെ വ്യക്തിപരമായി അധിക്ഷേപിച്ചുകൊണ്ട് നടത്തിയ പ്രസംഗവും അതിന് മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്. എ. അക്കമിട്ടു നൽകിയ മറുപടിയും വിശകലനം ചെയ്ത ജനാബ് എ. പി. കുഞ്ഞാമു സാഹിബിന് അഹ്മദിയ്യത്ത് സത്യത്തിന്റെ നിദർശനമായി അനുഭവപ്പെടുകയാണുണ്ടായത്.

ജമാഅത്തിൽ പ്രവേശിച്ചശേഷം അദ്ദേഹം കോഴിക്കോട് മജ്‌ലിസു ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ്സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ജമാഅത്തിന്റെ വിവിധ വകുപ്പുകളിൽ സേവന നിരതനായി. 1968 മുതൽ 1974 വരെയും, 1980 മുതൽ 1992 വരെയും അദ്ദേഹമായിരുന്നു കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ട്. 1992 മുതൽ അദ്ദേഹം ഈ ജമാഅത്തിന്റെ അമീറാവുകയും, ആ സ്ഥാനത്ത് വീണ്ടും വീണ്ടും തിരഞ്ഞെടുക്കപ്പെടുകയും, വഫാത്താകുന്നതുവരെ അമീറായി തുടരുകയുമായിരുന്നു. ആയിടയിൽ കുറെ വർഷം അദ്ദേഹം സംസ്ഥാന അമീറായും തുടർന്ന് മേഖലാ അമീറായും സ്തുത്യർഹമായ സേവനം കാഴ്ച വച്ചു.

ജമാഅത്തിനെ ഉത്തരോത്തരം പുരോഗതിയിലേക്ക് നയിച്ച ഒട്ടേറെ പ്രവർത്തനപദ്ധതികൾക്ക് നേതൃത്വം നൽകാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചിട്ടുണ്ട്.

1970-ൽ രൂപം കൊണ്ട 'മിനാരത്ത്' എന്ന ഇംഗ്ലീഷ് ത്രൈമാസികയുടെ സ്ഥാപക പബ്ലിഷർ അദ്ദേഹമായിരുന്നു.

അദ്ദേഹം സംസ്ഥാന തബ്‌ലീഗ് സിക്രട്ടറിയായിരുന്ന കാലത്താണ് എറണാകുളം എ.ഐ.സി.സി. സമ്മേളനത്തിൽ വിപുലമായ അഹ്മദിയ്യാ പ്രചാരണം അരങ്ങേറിയത്. പിന്നീട് കോട്ടയം കോൺഗ്രസ് സമ്മേളനത്തിലും, കരുനാഗപ്പള്ളി അഹ്മദിയ്യാ കോൺഫറൻസ് വേളയിലും 'ഓപ്പറേഷൻ ട്രാവങ്കൂർ' എന്ന പേരിൽ ആവേശോജ്ജ്വലമായ തബ്‌ലീഗ് പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയുണ്ടായി. മർഹും കെ.ടി. മുഹമ്മദ് സാഹിബിന്റെ ഭാര്യ ' ആമിൻത്താത്ത' പോലും പുസ്തകക്കെട്ടുകളുടെ ഭാരം ചുമന്നുകൊണ്ട് പ്രയാണമാരംഭിച്ച ഈ പ്രോഗ്രാം മുഖേന ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ പ്രമുഖ പട്ടണങ്ങളിൽ അഹ്മദിയ്യാ സന്ദേശത്തിന്റെ പ്രതിധ്വനികൾ അലയടിച്ചുയർന്നു. കൂടാതെ അക്കാലത്തു തന്നെ ജ്യേഷ്ഠൻ ഏ.പി. അബൂട്ടിസാഹിബ് മുൻകൈയടുത്ത് സംഘടിപ്പിച്ച 'ഓപ്പറേഷൻ ടെലിച്ചറി' എന്ന സംരംഭവും പ്രവർത്തകർക്ക് പ്രചോദനവും നവോന്മേഷവും പ്രദാനം ചെയ്തു.

പില്ക്കാലത്ത് അഹ്മദിയ്യാ ശതവാർഷിക ജൂബിലി കമ്മിറ്റിയുടെ സംസ്ഥാന ചെയർമാൻ എന്ന നിലയിലും ഊർജ്ജസ്വലനായി പ്രവർത്തിക്കാൻ കുഞ്ഞാമു സാഹിബിന് അവസരം ലഭിച്ചു.

'ദാഇഊഇലല്ലാഹ്' എന്ന തബ്‌ലീഗ് പരിപാടിയെ പരിപോഷിപ്പിച്ചുകൊണ്ട് വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകിയ അദ്ദേഹം കോഴിക്കോട് ജമാഅത്തിൽ അനേകം പേരെ ബൈഅത്ത് ചെയ്യിപ്പിക്കുന്നതിൽ സജീവ പങ്കാളിത്തം വഹിച്ചു. മാത്രമല്ല സത്യജമാഅത്തിന്റെ ഈ വിജയസന്ദേശവുമായി കേരളത്തിലുടനീളം സഞ്ചരിച്ച് പ്രചാരണസംരംഭം ശക്തിപ്പെടുത്തുകയും ചെയ്തു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി ഭൗതിക കെട്ടുപാടുകൾ പോലും

*(ശേഷം 39-ാം പേജിൽ)*


ഏ.പി. കുഞ്ഞാമുസാഹിബ്

# അമീർ സാഹിബുമായുള്ള അഭിമുഖം

## സംസ്ഥാന അമീറായി 2003ൽ വീണ്ടും നിയമിക്കപ്പെട്ടപ്പോൾ സത്യദൂതനുമായി നടത്തിയ അഭിമുഖം പുനഃപ്രസിദ്ധീകരിക്കുന്നു

***ചോദ്യം: താങ്കളുടെ കുടുംബപശ്ചാത്തലം വിവരിക്കാമോ?***

ഉത്തരം: കണ്ണൂർ ജില്ലയിലെ തലശ്ശേരിക്കും പഴയ ഫ്രഞ്ചുകോളനിയായ മാഹിക്കും ഇടയിലെ പുന്നോൽ എന്ന ഗ്രാമമാണ് എന്റെ സ്വദേശം. 1934 ആഗസ്റ്റ് 21ന് പുന്നോലിലെ ആലമ്പത്ത് തറവാട്ടിലാണ് ഞാൻ ജനിച്ചത്. പിതാവ് ഫ്രഞ്ച് മാഹി സ്വദേശിയായ കുഞ്ഞിപ്പോക്കറും മാതാവ് കുഞ്ഞിമറിയവും. എം. കെ. കുമാരൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന മാഹി സ്വാതന്ത്ര്യസമരത്തിൽ സജീവമായ പങ്ക് വഹിച്ചയാളാണ് പിതാവ്. ഭാര്യ: ജമീല. എനിക്ക് അഞ്ചു കുട്ടികളാണ്. ഖലീലുറഹ്മാൻ, വസീം അഹ് മദ്, സാജിത, സാലിഹ, സാബിറ. മരുമക്കൾ: അബ്ദുസ്സത്താർ (കൂടാളി), അബ്ദുസ്സമദ് (ആലപ്പുഴ), റിയാസ് റഹീം (കോഴിക്കോട്), നൂർജഹാൻ (കണ്ണൂർ), ഹസീന (കോഴിക്കോട്). സഹോദരന്മാർ: ഏ.പി. കുഞ്ഞിമൂസ (മർഹൂം), ഏ.പി. അബുട്ടി (മർഹൂം), ഡോ. ഏ.പി. അഹ്മദ്, പ്രൊഫ. ഹംസ, അഡ്വ. ഖാദർകുട്ടി. രണ്ടു സഹോദരിമാരും.

***ചോ. അഹ്മദിയ്യാ ജമാഅത്തിലേക്ക് എത്തുന്നതിന് മുമ്പത്തെ മത-സാമൂഹിക ജീവിതം?***

ഉ: എന്റെ ഗ്രാമവും കുടുംബവുമെല്ലാം വളരെ യാഥാസ്ഥിതിക പശ്ചാത്തലത്തിലാണ് കഴിഞ്ഞുവന്നത്. പുരോഗമനപരമായ ഒരു മതപ്രസ്ഥാനത്തിന്റെ കണിക പോലും ഞങ്ങളുടെ ചുറ്റുപാടിലുണ്ടായിരുന്നില്ല. മൗലൂദ്, നേർച്ച എന്നിവകൾ മുറപോലെ നടത്തിവന്നു എന്നല്ലാതെ മതകീയ ജീവിതം തികച്ചും നിർജ്ജീവമായിരുന്നു. ചെറുപ്പത്തിൽ മതത്തിനോട് സജീവമായ ഒരാഭിമുഖ്യം എനിക്കുണ്ടായിരുന്നില്ല. എങ്കിലും സാമുദായികാഭിമാനം എന്റെ ഒരു വികാരമായിരുന്നു. കലാസാഹിത്യരംഗങ്ങളിലെ മുസ്‌ലിം നായകന്മാരെ കാണുമ്പോൾ അവ്യക്തമായ ഒരു സാക്ഷാൽക്കാര നിർവൃതി അനുഭവപ്പെട്ടു. വലിയ സിനിമാപാട്ടുകാരൻ മുഹമ്മദ് റാഫി, പ്രശസ്ത സിനിമാനടൻ ദിലീപ്കുമാർ (യൂസുഫ്ഖാൻ), പാട്ടുകാരി നൂർജഹാൻ മുസ്‌ലിംകളായ ഇവരെല്ലാം അതത് രംഗങ്ങളിൽ മുമ്പന്മാരായി വന്നതിൽ ഞാനും അഭിമാനം കൊണ്ടിരുന്നു. ഇസ്‌ലാമിനെക്കുറിച്ച് ആരെങ്കിലും വിമർശിച്ചാൽ അതേ ഭാഷയിലും സംസ്കാരത്തിലും മറുപടി പറയുകയും ചെയ്തിരുന്നു. റമസാൻ മാസമായാൽ നാലോ അഞ്ചോ നോമ്പനുഷ്ഠിക്കും. വിദ്യാർത്ഥിയായിരുന്നപ്പോൾ പരീക്ഷയായാൽ നമസ്കരിക്കും. നോമ്പ്കാലത്ത് തറാവീഹ് നമസ്കരിക്കാൻ പോകും. അത് വെറും രസത്തിനുവേണ്ടിയായിരുന്നു. ഇസ്‌ലാം ഒരു സാമുദായികാവേശം എന്നല്ലാതെ എന്റെ ആത്മാവിലേക്ക് അത് ഇറങ്ങിച്ചെന്നിട്ടില്ലായിരുന്നു. ഇതാണ് അഹ് മദിയാവുന്നതിന്നു മുമ്പത്തെ എന്റെ മതജീവിതം.

***ചോ: അഹ്മദിയായ സാഹചര്യം വിവരിക്കാമോ?***

ഉ: തേർഡ് ഫോമിൽ, അതായത് ഇപ്പോഴത്തെ 8-ാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് അഹ്മദിയ്യാ ജമാഅത്തിനെപറ്റി ആദ്യം കേൾക്കാനിടയായത്. മേലേക്കണ്ടി കുഞ്ഞാമു സാഹിബ് എന്നൊരാൾ ഞങ്ങളുടെ നാട്ടിൽ 'ഖാദിയാനി'യായി എന്ന ശ്രുതിയുണ്ടായിരുന്നു അന്ന്. അദ്ദേഹം അന്നത്തെ തലശ്ശേരി ഖാസിയായ മുത്തുക്കോയ തങ്ങളെ ഒരു വിവാദത്തിൽ പരാജയപ്പെടുത്തുകയും അത് ഞങ്ങളുടെ നാട്ടിൽ വമ്പിച്ച കോളിളക്കം സൃഷ്ടിക്കുകയും ചെയ്തു. ഈ സംഭവത്തെ തുടർന്ന് 'ഖാദിയാനിസത്തിന്റെ മരണമണി' എന്ന പേരിൽ ഒരു നോട്ടീസ് പ്രത്യക്ഷപ്പെടുകയുണ്ടായി. നാട്ടിലെ ചില ചെറുപ്പക്കാർക്കിടയിൽ ഈ വിവാദങ്ങൾ ആളിപ്പടർന്നു. സ്വാഭാവികമായും ഞാനും ആ വിവാദങ്ങളിൽ പങ്കെടുത്തു. ഖാത്തമുന്നബിയ്യീൻ, ലാനബിയ്യ ബഅ്ദി എന്നീ പ്രമാണങ്ങളുള്ളിടത്തോളം കാലം ഖാദിയാനികളുടെ വാദത്തിനു പ്രസക്തിയില്ല എന്ന് അഹ്മദിയ്യാ അനുഭാവികളായ ചെറുപ്പക്കാരോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചതായോർക്കുന്നു. എങ്കിലും മേലേക്കണ്ടി കുഞ്ഞാമു സാഹിബിനെതിരെയുള്ള സാമൂഹിക ബഹിഷ്കരണത്തോടും പന്തിവിരോധത്തോടും എന്റെ മനസ്സാക്ഷി യോജിച്ചിരുന്നില്ല. ഈ സംഭവത്തെത്തുടർന്ന് എന്റെ ഗ്രാമത്തിലെ കുറച്ച് യുവാ

എ.പി. കുഞ്ഞാമുസാഹിബ്

ക്കൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിച്ചതോടെ രംഗം ആളിക്കത്തി. മുജാഹിദ് പ്രസ്ഥാനത്തിനു തന്നെ ഈ അടുത്തകാലത്താണ് അവിടെ വേരൂന്നാൻ കഴിഞ്ഞത്. അപ്പോൾ അക്കാലത്തെ ബഹളം പറയേണ്ടതില്ലല്ലോ. അതിന്റെ കാറ്റും കോളുമെല്ലാം കെട്ടടങ്ങി കുറെ കഴിഞ്ഞപ്പോൾ ജനം അതെല്ലാം മറന്നു. പിന്നെയും ഞങ്ങളുടെ നാട്ടിലെ യാഥാസ്ഥിതിക സമൂഹം ക്ഷോഭങ്ങളൊന്നുമില്ലാതെ ശാന്തമായൊഴുകി.

ഞാൻ നല്ലൊരു വോളിബോൾ കളിക്കാരനായിരുന്നു. അതുകൊണ്ടാണ് തലശ്ശേരി ബ്രണ്ണൻ കോളേജിൽ എനിക്ക് സീറ്റ് കിട്ടിയത്. മദ്രാസ് യൂനിവേഴ്സിറ്റിക്ക് വേണ്ടി ബാംഗ്ലൂരിലും മറ്റും പോയി കളിക്കാൻ എനിക്ക് അവസരമുണ്ടായി. ആ അവസരത്തിൽ കളിയുടെ മികവിന്റെ അടിസ്ഥാനത്തിൽ ഒരു ഉയർന്ന എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ വ്യോമസേനയിൽ ചേരാൻ എന്നെ നിർബന്ധിച്ചുവെങ്കിലും വിധി ആ വഴി തട്ടിമാറ്റുകയാണുണ്ടായത്. ഇൻറർമീഡിയറ്റ് വരെ തുടർന്ന എന്റെ വിദ്യാഭ്യാസത്തിന് പിതാവിന്റെ സിലോണിൽ വെച്ചുള്ള മരണത്തോടെ വിരാമമായി. പിന്നീട് കോഴിക്കോട് ഒരു പ്രൈവറ്റ് കമ്പനിയിൽ ശമ്പളക്കാരനായി ജോലി നോക്കി. ജോലിയുടെ ഭാഗമായി കേരളത്തിനകത്തും പുറത്തും ധാരാളം സഞ്ചരിക്കേണ്ടി വന്നു. ഈ കാലഘട്ടം എന്റെ ജീവിതത്തിലെ കറുത്ത അദ്ധ്യായങ്ങളായിരുന്നു. ആ കാലത്താണ് എന്റെ ബാല്യം മുതൽക്കേ ആത്മസുഹൃത്തായിരുന്ന വി. സി. ഉസ്മാൻ സാഹിബുമൊത്ത് ഒരു കച്ചവടം കോഴിക്കോട്ട് ആരംഭിച്ചത്. ഇസ്ലാമിക കർമ്മങ്ങൾ കൃത്യനിഷ്ഠയോടെ പാലിച്ചിരുന്ന ഭക്തനായ എന്റെ സുഹൃത്ത് മുജാഹിദ് പ്രസ്ഥാനക്കാരനായിരുന്നു. അദ്ദേഹവുമായുള്ള സഹവാസം എന്നിൽ പതുക്കെ പരിവർത്തനമുണ്ടാക്കി. ആ സന്ദർഭത്തിലാണ് ജമാഅത്തെ ഇസ്ലാമി നേതാവായ കെ.സി. അബ്ദുള്ള മൗലവി സാഹിബ് കുറ്റിച്ചിറയിൽ ഖാദിയാനികൾക്കെതിരെ പ്രസംഗ പരമ്പര ആരംഭിച്ചത്. അക്കാലത്ത് കോഴിക്കോട് ഖലീഫാ മസ്ജിദിൽ ഖുത്ബയോതിയിരുന്ന അദ്ദേഹത്തിന്റെ പ്രസംഗത്തോട് എനിക്ക് വളരെ ആഭിമുഖ്യമുണ്ടായിരുന്നു. പ്രസംഗങ്ങളെല്ലാം ഞാൻ കൗതുകപൂർവ്വം ശ്രവിച്ചു. കുറ്റിച്ചിറ പ്രസംഗത്തിന്റെ സമാപ്തി ദിനത്തിൽ ഖാദിയാനി പക്ഷത്ത് നിന്നു മറുപടിയുണ്ടാകുമെന്ന ഒരു കൊച്ചു നോട്ടീസ് ലഭിച്ചു. ഏതായാലും അതും കേട്ടുകളയാം എന്നു കരുതി. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. ആയിരുന്നു പ്രഭാഷകൻ. ആ പ്രസംഗധോരണി അക്ഷരാർത്ഥത്തിൽ എന്നെ കീഴ്പ്പെടുത്തി. എച്ച്.എ. എന്ന ചുരുക്കപ്പേരിലറിയപ്പെട്ടിരുന്ന ആ മൗലവി കെ.സി.യുടെ വാദമുഖങ്ങളെ ഒന്നൊന്നായി ഖണ്ഡിച്ചു. പ്രമാണങ്ങൾ നിരത്തിയുള്ള ആ പ്രസംഗത്തിനുമുമ്പിൽ കെ.സി.യുടെ ഒരു ന്യായത്തിനും നിലനിൽപ്പില്ല എന്നെനിക്ക് തോന്നി. പിന്നീട് കോഴിക്കോട്ടെ ദാറുസ്സലാമിൽ വെച്ച് മൗലവി സാഹിബിന്റെ സവിധത്തിൽ നടന്ന നിരന്തരമായ സംശയനിവാരണസംഗമങ്ങളാണ് എന്നെ ഈ പരിശുദ്ധമായ ജമാഅത്തിലെത്തിച്ചത്. മാത്രമല്ല, അല്ലാഹുവിൽ നിന്നുള്ളതാണ് എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്ന നല്ല സ്വപ്നങ്ങളും ഈ ജമാഅത്ത് സത്യമാണെന്ന് എനിക്ക് ദൃഢബോധ്യം വരുത്തി. 1960 സെപ്തംബറിലോ ഒക്ടോബറിലോ ആണ് ഞാൻ ബൈഅത്ത് ചെയ്തത്.

***ചോ: ബൈഅത്ത് ചെയ്തതിന് ശേഷമുള്ള സാഹചര്യം?***

ഉ: ബൈഅത്ത് ചെയ്യുമ്പോൾ വളരെയേറെ പ്രശ്നങ്ങളുണ്ടായിരുന്നു. രണ്ടു സഹോദരികൾ, ഇളയമ്മയുടെ മകൾ ഇവർക്കൊക്കെ ഭർത്താവിനെ കിട്ടാനുള്ള പ്രയാസം. ഞങ്ങൾ കടമായി ചരക്കെടുത്തിരുന്നവരെല്ലാം സുന്നികളായിരുന്നു. ഇതൊക്കെ എന്നെ തുറിച്ചുനോക്കിയ വ്യക്തിപരമായ പ്രതിസന്ധികളായിരുന്നു. എനിക്ക് ഏറ്റവും കൂടുതൽ സഹായകരമായത് എന്റെ ജ്യേഷ്ഠൻ അബുട്ടി സാഹിബ് എന്നോടൊപ്പം ബൈഅത്ത് ചെയ്തിരുന്നു എന്നതാണ്. ഞങ്ങൾ ഇരുവരും ഈ പ്രയാസങ്ങൾ തരണം ചെയ്യാൻ ദൃഢനിശ്ചയമെടുത്തു. മറ്റൊന്ന് എന്റെ വന്ദ്യമാതാവിൽ നിന്ന് എതിർപ്പുണ്ടായിരുന്നില്ല. അവർക്ക് പിന്നീട് ജമാഅത്തിൽ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹു അവർക്ക് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. കുടുംബാംഗങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ലഘുതരമായ എതിർപ്പുകളൊക്കെ ഉണ്ടായിരുന്നു. അല്ലാഹു അതെല്ലാം എനിക്ക് എളുപ്പമാക്കിത്തന്നു. പരീക്ഷണങ്ങൾ എന്ന നിലക്ക് എന്റെ ആത്മീയ ജീവിതത്തിന് അതെല്ലാം നന്മയായായി വന്നു എന്ന് ഞാൻ കരുതുന്നു.

***ചോ: കോഴിക്കോട് ജമാഅത്തായിരുന്നല്ലോ താങ്കളുടെ പ്രവർത്തന രംഗം. താങ്കൾ വരുമ്പോഴും അതിനുശേഷവുമുള്ള കോഴിക്കോടിന്റെ അവസ്ഥ?***

ഉ: കോഴിക്കോട് അനുഗൃഹീതമായ ഒരു ജമാഅത്താണ്. ഭൂരിഭാഗം പേരും സ്വാത്വികരും സാധുക്കളുമായിരുന്നു. സിൽക്ക് സ്ട്രീറ്റിലെ 'ദാറുസ്സലാമി'ലെ അന്നത്തെ ചെറിയ സദസ്സുകൾ എന്നും സജീവമായിരുന്നു. എനിക്ക് ലഭിച്ച ആദ്യത്തെ ഔദ്യോഗികസ്ഥാനം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ് സ്ഥാനമാണ്. രണ്ടാം പ്രാവശ്യവും ഖായിദായി തിരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷം കഴിഞ്ഞപ്പോൾ ജമാഅത്തിന്റെ പ്രസിഡന്റായി. അന്നുമുതൽ എന്റെ ഓർമ്മ ശരിയാണെങ്കിൽ 35 വർഷമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ തുടരുന്നു. (പിന്നീട് കോഴിക്കോടിന്റെ

അമീർസ്ഥാനവും ലഭിച്ചു).

***ചോ: അഹ്മദിയ്യാ ജമാഅത്തിന്റെ സംസ്ഥാന അമീർ എന്ന നിലയ്ക്കുള്ള പ്രവർത്തനം?***

1993 മുതൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ സംസ്ഥാന അമീറാണ്. സാധാരണ തിരഞ്ഞെടുപ്പ് നടത്തി ഖലീഫത്തുൽ മസീഹിന്റെ അംഗീകാരം ലഭിക്കുന്ന രീതിയാണ് ഉണ്ടാവാറുള്ളത്. നേരിട്ടുള്ള നിയമനവും ഉണ്ടാകാറുണ്ട്. ഇത്തവണ ഹുസൂർ തിരുമനസ്സ് എന്നെ നേരിട്ട് രണ്ട് വർഷത്തേക്ക് (2003-05) അമീറായി നിയമിക്കുകയാണുണ്ടായത്. ഈ രംഗത്തെ എന്റെ പ്രവർത്തനങ്ങൾക്ക് ഞാൻ എന്റെ സഹപ്രവർത്തകരോടാണ് കടപ്പെട്ടിരിക്കുന്നത്. അതാത് വകുപ്പ് സെക്രട്ടറിമാർ അവരുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നിർദ്ദിഷ്ട ലക്ഷ്യങ്ങളിലെത്തിക്കണമെന്നാണ് എന്റെ ആഗ്രഹം. അവർക്കെല്ലാം ഒരു പരിധി വരെ വിജയം പ്രാപിക്കാൻ സാധിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

***ചോ: കേരളത്തിലെ പ്രവർത്തനങ്ങൾ? മറ്റു സംസ്ഥാനങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ ജമാഅത്തിലേക്ക് വന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ അങ്ങനെ സംഭവിക്കാതിരിക്കാൻ കാരണം?***

ഉ: കേരളത്തിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. പ്രചാരണ-പ്രസിദ്ധീകരണരംഗത്ത് ഈയടുത്തകാലത്ത് വളരെയേറെ പുരോഗതിയുണ്ടായിട്ടുണ്ട്. പൊതു മാനദണ്ഡമനുസരിച്ച് എണ്ണത്തിൽ കുറവാണെങ്കിലും വൈവിധ്യമുള്ള പല പുസ്തകങ്ങളും ഇറങ്ങിയിട്ടുണ്ട്. അതാത് പ്രദേശത്തുള്ള ജനസംഖ്യയുടെ പത്ത് ശതമാനം പേർക്ക് നമ്മുടെ സാഹിത്യങ്ങൾ എത്തിക്കണമെന്ന ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശം കേരളത്തിൽ വളരെ വ്യവസ്ഥാപിതമായി നടത്തി. മറ്റൊന്ന് ജമാഅത്ത് നാല് പബ്ലിക് സ്കൂളുകൾ നടത്തുന്നു.

മറ്റു സംസ്ഥാനങ്ങളിൽ സംഭവിക്കുന്നതുപോലെ കേരളത്തിൽ ആളുകൾ കൂട്ടംകൂട്ടമായി വരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. യു.പി.യിലും ബംഗാളിലും ജമാഅത്തിന്റെ അംഗസംഖ്യ കോടികൾ കവിഞ്ഞു നിൽക്കുകയാണ്. ഉറുദു സാഹിത്യവുമായി നേരിട്ടു ബന്ധമുള്ളത് കൊണ്ടാവാം അവിടങ്ങളിൽ ഇത്ര വലിയ വിജയങ്ങളുണ്ടാകുന്നത്. കേരളം സാക്ഷരതയിൽ മുന്നിലാണെങ്കിലും മുസ്‌ലിം ജനങ്ങളിൽ ബഹുഭൂരിഭാഗവും യാഥാസ്ഥിതിക ഉലമാക്കളുടെ കീഴിലാണ്. മറ്റു മുസ്‌ലിം കക്ഷികളും ഇവിടെ സജീവമാണ്. അവർ ജമാഅത്തിനെതിരെ ജനങ്ങൾക്കിടയിൽ വളരെ വിപുലമായും ആഴത്തിലും തെറ്റിദ്ധാരണകൾ പരത്തുന്നു. തീർച്ചയായും ഈ അവസ്ഥക്ക് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അടുത്ത് തന്നെ കേരളത്തിലും അഹ്മദിയ്യത്തിലേക്ക് ജനപ്രവാഹമുണ്ടാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ പണിപ്പുരയിലാണ് ജമാഅത്ത് - ഇൻശാ അല്ലാഹ്.

***ചോ: കേരളത്തിൽ മറ്റു മതകക്ഷികളുമായി ജമാഅത്തിനുള്ള ബന്ധം?***

ഉ: അവർ പല കക്ഷികളായി ഭിന്നിച്ചു നിൽക്കുന്നുവെങ്കിലും അഹ്മദിയ്യാ ജമാഅത്തിനെ എതിർക്കുന്ന കാര്യത്തിൽ എല്ലാവരും ഒന്നാണ്. 72 കക്ഷികളും മോക്ഷാർഹമായ ഒരു കക്ഷിയും എന്ന റസൂൽ തിരുമേനിയുടെ പ്രവചനമാണ് വാസ്തവത്തിൽ ഇവിടെ പുലരുന്നത്. മറ്റു കക്ഷികൾ അഹ്മദികളെ അവരുടെ വേദികളിലൊന്നും ക്ഷണിക്കാറില്ല. അഹ്മദികൾക്ക് അവരോടെല്ലാം അനുകമ്പാപൂർണമായ സമീപനമാണുള്ളത്.

***ചോ: കേരളത്തിലെ പൊതുസമൂഹത്തെപ്പറ്റിയുള്ള അഭിപ്രായം?***

ഉ: ഇന്ത്യയിലെ ഏറ്റവും സാക്ഷരസംസ്ഥാനം എന്ന നിലയ്ക്ക് കേരളം വളരെ പ്രബുദ്ധമാണ്. പൗരാവകാശത്തെപ്പറ്റിയും മതസൗഹാർദ്ദത്തെപ്പറ്റിയും ഇവിടത്തുകാർക്കറിയാം. കേരളത്തിലെ ബുദ്ധിജീവികൾക്കിടയിൽ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ഔത്സുക്യം വർധിച്ചുവരുന്നതായി കാണുന്നുണ്ട്. ഈയ്യിടെ കോട്ടയം, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ നടത്തിയ പുസ്തക പ്രദർശനങ്ങൾ വമ്പിച്ച വിജയമായിരുന്നു. ധാരാളം പുതിയ അന്വേഷകരെയും അത് സൃഷ്ടിച്ചിട്ടുണ്ട്.

എ.പി. കുഞ്ഞാമുസാഹിബ്

***ചോ: ഖലീഫത്തുൽ മസീഹുമായുള്ള ബന്ധം?***

ഉ: ലോകത്തിലുള്ള എല്ലാ അഹ്മദികളും അവരുടെ ആത്മീയ നേതാവായ ഹുസൂറുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. അതിന്നായി കത്തെഴുതുവാൻ അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കാറുമുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ ഓരോ വ്യക്തിയും അവരുടെ വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങളും ദുഃഖങ്ങളും സന്തോഷങ്ങളും ഹുസൂർ തിരുമനസ്സുമായി പങ്കുവയ്ക്കുകയും പ്രാർത്ഥനക്ക് അപേക്ഷിക്കുകയും ചെയ്യാറുണ്ട്. കേരളത്തിന്റെ പല പ്രവർത്തനങ്ങളെയും അവിടുന്ന് പ്രകീർത്തിച്ചിട്ടുണ്ട്. തെറ്റുകൾ കാണുമ്പോൾ തിരുത്തിയിട്ടുമുണ്ട്.

***ചോ: ഇന്ത്യയിലുള്ള പ്രവർത്തനം?***

ഉ: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ അഭൂതപൂർവ്വമായ പുരോഗതിയാണുണ്ടായിട്ടുള്ളത്. യു.പി., ബംഗാൾ, ആന്ധ്ര എന്നീ സംസ്ഥാനങ്ങളാണ് മുന്നിൽ. ഏകദേശം 8 കോടി അഹ്മദികൾ ഇന്ത്യയിലുണ്ട്. മസീഹ് മൗഊദിന്റെ (അ)

എ.പി. കുഞ്ഞാമുസാഹിബ്

ഗ്രന്ഥങ്ങളുമായി നേരിട്ട് ബന്ധപ്പെടാൻ അവർക്കു കഴിയുന്നു. നിരക്ഷരരും ഇസ്‌ലാമിനെക്കുറിച്ച് യാതൊന്നും അറിയാത്തവരുമായ ഗ്രാമീണരായ പാവപ്പെട്ട മുസ്‌ലിംകളും അക്കൂട്ടത്തിലുണ്ട്.

***ചോ: ആഗോളവ്യാപകമായി ജമാഅത്തിന്റെ പ്രവർത്തനം?***

ഉ: ഇസ്‌ലാം എന്ന സാർവജനീന വിശ്വമതത്തിന്റെ സാക്ഷാൽക്കാരമാണ് അഹ്മദിയ്യാ ജമാഅത്ത്. 178 ഓളം രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. 100 ലോകഭാഷകളിൽ ഖുർആൻ വിവർത്തനം ഏകദേശം പൂർത്തിയായി വരുന്നു. മലയാളത്തിലുള്ളത് രണ്ട് വർഷം മുമ്പ് പൂർത്തിയായി. എം.ടി.എ. എന്ന ടെലിവിഷൻ ചാനൽ ഇസ്‌ലാം മതപ്രചാരണവുമായി രംഗത്തുണ്ട്.

***ചോ: മതങ്ങളുടെ നാടായ ഇന്ത്യയിലാണല്ലോ വാഗ്ദത്ത മഹ്ദി ജനിച്ചത്. മറ്റ് മുസ്‌ലിം നാടുകളെ അപേക്ഷിച്ച് ഭാരതസമൂഹത്തിനും സർക്കാരിനും അഹ്മദികളോടുള്ള സമീപനം?***

ഉ: വിവിധ മതങ്ങളുടെ സജീവ സാന്നിദ്ധ്യമുള്ള ഇന്ത്യയിലാണ് അല്ലാഹു വാഗ്ദത്ത് മസീഹി(അ)നെ അയച്ചത്. എല്ലാ മതസ്ഥരും ഒരു വാഗ്ദത്ത പരിഷ്കർത്താവിനെ പ്രതീക്ഷിച്ചിട്ടുണ്ട്.

ഹദ്റത്ത് അഹ്മദ് (അ) എല്ലാ മതസ്ഥർക്കുമായിട്ടാണ് അവതീർണനായത്. ഇന്ത്യ മതങ്ങളുടെ നാടായിരിക്കെ ത്തന്നെ മതേതരരാഷ്ട്രം കൂടിയാണ്. നമ്മുടെ ഭരണം എല്ലാ മതങ്ങൾക്കും ഇവിടെ വിശ്വാസസ്വാതന്ത്ര്യവും പ്രചാരണ സ്വാതന്ത്ര്യവും ഭരണഘടനാപരമായ അവകാശമായി അംഗീകരിച്ചിരിക്കുന്നു. വാസ്തവത്തിൽ ഇത് ഒരു ഇസ്‌ലാമിക മൂല്യമാണ്. മറിച്ച്, മുസ്‌ലിം രാജ്യങ്ങളിൽ മറ്റു മതസ്ഥർക്ക് എന്നുവേണ്ട മുസ്‌ലിം കക്ഷികൾക്ക് പോലും പ്രവർത്തന സ്വാതന്ത്ര്യമോ പ്രചാരണ സ്വാതന്ത്ര്യമോ ഇല്ല. ഇസ്‌ലാമിക രാജ്യങ്ങൾ ഭാരതത്തെ ഇക്കാര്യത്തിൽ അനുകരിക്കേണ്ടതുണ്ട്. കാരണം ഭാരതമാണ് ഇക്കാര്യത്തിൽ ഇസ്‌ലാമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നത്.

***ചോ: ഇപ്പോഴത്തെ രാഷ്ട്രീയ രംഗത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം?***

ഉ: അഹ്മദിയ്യാ ജമാഅത്തിന് സജീവ രാഷ്ട്രീയമില്ല. അതേസമയം ജനങ്ങളുടെ സിവിൽ ജീവിതത്തെപ്പറ്റി ബോധവാന്മാരുമാണ്. രാഷ്ട്രീയമില്ല എന്നതിനർത്ഥം, സന്യാസതുല്യമായ അരാഷ്ട്രീയതയാണെന്നല്ല. ഇവിടെ മതേതരത്വത്തെ അനുകൂലിക്കുന്നവർ ഉണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. രാഷ്ട്രീയത്തിൽ മതം കലരാൻ അനുവദിക്കരുത്. മതരാഷ്ട്രവാദം ആരുടേതായാലും അംഗീകരിക്കാൻ സാധ്യമല്ല. അത്തരം രാഷ്ട്രീയപ്പാർട്ടികൾക്ക് അഹ്മദികൾ വോട്ട് നൽകി അനുകൂലിക്കില്ല. ഭരണഘടനാനുസൃതം നിലവിൽ വന്ന ഒരു ഗവൺമെന്റിനെ അവരുടെ ആശയം എന്തായിരുന്നാലും ശരി, ആ ഭരണകൂടത്തെ അനുസരിക്കാൻ പ്രതിജ്ഞാബദ്ധരാണ് അഹ്മദികൾ. അനുഗൃഹീതമായ ഈ രാജ്യം ക്ഷേമരാഷ്ട്രമായിത്തീരാനും ഈ നാടിന്റെ യശസ്സ് ലോകം മുഴുവനും വ്യാപിക്കാനും അഹ്മദികൾ ആഗ്രഹിക്കുന്നു.

***ചോ: താങ്കൾക്ക് ഏറ്റവും സന്തോഷം തോന്നിയ സന്ദർഭം?***

ഉ: ഹുസൂർ തിരുമനസ്സിന് രോഗം പിടിപെട്ടപ്പോൾ തീർത്തും അവശനാവുകയുണ്ടായി. അദ്ദേഹത്തിന് ഖുത്ബ നിർവഹിക്കാൻ പോലും സാധ്യമാവാതെ വന്നു. അതിന് ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗവിമുക്തനായി പൂർണ ആരോഗ്യത്തോടെ ഖുത്ബയിലും മറ്റുപരിപാടികളിലും പഴയ ഊർജ്ജസ്വലതയോടെ പങ്കെടുത്തു തുടങ്ങിയപ്പോൾ എനിക്ക് വളരെയേറെ സന്തോഷം തോന്നി.

***ചോ: ഏറ്റവും ദുഃഖിപ്പിച്ച സന്ദർഭം?***

ഉ: നമ്മുടെ ഒരു സഹോദരൻ കൊടുങ്ങല്ലൂർ സലിം സാഹിബിനെ അഹ്മദിയ്യത്തിന്റെ എതിരാളികൾ മർദ്ദിച്ച് പരിക്കേൽപ്പിച്ചപ്പോൾ നിസ്വാർത്ഥനായ ആ യുവാവിന്റെ അവസ്ഥയോർത്ത് ഞാൻ ദുഃഖിച്ചിട്ടുണ്ട്.

***ചോ: അമേരിക്കയുടെ ഇറാഖ് യുദ്ധത്തെപ്പറ്റിയുള്ള അഭിപ്രായം?***

ഉ: ഇറാഖ് യുദ്ധം മൂന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കമായാണ് ഞാൻ കാണുന്നത്. എണ്ണ കൈയ്യടക്കാനുള്ള തികച്ചും അനീതിപരമായ അമേരിക്കയുടെ യുദ്ധമാണിത്. ആ എണ്ണയുടെ പങ്ക് റഷ്യ, ചൈന, ഫ്രാൻസ്, ജർമ്മനി എന്നിവർക്കും വേണ്ടേ? തീർച്ചയായും യുദ്ധാനന്തരം ഒരു രാഷ്ട്രീയ ശാക്തിക ധ്രുവീകരണത്തിന് സാധ്യതയുണ്ട്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദിന്റെ (അ) പ്രവചനങ്ങളിൽ സർവ്വനാശകാരിയായ ഇത്തരം ഒരു മഹായുദ്ധത്തെപ്പറ്റി മുന്നറിയിപ്പുണ്ട്. മനുഷ്യൻ ദൈവത്തെയും ധാർമികമൂല്യങ്ങളെയും തിരസ്ക്കരിക്കുന്നത് കൊണ്ടാണ് ഇത്തരം വിപത്തുകൾ ഉണ്ടാകുന്നത്. മുസ്‌ലിംകൾ അവരുടെ മോചകനായി വന്ന മസീഹിനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ ഖലീഫയുടെ കീഴിൽ അണിനിരന്ന് പ്രവർത്തിച്ചാലല്ലാതെ ഈ വിപത്തിൽ നിന്നു മോചനം ലഭിക്കില്ല. തീർച്ചയായും ഒരു ലോകവ്യാപകമായ യുദ്ധത്തിന്ന് ശേഷം സർവ്വമതങ്ങളും പ്രബോധിച്ച സമാധാനസമ്പൂർണമായ ലോകക്രമം വരുമെന്നാണ് അഹ്മദികൾ കരുതുന്നത്. ഇൻശാ അല്ലാഹ്, അങ്ങനെ ഒരു ലോകം വേഗം വന്നണയാൻ നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. ●

കെ.പി.എ. പുന്നോൽ

ഏ.പി. കുഞ്ഞാമുസാഹിബ്

# ദിവംഗതനായ കുഞ്ഞാമുസാഹിബ്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുൻ സംസ്ഥാന അമീർ ജ: ഏ.പി. കുഞ്ഞാമു സാഹിബ് അന്തരിച്ചു. (ഇന്നാലില്ലാഹി....) മരണം സ്വാഭാവികമായ അപ്രതിരോധ്യമായ ഒരു പ്രതിഭാസമാണ്. മുഹമ്മദ് നബി(സ) അടക്കം എല്ലാ പ്രവാചകന്മാരും മൃതിയുടെ അലംഘനീയ നിയമത്തിന് കീഴടങ്ങിയവരാണ്. എങ്കിലും നമ്മുടെ സമീപസ്ഥനും പ്രിയങ്കരനുമായ കുഞ്ഞാമുസാഹിബിന്റെ വിയോഗം നമ്മെ ദുഃഖിപ്പിക്കുന്നു.

കുഞ്ഞാമുസാഹിബ് എങ്ങനെ മരിച്ചു എന്നതിനേക്കാൾ സുപ്രധാനം എങ്ങനെ ജീവിച്ചു എന്നതാണ്. അദ്ദേഹത്തിന്റെ അഞ്ചാറു ദശകങ്ങളായുള്ള ജീവിതത്തിലെ ധാർമികത്വവും സമൂഹത്തോടും ജമാഅത്തിനോടുമുള്ള പ്രതിബദ്ധതയും ശ്ലാഘിക്കപ്പെടേണ്ടത് തന്നെയാണ്. മരണപ്പെട്ട മനുഷ്യനെപ്പറ്റി ചരമക്കുറിപ്പെഴുതുമ്പോൾ അദ്ദേഹം ചെയ്ത സൽക്കർമ്മങ്ങൾ പ്രകീർത്തിക്കുക ഒരു സൽക്കർമ്മം കൂടിയാണ്. അദ്ദേഹത്തിന്റെ ജന്മഗ്രാമത്തിന്റെ അയൽപ്രദേശത്ത് തലശ്ശേരിക്കടുത്ത് ന്യൂമാഹിയിലെ ഒരു കടലോരഗ്രാമമാണ് പുന്നോൽ. നൂറ്റാണ്ടുകൾക്ക് മുൻപ് ഫ്രാൻസ്, ബ്രിട്ടൻ എന്നീ അധിനിവേശ ശക്തികൾ ദശാബ്ദങ്ങളോളം യുദ്ധം നടത്തുകയും ടിപ്പുസുൽത്താനും ഹൈദരാലിയും പടയോട്ടം നടത്തുകയും, പുരാതന ചരിത്രത്തിൽ കുറുങ്ങോട്ടുനാട് എന്ന് വിശേഷിപ്പിക്കപ്പെടുകയും ചെയ്യുന്ന ചരിത്രമുറങ്ങുന്ന പ്രദേശമാണ് പരേതന്റെ ജന്മനാട്.

പുന്നോലിലെ പ്രശസ്ത കുടുംബങ്ങളിലൊന്നായ ആലമ്പത്ത് തറവാട്ടിൽ 1933ലാണ് അദ്ദേഹം ജനിച്ചത്. ശ്രീലങ്കയിലെ നിഗമ്പോവിൽ ഒരു പ്രസിദ്ധ വ്യാപാര സ്ഥാപനത്തിന്റെ ഉടമയും ഫ്രഞ്ചു മാഹി സ്വദേശിയുമായ കുഞ്ഞിപോക്കർ പിതാവും കുഞ്ഞി മറിയം മാതാവുമാണ്. ആലമ്പത്ത് കുടുംബത്തിന്റെ വക ഒരു പള്ളിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ലോവർ പ്രൈമറി സ്കൂളിലാണ് അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. മാഹി എം.എം. ഹൈസ്കൂളിൽ പത്താം ക്ലാസ് പാസായ ശേഷം തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിൽ ഉപരിപഠനത്തിനു ചേർന്നു. പഠനകാലത്തു കലാകായിക പ്രവർത്തനങ്ങളിൽ അതീവ തൽപരനായിരുന്ന അദ്ദേഹം ഒരു നല്ല നടനും ബ്രണ്ണൻ കോളേജിലെ അന്നത്തെ മികച്ച വോളിബോൾ കളിക്കാരനുമായിരുന്നു. പുന്നോലിലെ ഒരു പൊതുവായനശാലക്കുവേണ്ടി പ്രവർത്തിച്ചിരുന്ന അദ്ദേഹം വായനശാലയുടെ ധനസമ്പാദനത്തിനുവേണ്ടി ഒന്നിലേറെ നാടകത്തിൽ അഭിനയിച്ചിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് പിതാവും മൂത്ത സഹോദരന്മാരും ശ്രീലങ്കയിലെ വ്യാപാരസമുച്ചയങ്ങളുപേക്ഷിച്ച് സ്വദേശത്തേക്കു തിരിച്ചതാണ് കുഞ്ഞാമുസാഹിബിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവ്. ഇത് അഹ് മദിയ്യാ പ്രസ്ഥാനത്തോടു ബന്ധപ്പെടുവാൻ ഒരു നിമിത്തമായി.

ബിസിനസ്സ് തിരക്കിനിടയിൽ വീണു കിട്ടുന്ന ചില സായാഹ്നങ്ങളാണ് എനിക്ക് കുഞ്ഞാമുസാഹിബുമായി സംവദിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും സഹായകമായത്. ആരംഭത്തിൽ നിസ്സംഗതയും അവഗണനയും പ്രകടിപ്പിച്ചെങ്കിലും നിരന്തരമുള്ള വായനക്കും സംവാദത്തിനും ശേഷം അഹ്മദിയ്യാ തത്ത്വങ്ങൾക്ക് പയ്യെ പയ്യെ വഴങ്ങിത്തുടങ്ങി. തുടർന്ന് മതസാഹിത്യത്തിൽ പ്രത്യേകിച്ച് ഇസ്‌ലാം സാഹിത്യത്തിൽ താല്പര്യം കാണിച്ചു തുടങ്ങിയ അദ്ദേഹം ജമാഅത്തിന്റെ രണ്ടാം ഖലീഫയുടെ തഫ്സീർ കബീർ എന്ന ബൃഹത്തായ ഖുർആൻ ഭാഷ്യം വായിച്ചതോടെ അഹ്മദിയ്യാ തത്ത്വങ്ങളുമായി താദാത്മ്യം പ്രാപിക്കുകയും അഹ്മദിയ്യാ സാഹിത്യങ്ങൾ പഠിക്കുന്നതിൽ പ്രത്യേകം താല്പര്യം കാണിക്കുകയും ചെയ്തു.

1960-ൽ അനുസരണ പ്രതിജ്ഞയെടുത്ത് ബൈഅത്ത് ചെയ്തതോടെ അദ്ദേഹം അഹ്മദിയ്യത്തിന്റെ സംഘടനാ പ്രവർത്തനങ്ങളിൽ മെല്ലെ മെല്ലെ ഭാഗഭാക്കായി. ക്രമത്തിൽ ജമാഅത്തിന്റെ പ്രചാരണ വകുപ്പിന്റെ ചുമതല അദ്ദേഹത്തിന്റെ ഉത്തരവാദിത്തത്തിലായി. എറണാകുളത്തു വെച്ച് നടന്ന എ.ഐ.സി.സി. സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ അഹ്മദിയ്യാ ജമാഅത്തിന്റെ ആശയ പ്രചാരണം വിജയിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചവരിൽ ഒരാളായിരുന്നു കുഞ്ഞാമുസാഹിബ്.

കുറേക്കാലം കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹം ജമാഅത്തിന്റെ അമീറായി തിരഞ്ഞെ

ഏ.പി. കുഞ്ഞാമുസാഹിബ്

# ഒടുവിൽ ആ ജീവിതത്തിനും തിരശ്ശീല വീണു!

**കുഞ്ഞാലൻ ഹാജി, തിരൂർ**

**കേ**രളത്തിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മുൻ സംസ്ഥാന അമീർ ഏ.പി. കുഞ്ഞാമുസാഹിബ് അന്തരിച്ചു. ഇന്നാലില്ലാഹ്....

ഒരു ദശകത്തിലേറെ ജമാഅത്തിന്റെ സംസ്ഥാന അമീറായിരുന്ന അദ്ദേഹം കേരളാ ജമാഅത്ത് ആറ് മേഖലകളായി ഭാഗിച്ചപ്പോൾ കോഴിക്കോട് മേഖലയുടെ മാത്രം ചുമതലയുള്ള അമീറായി അവരോധിക്കപ്പെട്ടുവെങ്കിലും ചില സംസ്ഥാന കാര്യങ്ങളുടെ ചുമതല അദ്ദേഹത്തിൽ തന്നെയാണ് നിക്ഷിപ്തമായിരുന്നത്. സംസ്ഥാന അമീർ എന്ന നിലയിൽ തന്നെയാണ് ഈ വിനീതനടക്കം പല അഹ്മദീ സഹോദരങ്ങളും അദ്ദേഹത്തെ സമീപിച്ചിരുന്നതും ഉപദേശ നിർദ്ദേശങ്ങൾ തേടിയിരുന്നതും.

തന്റെ അഭിപ്രായം മുഖം നോക്കാതെ വെട്ടിത്തുറന്ന് പറയാറുണ്ടായിരുന്ന അദ്ദേഹത്തിന്റെ അനിതരസാധാരണമായ ആജ്ഞാശക്തിയും നേതൃത്വപാടവവും എന്നും വേറിട്ടു നിന്നിരുന്നു.

ഇസ്ലാമിനേയും അഹ്മദിയ്യത്തിനേയും ആഴത്തിൽ പഠിച്ചു മനസ്സിലാക്കിയ അദ്ദേഹം ഒരു നല്ല എഴുത്തുകാരനായിരുന്നുവെങ്കിലും ശ്രോതാക്കളെ ആവേശം കൊള്ളിച്ചു

ടുക്കപ്പെട്ടു. ഈ ലാവണത്തിലിരിക്കെയാണ് 1999ൽ തിരഞ്ഞെടുപ്പു കൂടാതെ അദ്ദേഹത്തെ കേരള സംസ്ഥാന അമീറായി നിയമിച്ചുകൊണ്ട് ലണ്ടനിൽ നിന്ന് ഖലീഫത്തുൽ മസീഹ് നാലാമൻ മിർസാ ത്വാഹിർ അഹ്മദ് (റഹ) പ്രഖ്യാപനം നടത്തിയത്. ഈ അംഗീകാരം അദ്ദേഹത്തിന്റെ പ്രവർത്തനനിരതയുടേയും ആത്മാർത്ഥതയുടേയും തൊപ്പിയിന്മേൽ ചാർത്തപ്പെട്ട ഒരു പൊൻതൂവലായി കണക്കാക്കാം.

പഞ്ചാബിലെ ഖാദിയാനിൽ വർഷം തോറും നടക്കാറുള്ള ലോക മുസ്ലിം സമ്മേളനത്തിൽ പലപ്പോഴായി പങ്കെടുത്തിട്ടുണ്ട്. ചില സമ്മേളനങ്ങളിൽ അദ്ധ്യക്ഷപദവി നൽകിക്കൊണ്ട് അദ്ദേഹത്തെ കേന്ദ്രം ബഹുമാനിച്ചിട്ടുണ്ട്.

സങ്കീർണ്ണമായ പ്രശ്നങ്ങളിൽ പെട്ടെന്ന് സുദൃഢമായ തീരുമാനമെടുക്കുന്ന കാര്യത്തിൽ അമീർ സാഹിബ് കെൽപുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് അഹ്മദിയ്യാ ജമാഅത്തിന്റെ മലയാള മുഖപത്രമായ സത്യദൂതൻ മാസികയുടെ പ്രസിദ്ധീകരണം കൂടുതൽ കാര്യക്ഷമതക്കു വേണ്ടി കോഴിക്കോട്ടേക്ക് മാറ്റിയത്. ജമാഅത്തിന്റെ വകയായ ഫസലെ ഉമർ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ നിതാന്തപരിശ്രമം ശ്ലാഘനീയമത്രെ. ഈ വിദ്യാലയങ്ങൾ, 100% വിജയം കൊയ്തുകൊണ്ട് പ്രശസ്തമായി നടന്നു വരുന്നു.

മുതലക്കുളത്ത് മനോഹരമായ പള്ളിയും കോഴിക്കോട്ടെ മറ്റു ചില പള്ളികളും അഹ്മദിയ്യാ കോപ്ലക്സിൽ ഒരു റഫറൻസ് ലൈബ്രറിയും വായനശാലയും അടങ്ങുന്ന കെട്ടിടങ്ങളും സ്ഥാപിക്കപ്പെട്ടതും സത്യാന്വേഷികൾക്ക് മാർഗദർശനം ലഭിക്കുന്ന അനേകം പ്രബോധന ഗ്രന്ഥങ്ങൾ അടങ്ങുന്ന ഒരു ബുക്ക് സ്റ്റാൾ സ്ഥാപിക്കപ്പെട്ടതും കുഞ്ഞാമു സാഹിബിന്റെ കാലത്താണ്.

അദ്ദേഹം ഒരു നല്ല എഴുത്തുകാരനും പ്രാസംഗികനുമായിരുന്നു. ചെന്നേടത്തെല്ലാം തന്റെ മഹത് സാന്നിധ്യം കൊണ്ടു വേറിട്ടു നിൽക്കുന്ന ഒരു വ്യക്തിയായിരുന്നു അമീർ സാഹിബ്. സങ്കീർണ്ണമായ വിഷയങ്ങളിലും മനസ്സിലാക്കാൻ പ്രയാസമായ ഖുർആൻ ആയത്തുകളിൽ തഫ്സീർ കബീറിന്റെ ചുവടുപിടിച്ചു വിശദീകരിച്ചുകൊണ്ടും ധാരാളം ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. മിനാരത്ത് എന്ന ഇംഗ്ലീഷ് മാസികയിലും അദ്ദേഹം ലേഖനം എഴുതിയിട്ടുണ്ട്.

പഴയകാല അഹ്മദിയ്യാ വിശ്വാസിയും പുന്നോലിൽ അഹ്മദിയത്ത് പരിചയപ്പെടുത്തിയദേഹവും പണ്ഡിതനും തപാൽവകുപ്പിലെ ഒരു ഉദ്യോഗസ്ഥനുമായിരുന്ന ജ: കെ.പി. ഉസ്മാൻ സാഹിബിന്റെ മകളായ ജമീലയാണ് സഹധർമ്മിണി.

അനശ്വരമായി യാതൊന്നുമില്ലല്ലോ. സുൽത്താനായാലും ഫക്കീറായാലും അവസാനമായി അവശേഷിക്കുന്നത് അവന്റെ ചരിത്രം മാത്രമാണ്. നമ്മുടെ പ്രിയങ്കരനായ അമീർ സാഹിബും ചരിത്രം മാത്രം അവശേഷിപ്പിച്ചുകൊണ്ട് കടന്നുപോയിരിക്കുന്നു. നമ്മുടെ ഓർമ്മയിൽ എന്നെന്നും നിലനിൽക്കാൻ വേണ്ടി അദ്ദേഹത്തേയും നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്താം. ●

"ഹിയർ" വിളിപ്പിയ്ക്കുന്ന വാചാല പ്രാസംഗികനായിരുന്നില്ല. പക്ഷേ, ഒരു പഠന ക്ലാസിന്റെ പ്രതീതി ജനിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഗഹനവും പ്രൗഢഗംഭീരവുമായ ചുരുങ്ങിയ വാക്കുകൾ കേൾക്കുമ്പോൾ അറിയാതെ ''തക്ബീർ'' മുഴക്കാൻ തോന്നിപ്പോകുമായിരുന്നു. പല തവണ കേട്ട കാര്യങ്ങളാണെങ്കിൽ പോലും കുഞ്ഞാമുസാഹിബിന്റെ ജിഹ്വയിൽ നിന്നവ കേൾക്കുമ്പോൾ അതിനൊരു നവചൈതന്യവും ഗാംഭീര്യവും കൈവന്നതായി അനുഭവപ്പെടാറുണ്ടായിരുന്നു. ഈയിടെ കോഴിക്കോടു നടന്ന 'നബി കീർത്തന' യോഗത്തിൽ വെച്ചാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനമായി കേട്ടത്. ഏത് സദസ്സിലും തലയെടുപ്പുള്ള ഗൗരവപ്രകൃതക്കാരനായിരുന്ന അദ്ദേഹത്തിന്റെ മുഖത്തെ പ്രസന്നതയും ചുണ്ടിലെ മന്ദഹാസവും ഒരിക്കലും മാഞ്ഞുപോയിരുന്നില്ലെന്ന് മാത്രമല്ല. അദ്ദേഹത്തെ സമീപിക്കുന്നവരോടു പ്രകടിപ്പിക്കാറുണ്ടായിരുന്ന വിനയം അതനുഭവിച്ചവരിൽ എന്നും ഒരു മധുര സ്മരണയായി നിലനിൽക്കും.

സത്യദൂതൻ ലേഖനങ്ങളിലെ (അമീർ സാഹിബിന്റേതല്ല) ചില പരാമർശങ്ങളിൽ സംശയം ഉന്നയിച്ചുകൊണ്ടെഴുതി അറിയിച്ചാൽ പിശക് പറ്റിയതാണെങ്കിൽ അതംഗീകരിച്ചുകൊണ്ടും എന്റെ തെറ്റിദ്ധാരണയാണെങ്കിൽ അത് തിരുത്തി വിശദീകരിച്ചുകൊണ്ടും ഒട്ടും വൈകാതെ മറുപടി അയക്കാറുണ്ടായിരുന്നു. ഒരു തവണ "മിനാറത്തി"ൽ (Minaret) ഒരു ഖുർആൻ സൂക്തത്തിന്ന് നൽകിയ പരിഭാഷയിൽ വന്ന പ്രമാദം ചൂണ്ടിക്കാണിച്ചെഴുതിയപ്പോൾ അശ്രദ്ധ മൂലം വന്നു പോയ അബദ്ധത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടദ്ദേഹം മറുപടി അയക്കുകയുണ്ടായി.

പ്രായാധിക്യവും (ഈ വിനീതനും ഏറെക്കുറെ അമീർ സാഹിബിന്റെ പ്രായക്കാരനാണ്) നിരന്തരം ശല്യപ്പെടുത്തുന്ന രോഗങ്ങളും കാരണം ചെറിയ പടികൾ കയറാൻ മാത്രമല്ല നടക്കാൻ പോലും ഒരാളുടെ സഹായം വേണ്ടി വന്നിട്ടും കോഴിക്കോട്ട് നടക്കാറുണ്ടായിരുന്ന ജമാഅത്തിന്റെ എല്ലാ പരിപാടികളിലും അദ്ദേഹത്തിന്റെ സജീവസാന്നിദ്ധ്യം നിറഞ്ഞു നിന്നിരുന്നു. ഒടുവിൽ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. ഉന്നതന്മാർ മരണപ്പെടുമ്പോൾ 'തീരാനഷ്ടം' 'നികത്താനാവാത്ത വിടവ്' എന്നെല്ലാം വിലപിക്കാറുണ്ട്. അതേവർക്കും മനഃപ്പാഠമുള്ള സാധാരണ ശൈലിയാണ്. എന്നാൽ അഹ്മദികളുടെ വിലാപം അത്തരം രാഷ്ട്രീയ ശൈലിയുള്ളതല്ല. ഖിലാഫത്തിലധിഷ്ഠിതമായ അഹ് മദിയ്യാ മുസ്‌ലിം ജമാഅത്ത് സൽക്കർമകാരികളായ സത്യവിശ്വാസികൾക്ക് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ചു കനിഞ്ഞു നൽകിയ "അനാമത്താ"ണ്. അതിനെ കാത്തു സൂക്ഷിക്കേണ്ടതും അഭിവൃദ്ധിപ്പെടുത്തേണ്ടതും ജീവിച്ചിരിക്കുന്നവരുടെ ബാധ്യതയാണ്. ജമാഅത്തിന് നേതൃത്വം നൽകി സേവനം ചെയ്തുകൊണ്ടിരിക്കുന്നവരെ അവധി എത്തിയാൽ അല്ലാഹു തിരിച്ചുവിളിച്ചേക്കാം. അത്തരക്കാരുടെ വിയോഗം മൂലം ഉളവാകുന്ന വിടവ് നികത്തി കാലോചിതമായി ജമാഅത്തിന്റെ സാരഥ്യം വഹിക്കാൻ യോഗ്യരായ വ്യക്തികളെ അല്ലാഹു തന്നെ നിശ്ചയിച്ചുതരുന്നതാണ്. അതുകൊണ്ട് നിരാശയും ആലസ്യവും ഉപേക്ഷിച്ചു മർഹൂം കുഞ്ഞാമു സാഹിബിന്റെ സ്മരണ നിലനിറുത്തിക്കൊണ്ടുതന്നെ അദ്ദേ ഹം ദൗത്യം ദൃഢനിശ്ചയത്തോടെ ഏറ്റെടുത്ത് നമുക്ക് മുന്നേറാം. അല്ലാ ഹു തുണക്കുമാറാകട്ടെ. അദ്ദേഹം സത്യദൂതനിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന "നമ്മുടെ വിയോജിപ്പുകൾ" എന്ന ലേഖന പരമ്പര മുഴുവനായി എഴുതി ഏൽപ്പിച്ചിട്ടില്ലെങ്കിൽ അത് നിലച്ചുപോയതു തന്നെ. എങ്കിലും എഴുതിയേടത്തോളം ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഒരു ചെറുഗ്രന്ഥമായി പ്രസിദ്ധീകരിച്ചാൽ അതദ്ദേഹത്തിന്റെ മറ്റൊരു സ്മാരകമായിത്തീരുമെന്നതിനുപുറമെ ജമാഅത്തിനൊരു മുതൽക്കൂട്ടും അത് വായിക്കാൻ സന്മനസ്സു കാണിക്കുന്ന അനഹ്മദികൾക്കൊരു മാർഗ്ഗദർശനവുമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

എ.പി. കുഞ്ഞാമുസാഹിബ്

കുഞ്ഞാമു സാഹിബിന്റെ ദുനിയാവിലെ പ്രവർത്തന രംഗത്തിന്നു തിരശ്ശീല വീണു കഴിഞ്ഞു. ഇനി അദ്ദേഹത്തി ന്റെ ആത്മാവിൽ നിത്യശാന്തിയും പരലോകമോക്ഷവും നിന്റെ സവിധത്തിൽ ഉന്നതസ്ഥാനവും നൽകി അനുഗ്രഹിക്കേണമേ, ആമീൻ യാറബ്ബൽ ആലമീൻ.

●

---

(32 -ാം പേജിൽ നിന്ന് തുടർച്ച)

അദ്ദേഹം ഉപേക്ഷിച്ചു. അഹ്മദിയ്യത്തിന്റെ പുരോഗതിക്കുവേണ്ടി രാപ്പകൾ അദ്ദേഹം അക്ഷീണം പ്രയത്നിച്ചുവെന്നുള്ളതാണ് സത്യം. നാവുകൊണ്ടും തൂലികകൊണ്ടും ജീവിത മാതൃക കൊണ്ടും ജമാഅത്തിനെ സേവിച്ച ഒരു മഹാവ്യക്തിയാണ് അദ്ദേഹത്തിന്റെ വേർപാടിലൂടെ നമുക്ക് നഷ്ടമായിട്ടുള്ളത്. അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ.

തലശ്ശേരി പുന്നോലിലെ 'കുഴിച്ചാൽ പൊന്നമ്പത്ത്' എന്ന വിശ്രുത കുടുംബത്തിലെ പ്രമുഖാംഗവും സാമൂഹിക പ്രവർത്തകനും അഹ്മദിയും ആയിരുന്ന പരേതനായ കെ. പി. ഉസ്മാൻ സാഹിബിന്റെ ഏകമകളും പോയ കാല പ്രതാപികളായ ആനക്കാരുടെ കുടുംബപരമ്പരയിലെ മർഹൂം എ. അബ്ദുർറഹ്മാൻ സാഹിബിന്റെ മരുമകളായ ജമീലാസാഹിബയാണ് കുഞ്ഞാമുസാഹിബിന്റെ സഹധർമ്മിണി.

●

എ.പി. കുഞ്ഞാമുസാഹിബ്

# "സ്നേഹധനനായ എന്റെ ഉപ്പാപ്പ"

**റോഷൻ അഹ്മദ് വി.പി.**

ഉപ്പാപ്പയുടെ വിയോഗദുഃഖത്തിൽ നിന്ന് മാനസികമായി കരകയറുന്നതിന് മുമ്പായിത്തന്നെ ഈയൊരു ചെറിയ ഓർമക്കുറിപ്പിൽകൂടി എന്റെ ദുഃഖം വായനക്കാരുമായി പങ്കിടുകയാണ്.

ഉപ്പാപ്പ ഞങ്ങൾക്ക് സ്നേഹധനനായ ഉപ്പാപ്പ എന്നതിലുപരി ഒരു സുഹൃത്തിനെപ്പോലെയായിരുന്നു. ഒരിക്കലും ദ്വേഷ്യപ്പെടാതിരുന്ന ആ മുഖം മനസ്സിൽ നിന്ന് മായ്ച്ചുകളയാൻ ആവില്ല. കാരണം ഓർക്കുന്തോറും ഉള്ളിൽ തേങ്ങലുകൾ ഉറഞ്ഞുകൂടുന്നു.

ജീവിതമൂല്യങ്ങളടങ്ങിയ അർത്ഥവത്തായ കഥകൾ പറഞ്ഞുതരുന്നതോടൊപ്പം ഉപ്പാപ്പ തമാശകൾ പറഞ്ഞ് രസിപ്പിക്കുമായിരുന്നു. നബിമാരുടെ കഥകൾ പറഞ്ഞ് ഉപദേശങ്ങൾ നൽകാൻ ഒരു പ്രത്യേക കഴിവ് ഉപ്പാപ്പക്കുണ്ടായിരുന്നു. മൂസാനബിയുടേയും (അ) യൂസുഫ് നബിയുടേയും (അ) ഇബ്രാഹിം നബി(അ) യുടെയും കഥകൾ പറഞ്ഞു കൊണ്ട് സാരോപദേശങ്ങൾ നൽകിയിരുന്നതോടൊപ്പം, അറബിക്കഥകളിലെ തൂഫാൻ കുതിരപ്പുറത്തേറി കഥ കേൾക്കുന്ന കുട്ടിയുടെ കഥ ഇപ്പോഴും ഓർമയിൽ തങ്ങി നിൽക്കുന്നതാണ്. എല്ലാ പേരക്കുട്ടികളും കഥ കേൾക്കാനുള്ള തത്രപ്പാടിൽ ഉപ്പാപ്പാന്റെ ദേഹത്ത് കയറി മലക്കം മറിഞ്ഞാലും ചിരിച്ചുകൊണ്ടിരിക്കുമെന്നല്ലാതെ ഒരിക്കലും ദ്വേഷ്യപ്പെടുമായിരുന്നില്ല. എന്തിനേയും പ്രസന്നമുഖത്തോടെ നേരിടാനുള്ള ഉപ്പാപ്പാന്റെ കഴിവ് പല സന്ദർഭങ്ങളിലും നേരിൽ കണ്ടിട്ടുള്ള എനിക്ക് അദ്ഭുതത്തോടെ സ്മരിക്കാനേ കഴിയൂ.

പള്ളിയിലെ പരിപാടികളിലൊക്കെ പങ്കെടുക്കാൻ കർശനമായി പറയുമായിരുന്നു. പലപ്പോഴും അത്ഫാലുൽ അഹ്മദിയ്യ സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ വിജയിയായിക്കൊണ്ട് സമ്മാനം ഉപ്പാപ്പാന്റെ കൈയിൽ നിന്ന് വാങ്ങിക്കാനുള്ള ഭാഗ്യവും എനിക്കുണ്ടായിട്ടുണ്ട്. വീട്ടിലെത്തിയാൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നോട്ട് പോകാൻ ഉപദേശിക്കുമായിരുന്നു. അത് പോലെ നല്ലൊരു സ്പോർട്സ് മാൻ ആയിരുന്നു ഉപ്പാപ്പ. സ്പോർട്സിൽ പങ്കെടുക്കുവാൻ പറയുന്നതോടൊപ്പം നേട്ടങ്ങളിൽ അഭിനന്ദിക്കുവാൻ മറക്കുമായിരുന്നില്ല.

അഞ്ച് നേര നിസ്ക്കാര കാര്യത്തിൽ ശ്രദ്ധ ചെലുത്താൻ പ്രത്യേകം നിർദ്ദേശിക്കുന്നതോടൊപ്പം തഹജ്ജുദ് നിസ്ക്കാരത്തിനായി എല്ലാ മക്കളുടേയും വീടുകളിൽ ടെലിഫോൺ ചെയ്ത് അവരെ ഉണർത്തുമായിരുന്നു. എന്റെ സഹോദരൻ പഠനാർത്ഥം താമസിക്കുന്ന സേലത്ത് പോലും മൊബൈലിൽ വിളിച്ചുണർത്തുമായിരുന്നു.

ജമാഅത്തിന്റെ ഔദ്യോഗിക വൃത്തിയിൽ എത്രമാത്രം നിഷ്കർഷ ഉണ്ടായിരുന്നു എന്നത് ഏതാനും വരികളിൽ ഞാനിവിടെ വ്യക്തമാക്കാൻ കൂടി ഉദ്ദേശിക്കുന്നു. പലപ്പോഴും അസുഖമായി കിടപ്പായിരുന്നാലും മറ്റു ജമാഅത്തുകളിൽ നിന്ന് വരുന്ന ടെലിഫോൺ വിളികൾ അസുഖമൊക്കെ മറന്നുകൊണ്ട് അറ്റന്റ് ചെയ്യുമായിരുന്നു. അതുപോലെ തന്നെ കാലിൽ നീരു വന്ന് വയ്യാതായാലും 'സത്യദൂതനി'ലേക്കുള്ള ലേഖനങ്ങളും അതുപോലെ പല സ്ഥലങ്ങളിൽ നിന്ന് വരുന്ന കത്തുകൾക്ക് മറുപടിയും എഴുതുവാൻ ഇരിക്കും. അതു മാറ്റിവച്ച് കൊണ്ട് വിശ്രമിക്കാൻ ഞാനും, ഉമ്മയും, ഉമ്മാമയും പറയുന്നത് കേൾക്കാതെ ആ കൃത്യങ്ങളൊക്കെ പൂർത്തിയാക്കിയിട്ടേ ഉപ്പാപ്പ വിശ്രമിക്കുമായിരുന്നുള്ളൂ. 'സത്യദൂതനി'ലേക്കുള്ള ലേഖനത്തിൽ ആവശ്യമായ സൂറത്തുകളും അതിന്റെ അർഥവും ഉപ്പാപ്പ പറയുന്നതനുസരിച്ച് ഖുർആനിൽ നിന്ന് ഞാൻ വായിച്ചുകൊടുക്കുമായിരുന്നു. അങ്ങനെ ആ പ്രവൃത്തിയിൽ ഉപ്പാപ്പായെ സഹായിക്കുവാനുള്ള ഭാഗ്യം എനിക്കുമുണ്ടായി. അത്തരം ചെറിയ സഹായങ്ങൾക്കുപോലും ഉപ്പാപ്പ "ജസാക്കുമുള്ളാഹ്" എന്നു പറയാൻ മടിച്ചിരുന്നില്ല.

എല്ലാ പേരക്കുട്ടികളുടേയും വിദ്യാഭ്യാസകാര്യത്തിൽ വളരെ ശ്രദ്ധ ചെലുത്തിയിരുന്നു. പരീക്ഷയിൽ നല്ല

*(ശേഷം 44-ാം പേജിൽ)*

ഏ.എം. മുഹമ്മദ് സലീം

ഏ.പി. കുഞ്ഞാമുസാഹിബ്

# അമീർ സാഹിബിനെ ഓർക്കുമ്പോൾ

അമീറാകാൻ വേണ്ടി ദൈവം ജനിപ്പിച്ച ഒരാളെപ്പോലെയായിരുന്നു കുഞ്ഞാമു സാഹിബ്. ജന്മസിദ്ധമായി അദ്ദേഹത്തിന് ലഭിച്ച ബൃഹദാകാരവും തലയെടുപ്പും കുലീനത്വവും അഭിജാതമായ പെരുമാറ്റവും മിതത്വവും സർവ്വോപരി മേധാശക്തിയും..... പ്രത്യക്ഷ ലക്ഷണങ്ങൾ കൊണ്ടു തന്നെ തേനീച്ചക്കൂട്ടത്തിലെ റാണിയെപ്പോലെ അദ്ദേഹത്തെ അമീറാണെന്ന് തിരിച്ചറിയാമായിരുന്നു. മാത്രമല്ല, കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ടും അമീറുമായി 35 വർഷവും സംസ്ഥാന അമീറായി 12 വർഷവും നേതൃപദവിയിലിരുന്ന അദ്ദേഹം കേരളത്തിലെ അഹ്മദികളുടെ ഹൃദയ മസ്തിഷ്ക്കങ്ങളിൽ അമീറായി ഉൾച്ചേർക്കപ്പെട്ട ഒരു വ്യക്തിത്വമായിരുന്നു. അമീറെന്ന് ഉച്ചരിക്കപ്പെടുമ്പോൾ അഹ്മദികളുടെ മനസ്സിൽ ഓടിയെന്ന ഒരു സ്മരണ പോലെ ആ സ്ഥാനവുമായി അത്രക്ക് അദ്ദേഹം താദാത്മ്യം പ്രാപിച്ചിരുന്നു.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു ഖിലാഫത്ത് വ്യവസ്ഥയാണ്. മറ്റു സംഘടനകളിൽ നിന്നും വ്യത്യസ്തമായി അത് മനുഷ്യജീവിതത്തിന്റെ സർവ്വതലങ്ങളേയും സ്പർശിച്ചു നിൽക്കുന്നു. വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ നാനാവിധ പ്രശ്നങ്ങളോടും ഇസ്ലാമികമായ അഭിമുഖീകരണം അതാവശ്യപ്പെടുന്നു. മൂന്നര പതിറ്റാണ്ടു വിവിധങ്ങളായ മാനുഷിക പ്രശ്നങ്ങൾ നീതിനിഷ്ഠയോടെയും ഇസ്ലാമികമായ ഉൾക്കാഴ്ചയോടെയും കൈകാര്യം ചെയ്ത അദ്ദേഹം ജീവിതാനുഭവങ്ങളെ സംബന്ധിച്ച ഒരു എൻസൈക്ലോപീഡിയ ആയിരുന്നു.

അമീറായി സുദീർഘമായ 12 വർഷം അദ്ദേഹം വിരാജിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിനു കീഴിൽ കേരളത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ശക്തമായ മുന്നേറ്റങ്ങൾ നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ നയിക്കുന്ന ഖിലാഫത്തിന്റെ സൂര്യകിരണങ്ങൾ ഒരു ഭൂതക്കണ്ണാടിയിലെന്നപോലെ സമാഹരിച്ച് ശക്തമാക്കി തന്റെ അധികാരമേഖലയിലേക്ക് പ്രതിഫലിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. കേരളത്തിലെ ജമാഅത്തുകളെ ഏകോപിപ്പിച്ച് സമഗ്രമായ ഒരസ്ഥിവാരത്തിലുറപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ ജീവകോശങ്ങൾക്കും പോഷണം ലഭ്യമാക്കുന്ന ഹൃദയം പോലെ അദ്ദേഹം കേരള ജമാഅത്തുകളെ സജീവമാക്കി. ഇത് കേരളത്തിലെ മൊത്തം ജമാഅത്തുകളെ വളരെ ചലനാത്മകമാക്കുകയുണ്ടായി. സംസ്ഥാന തലത്തിൽ കേരളത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ അത് സഹായകരമായി.

സാമ്പത്തിക ശേഷിയില്ലാത്ത ജമാഅത്തുകളുടെ പള്ളി നിർമ്മാണം, കെട്ടിട നിർമ്മാണങ്ങൾ, കുടുംബപ്രാരാബ്ദങ്ങൾ പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സമ്പന്ന ജമാഅത്തുകളിൽ നിന്ന് ധനം സമാഹരിച്ചു ആനുപാതികവും സമീകൃതമായ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. കേരളത്തിലെ അഹ്മദികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഫസ്ലെ ഉമർ എഡുക്കേഷനൽ ട്രസ്റ്റ് രൂപവത്കരിക്കാനും അദ്ദേഹത്തിന്റെ നേതൃത്വത്തിന്ന് കഴിഞ്ഞു.

അമീർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന മറക്കാനാവാത്ത സംസ്ഥാന സമ്മേളനങ്ങൾ കേരള ജമാഅത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. കേരളത്തിലെ അഹ്മദികൾക്ക് പരിചയപ്പെടാനും ബന്ധങ്ങൾ അറക്കിട്ടുറപ്പിക്കാനുമുള്ള ഒരു ഹൃദയസംഗമ വേദികൂടിയായിരുന്നു അത്തരം സംസ്ഥാന സമ്മേളനങ്ങൾ. അതുപോലെ എക് സിബിഷൻ അൽ ഖുർആൻ പ്രദർശനവും കേരളത്തിലെ ശ്രദ്ധ പിടിച്ചുപറ്റിയ തബ്ലീഗ് സംരംഭമായിരുന്നു. സജീവമായ ആ കാലഘട്ടം ഗൃഹാതുരത്വമുളവാക്കുന്നത് പോലെയുള്ള ഒരു സ്മരണയായി നില്ക്കുന്നു.

ജമാഅത്തിന്റെ വ്യവസ്ഥകൾ തന്റെ സ്വതഃസിദ്ധമായ കണിശതയോടും ആജ്ഞാശക്തിയോടും അദ്ദേഹം നടപ്പാക്കി. സൗമ്യതയുടെ നിറകുടമായിരുന്നു അദ്ദേഹം. വിട്ടുവീഴ്ചയും അനുകമ്പയും അദ്ദേഹത്തിന്റെ അധികാര ശക്തിയെ ആർദ്രപൂരിതമാക്കിയിരുന്നു. ചില ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ നടപടികൾ അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവികമായും ചില



എ.പി. കുഞ്ഞാമുസാഹിബ്

മാനസികസംഘർഷങ്ങളും അതുണ്ടാക്കി. ഉചിതജ്ഞതയോടെയുള്ള അദ്ദേഹത്തിന്റെ ഈ ശൈലി കേരളത്തിൽ അഹ്മദിയ്യാജമാഅത്ത് ഒരു ഖിലാഫത്ത് വ്യവസ്ഥയാണെന്ന അവബോധം ഊട്ടിയുറപ്പിക്കാൻ സഹായകരമായി. പല ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്നവർക്ക് ജമാഅത്ത്, ഇമാറത്തിലധിഷ്ഠിതമായ ഗൗരവമേറിയ ആത്മീയപ്രസ്ഥാനമാണെന്ന അറിവ് പകരാൻ ഈയൊരു ശൈലി സഹായകരമായി. നീതിനിഷ്ഠയും നിക്ഷ്പക്ഷതയും നിസ്വാർത്ഥതയുമാണ് അദ്ദേഹത്തെ നിർഭയനായി പ്രവർത്തിക്കാൻ പ്രാപ്തനാക്കിയത്. ഈ നിർഭയത്വം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു.

'നമ്മുടെ വിയോജിപ്പുകൾ' എന്ന പേരിൽ അദ്ദേഹമെഴുതിയ സുദീർഘമായ ലേഖനപരമ്പര മറ്റേതൊരു ലേഖനത്തേക്കാളും വായനക്കാരിൽ പ്രതികരണമുണ്ടാക്കി. അഹ്മദിയ്യാ ജമാഅത്തും മറ്റു ഇസ്ലാമിക പ്രസ്ഥാനങ്ങളുമായുള്ള വ്യത്യാസങ്ങൾ വളരെ ലളിതമായ ശൈലിയിൽ സരളമായി വിവരിച്ചുകൊണ്ട് അദ്ദേഹമെഴുതിയത് ധാരാളം വായനക്കാരെ പ്രത്യേകിച്ചും അനഹ്മദി മുസ്‌ലിംകളെ ആകർഷിക്കുകയുണ്ടായി. വായനക്കാരിൽ നിന്നും നിരവധി പ്രതികരണങ്ങൾ ആ ലേഖനത്തിനുണ്ടായി. കഴിഞ്ഞ ലക്കത്തിലെ 'ജിന്ന് ആരാണ്?' എന്ന ലേഖനം എഴുതിക്കൊണ്ടാണ് വിജ്ഞാനദാഹിയും വിജ്ഞാന പ്രചാരകനുമായ അമീർ സാഹിബ് യാത്രയായത്.

എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്, അദ്ദേഹത്തിന്റെ ഉയർന്ന യുക്തിബോധവും സത്യം വിശകലനം ചെയ്ത് കണ്ടെത്താനുള്ള അഭിനിവേശവുമാണ്. താൻ മനസ്സിലാക്കിയത് തെറ്റാണെങ്കിൽ അത് ഉപേക്ഷിക്കാനുള്ള ബുദ്ധിപരമായ സത്യസന്ധതയും അദ്ദേഹം കാട്ടി. വൈജ്ഞാനിക വിഷയങ്ങളിൽ അദ്ദേഹം ഒരു സംഭാഷണ പ്രിയനായിരുന്നു. ധിഷണാസംഘർഷമുണ്ടാക്കുന്ന ചർച്ചകൾ അദ്ദേഹം ഇഷ്ടപ്പെടുകയും അതിൽ ഭാഗഭാക്കാകുകയും ചെയ്തു. ചിന്തകളിലും അഭിപ്രായങ്ങളിലും പ്രത്യുൽപന്നമതിത്വവും പുരോഗമനേച്ഛയും നിഴലിച്ചിരുന്നു. യാഥാസ്ഥിതികത്വത്തെ ഹൃദയാത്മനാ അദ്ദേഹം വെറുത്തു. വിയോജിപ്പുകളും എതിർന്യായങ്ങളും കേൾക്കാനും മനസ്സിലാക്കാനുമുള്ള ഔത്സുക്യവും സ്വന്തം നിലപാടുകളെ പുനഃപരിശോധിക്കാനും വേണ്ടിവന്നാൽ മാറ്റാനും അദ്ദേഹം കാണിച്ച ആത്മധീരതയും മാതൃകാപരമാണ്.

അദ്ദേഹം കൈകാര്യം ചെയ്ത മറ്റൊരു രംഗം മാസപ്പിറവിയുടേതായിരുന്നു. ഏകദേശം കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടിലേറെയായി കേരളത്തിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മിക്കവാറും വേറിട്ട ദിവസങ്ങളിലായിരുന്നു മാസമുറപ്പിച്ചത്. നിഷ്ക്കളങ്കരായ അഹ്മദികളിൽ ഇത് ചില പ്രയാസങ്ങളുണ്ടാക്കിയിരുന്നു. മാസപ്പിറവി ഒരു നിലക്കും കാണാൻ സാധ്യമല്ലാത്ത അമാവാസിക്ക് മുമ്പു പോലും ഇവിടെ ചിലപ്പോൾ ഭൂരിപക്ഷ മുസ്‌ലിംകളിൽപെട്ടവർ മാസമുറപ്പിച്ചിട്ടുണ്ടായിരുന്നു. ഭൂരിപക്ഷത്തിൽപ്പെട്ടവർ തന്നെ രണ്ട് ദിവസങ്ങളിൽ മാസപ്പിറവി പ്രഖ്യാപനം നടത്തിയ സന്ദർഭവും ഉണ്ടായിട്ടുണ്ട്. മതനേതൃത്വങ്ങൾ പേശീബലപ്രകടനത്തിന് മാസപ്രഖ്യാപനം വേദിയാക്കുകയായിരുന്നു. സമുദായത്തിലെ പ്രമാണിമാരും രാഷ്ട്രീയക്കാരും ചേർന്ന് ഈ പിരിമുറുക്കങ്ങളും മുറുമുറുപ്പും മാസപ്പിറവിത്തലേന്ന് അണിയറയിൽ സമവായത്തിലൂടെ പരിഹരിക്കലാണ് പതിവ്. ചന്ദ്രപ്പിറവി കാണാൻ തീരെ സാധ്യതയില്ലാത്ത ദിവസം ചന്ദ്രപ്പിറവി നോക്കാൻ മുസ്ലിം സമുദായത്തോട് ഖാളിമാർ ആഹ്വാനം ചെയ്യുമ്പോൾ തന്നെ ഇക്കാര്യത്തിൽ വിവരമുള്ളവർ മൂക്കത്ത് വിരൽ വെക്കാറുണ്ട്. അമീർ സാഹിബ് ഈ കോലാഹലങ്ങളെല്ലാം പരിഹാസപൂർവ്വം സസൂക്ഷ്മം നിരീക്ഷിക്കുകയും ചർച്ചചെയ്യുകയും ചെയ്യുമായിരുന്നു. ഖാളിമാരുടെ ആഹ്വാനം കേട്ട് ആകാശത്ത് പിറവി ചന്ദ്രനുണ്ടെന്ന വിശ്വാസത്തിൽ നോക്കുന്ന ഏതെങ്കിലുമൊരു ഭൂരിപക്ഷ മുസ്‌ലിം സമുദായാംഗം മാനത്ത് കാണുന്ന മിന്നലാട്ടമോ അയാളുടെ ദൃഷ്ടിഭ്രമമോ ചന്ദ്രപ്പിറവിയായി തെറ്റിദ്ധരിക്കുന്നു. അങ്ങനെ അയാൾ അത് ഖാളിയുടെ മുമ്പിൽ വെച്ച് സത്യം ചെയ്താൽ മുസ്‌ലിം ഭൂരിപക്ഷത്തിന് നോമ്പും പെരുന്നാളുമായി. ഒന്നോ രണ്ടോ പേർ, ഒന്നോ രണ്ടോ സ്ഥലങ്ങളിൽ കാണുന്ന ഈ ചന്ദ്രപ്പിറവി നാടകം ഖാളിയുടെ സാക്ഷ്യപ്പെടുത്തലോടെ മഹാഭൂരിപക്ഷം മുസ്‌ലിംകളുടേയും ആഘോഷമായി മാറുന്നു. വാസ്തവത്തിൽ അവർ മാസപ്പിറവി കണ്ട ദിശയിൽ ചന്ദ്രൻ എത്തിയിരുന്നുവെങ്കിൽ ഈ സൗരയൂഥ വ്യവസ്ഥ തന്നെ തകർന്നുപോകുമായിരുന്നു. ഈ ശാസ്ത്രചിന്തയും യുക്തിബോധവും സുന്നികളുടെയും മുജാഹിദുകളുടേയും അടുത്ത് വിലപ്പോവില്ല. ഇത്തരത്തിലുള്ള മൃഗീയ ഭൂരിപക്ഷത്തിന്റെ ചന്ദ്രപ്പിറവിപ്രഖ്യാപനത്തിന്റെ കപടനാടകങ്ങളെപ്പറ്റി യുക്തിബോധവും കൂർമ്മബുദ്ധിയുമുള്ള അദ്ദേഹം പഠിച്ചു മനസ്സിലാക്കിയിരുന്നു. മഹാഭൂരിപക്ഷം പെരുന്നാളിന്റെ ലഹരിയിലമരുമ്പോൾ ഈ അന്തർനാടകങ്ങളൊന്നുമറിയാത്ത നിഷ്ക്കളങ്കരായ ചില അഹ്മദികൾ പരിഭവവുമായി അമീർ സാഹിബിനെ സമീപിക്കാറുണ്ട്. അത്തരക്കാരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തലായിരിക്കും മാസപ്പിറവി പ്രഖ്യാപനത്തെത്തുടർന്നുള്ള അദ്ദേഹത്തിന്റെ മുഖ്യ ജോലി.

ഞങ്ങളെ കാഫിറാക്കി നരകത്തിൽ തള്ളുന്ന ഭൂരിപക്ഷത്തെ ഭയപ്പെടാതെ വിശ്വാസത്തിൽ അല്പം ദാർഢ്യം കാട്ടി നാം ഇതിനെ തരണം ചെയ്യണമെന്നായിരുന്നു അദ്ദേഹം അവരെ ഉപദേശിച്ചത്. ഈ വിഷയം

എ.പി. കുഞ്ഞാമുസാഹിബ്

ശാസ്ത്രീയമായി പഠിച്ചു മനസ്സിലാക്കി അവരെക്കൂടി ബോധവാന്മാരേക്കേണ്ട നാം ഭൂരിപക്ഷത്തിൽ ഭ്രമിച്ച് ബേജാറാവുന്നത് സത്യാധിഷ്ഠിതവും തിരുത്തൽശക്തിയുമായ അഹ്മദിയ്യത്തിന് ചേർന്നതല്ല എന്നും അദ്ദേഹം അവരെ ഉണർത്താറുണ്ടായിരുന്നു. ഭൂരിപക്ഷ പ്രീണനമല്ല സത്യമാണ് നമുക്ക് പ്രമാണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച നിലപാട്. ഗോളചലനങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാഹു നിർണയിച്ച കണിശമായ ഒരു നിയമവ്യവസ്ഥയുടേയും തിയതിസംവിധാനത്തിന്റേയും ഭാഗമാണ് മാസപ്പിറവി നിർണ്ണയം. അത് നീക്കുപോക്കുകളുടേയും അഡ്ജസ്റ്റ്മെന്റിന്റേയും ആഘോഷക്കൂട്ടായ്മയുടേയും പ്രശ്നമല്ലെന്നും അദ്ദേഹത്തിന് നന്നായറിയാമായിരുന്നു. കഴിഞ്ഞ ഒന്നരപ്പതിറ്റാണ്ടുകാലമായി സഊദി അറേബ്യ അമാവാസിയുടെ അടിസ്ഥാനത്തിൽ മാസപ്രഖ്യാപനം നടത്തുന്നതാണ് ആഗോളവ്യാപകമായി മാസനിർണ്ണയത്തിലുണ്ടായ പ്രശ്നങ്ങൾക്ക് കാരണമെന്ന് അദ്ദേഹം മനസ്സിലാക്കി. ഈ ഘട്ടത്തിൽ തന്നെയാണ് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഈ കുഴപ്പത്തിൽ നിന്നും അഹ്മദികളെ രക്ഷിക്കാൻ ലണ്ടനിലെ ഗ്രീനിച്ച് റോയൽ ഒബ്സർവേറ്ററിയിലെ വാനനിരീക്ഷികരുമായി ചർച്ച ചെയ്തത് ഒരു ശാസ്ത്രീയ മാനദണ്ഡം ആവിഷ്കരിച്ചത്. അമീർ സാഹിബ് ആ മാനദണ്ഡം കേരളത്തിൽ നടപ്പാക്കി വ്യാജമാസ പ്രഖ്യാപനത്തിൽ നിന്ന് കേരളത്തെ രക്ഷിച്ചു. കേരളത്തിൽ മാത്രമാണ് സഊദിയുടെ മിഥ്യാമാസങ്ങളെ അയുക്തമായി അനുകരിച്ച് മാസപ്പിറവി നാടകങ്ങൾ അരങ്ങേറുന്നത്. കേരളത്തിന്റെ അതേ രേഖാംശത്തിലുള്ള ഇന്ത്യയിലെല്ലായിടത്തും അമീർ സാഹിബിന്റെ നേതൃത്വത്തിലുള്ള ഹിലാൽ കമ്മിറ്റി നിർണയിക്കുന്ന അതേദിവസം തന്നെയാണ് നോമ്പും പെരുന്നാളും ആഘോഷിച്ചിരുന്നത്. സഊദിയിലെ മുസ്‌ലിം പണ്ഡിതന്മാർ തന്നെ ഈ വർഷം അതിനെതിരെ വിമർശിച്ചുകൊണ്ടെഴുതിയ ലേഖനവും അമീർ സാഹിബ് വായിച്ചിരുന്നു.

ലാളിത്യത്തിന്റേയും എളിമത്വത്തിന്റേയും ആത്മീയബലം അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ലൗകികതയുടെയും തീക്ഷ്ണമായ ഭൗതികാന്വേഷണങ്ങളുടേയും ആരാവാരങ്ങളില്ലാത്ത ആത്മീയതയുടെ സ്വഛതീരങ്ങളണയാൻ അദ്ദേഹത്തിന്റെ ഹൃദയം വെമ്പൽ കൊണ്ടിരിക്കാം. സത്യത്തിന്റെ പേരിൽ പീഡനമനുഭവിക്കുന്ന തന്റെ പ്രസ്ഥാനത്തിന്റെ നിസ്വത, എളിമത്വം, സാധുത്തരം എന്നിവ വിശുദ്ധമായ ആത്മീയ ചിഹ്നങ്ങളായി അദ്ദേഹം ഗണിച്ചു.

ഈ ലേഖകന് അമീർസാഹിബുമായുള്ള ആത്മബന്ധം ആഴമേറിയതാണ്. അദ്ദേഹത്തിൽ നിന്ന് എനിക്ക് കിട്ടിയ താങ്ങും തണലും വിവരിക്കുക സാധ്യമല്ല. എന്നെ സത്യദൂതൻ പത്രാധിപരാക്കിയത് അദ്ദേഹമാണ്. സമീപകാലത്ത് ബൈഅയ്യത്ത് ചെയ്ത എന്നെ സത്യദൂതന്റെ പത്രാധിപ പ്രസ്ഥാനത്തേക്ക് നിർദ്ദേശിച്ചപ്പോൾ അതിന്റെ അസാംഗത്യമോർത്ത് ഞാൻ പിൻവാങ്ങുകയായിരുന്നു. അതിനുള്ള യാതൊരു യോഗ്യതയുമില്ലാത്ത എന്നെ ഈ സ്ഥാനത്ത് നിയമിക്കുന്നത് സാഹസികതയാണെന്നും ഞാൻ അദ്ദേഹത്തെ ബഹുമാനപുരസ്സരം ഉണർത്തി. ദീനിന്റെ സേവനത്തിന് വിളിക്കപ്പെട്ടാൽ അത് ഭാഗ്യമായി കരുതി സ്വീകരിക്കുകയാണ് വേണ്ടതെന്നും അല്ലാഹുവാണ് കാര്യങ്ങൾ നടത്തുന്നതെന്ന ഓർമ്മ വേണമെന്നും അദ്ദേഹം എന്നെ താക്കീത് ചെയ്യുകയാണുണ്ടായത്. പിതൃതുല്യം ബഹുമാനിക്കുന്ന അദ്ദേഹത്തിന്റെ സ്നേഹപൂർണമായ ആജ്ഞക്കു ഞാൻ വഴങ്ങുകയായിരുന്നു. പിന്നീട് ഒരു പ്രതിരോധഭിത്തി പോലെ എന്നെ അദ്ദേഹം സംരക്ഷിച്ചു. പ്രസംഗം ഇപ്പോഴും എനിക്ക് വഴങ്ങുന്ന ഒരു കലയല്ല. സഭാകമ്പമോർത്ത് വേദികളിൽ നി ന്നും പിൻവാങ്ങി നിന്ന എന്നെ നിർ ബന്ധിച്ചും ചിലപ്പോൾ ശാസിച്ചും അമീർ സാഹിബാണ് രണ്ട് വാക്ക് പറയാൻ പ്രാപ്തനാക്കിയത്. കോഴിക്കോട് ജമാഅത്തിലെ ജനറൽ സെക്രട്ടറി, ഖായിദ്, സയിം, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിലെല്ലാം അദ്ദേഹത്തിന് കീഴിൽ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.

വെള്ളിയാഴ്ച പള്ളിയിൽ ജുമാനമസ്കാരത്തിൽ പങ്കെടുത്തു, പതിവിനു വിപരീതമായി തിടുക്കത്തിൽ അദ്ദേഹം പോയി. മരണക്കിടക്കയിൽ രണ്ട് ദിവസം മാത്രമേ അദ്ദേഹം കിടന്നുള്ളൂ. ബാക്കി മൂന്നര പതിറ്റാണ്ടുകാലം ദീനിനെ നേതൃപദവിയിരുന്ന് സേവിക്കാൻ അല്ലാഹു അദ്ദേഹത്തിന് അവസരം കൊടുത്തു. ഇത് അത്യപൂർവ്വമായൊരു ഭാഗ്യമാണ്. ഖിലാഫത്തിന്റെ ആദ്യനൂറ്റാണ്ടിൽത്തന്നെ അദ്ദേഹം ജീവിതം പൂർത്തിയാക്കി. ആത്മീയജ്യോതിസ്സിൽ നിന്നും ലൗകിക ശിശിരങ്ങളുടെ നൂറ്റാണ്ടുകളിലേക്ക് കാലം കൂലംകുത്തിയൊഴുകുകയാണ്. സമാന്തരമായി അഹ്മദിയ്യാ ജമാഅത്തും ഗതിവേഗം കൊള്ളുകയാണ്. കാലത്തിന്റെ വർണ്ണം സ്വീകരിക്കേണ്ടവരല്ല അഹ്മദികൾ. കാലം അഹ്മദിയ്യത്തിന്റെ വർണ്ണം സ്വീകരിക്കുന്ന നാൾ വരാതെ വയ്യ. ഒരു വസന്തം നമുക്കായി കാത്തിരിക്കുന്നു. നിസ്വതയുടേയും, അവഗണനയുടേയയും, ദൈന്യതയുടെയും ആദിമ നൂറ്റാണ്ടുകളിലാണ് നാമിപ്പോൾ. നമ്മുടെ ദുഃഖങ്ങളും പ്രയാസങ്ങളും നമ്മോടൊപ്പം പങ്കുവെച്ച് നമ്മെ ആശ്വസിപ്പിക്കുകയും നമ്മെ നയിക്കുകയും ചെയ്ത മഹത്തുക്കളിൽ പെട്ട ഒരാളാണ് അമീർ സാഹിബ്. അല്ലാഹു അദ്ദേഹം ചെയ്ത സേവനങ്ങൾക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ജന്നത്തും മഗ്ഫിറത്തും നൽകി അദ്ദേഹത്തെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ)

കവിത

# വെളിച്ചം

**അനിലൻ**

മാനവമനസ്സിന്റെ
യജ്ഞത നീങ്ങാൻ പുണ്യ-
ഗ്രന്ഥമാണല്ലൊ, ഖുറാൻ
പാവനം, പരിശുദ്ധം!
ആ മഹാഗ്രന്ഥത്തിന്റെ
വ്യാപ്തിയെ വർണ്ണിക്കുവാൻ
മാനവർക്കസാധ്യമാ-
ണറിവിൻ ഭണ്ഡാകാരം!
കീർത്തിക്കാം നമുക്കൊന്നി-
ച്ചല്ലാഹുതാൻ പാദത്തിൽ
പ്രാർത്ഥിക്കാം ബോധം നൽകാൻ
സോദരന്മാരായെന്നും

സ്രഷ്ടാവിൻ മഹത്വത്തെ
അറിയാൻ, പരിശുദ്ധ-
ഖുറാൻ പാരായണ-
മേവർക്കും സൗഖ്യം നൽകും
ഐക്യവും സാഹോദര്യ-
സ്നേഹവും നൽകും, ശുദ്ധ-
ജ്ഞാനത്തെ ഉദ്ദീപിപ്പി-
ച്ചീടുമാ, ഗ്രന്ഥം ശ്രേഷ്ഠം!
വിശുദ്ധ നബി, പുണ്യ-
ഖുറാനു,മിവിശ്വത്തെ-
നിർമ്മലമാക്കിത്തീർത്തു
സ്രഷ്ടാവിൻ, കാരുണ്യത്താൽ!

*(40 -ാം പേജിൽ നിന്ന് തുടർച്ച)*
മാർക്ക് വാങ്ങാൻ ഉപദേശിക്കുന്നതോടൊപ്പം നല്ല മാർക്ക് കിട്ടിയാൽ ഉപ്പാപ്പാന്റെ വക ചെറിയ സമ്മാനം അത് മിഠായിയായാലും നൽകി പ്രോത്സാഹിപ്പിക്കുമായിരുന്നു. ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കണമെന്നും പേരക്കുട്ടികളെല്ലാവരും ഉയർന്ന നിലയിൽ എത്തണമെന്നും എപ്പോഴും പറയുമായിരുന്നു.

തഹജ്ജൂദ് നിസ്ക്കാരത്തിനായി ഏകദേശം 2 മണിക്കൂർ സമയം ചെലവഴിക്കുന്നത് കണ്ടപ്പോൾ ഇത്രമാത്രം സമയം എടുത്ത് നിസ്ക്കരിക്കുന്നത് എന്താണെന്ന് ചോദിച്ചാൽ പലർക്കുവേണ്ടിയും അവരുടെ അപേക്ഷയനുസരിച്ച് ദുആ ചെയ്യാനുണ്ടാകും എന്നായിരുന്നു മറുപടി.

ഉമ്മ ചിലപ്പോൾ ശിക്ഷിക്കാൻ വരുമ്പോൾ ഉപ്പാപ്പയായിരുന്നു ഞങ്ങൾക്കൊരു തണൽ. ജമാഅത്തിന്റെ കാര്യത്തിനായി വരുന്നവരെ ഉള്ളതുകൊണ്ട് സൽക്കരിക്കുവാനും ഉപ്പാപ്പ ശ്രദ്ധിക്കുമായിരുന്നു. അങ്ങനെ ഉപ്പാപ്പയിൽ നിന്ന് പല നല്ല ഗുണങ്ങളും സ്വായത്തമാക്കാൻ എനിക്കും മറ്റുകുട്ടികൾക്കും സാധിച്ചിട്ടുണ്ട്. ഉപ്പാപ്പായെ പലവിധത്തിലും ശുശ്രൂഷിക്കാൻ കിട്ടിയ അവസരം ഉപയോഗപ്പെടുത്താൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. അത് അവസാന നാളുകളിൽ ആശുപത്രിയിൽ വെച്ചും ചെയ്യാൻ സാധിച്ചതിൽ മനസ്സിന് ആശ്വാസം തോന്നുന്നു.

അവസാനമായി ഉപ്പാപ്പായുടെ മഗ്ഫിറത്തിനായും അതോടൊപ്പം ജന്നത്തുൽ ഫിർദൗസിൽ ഉന്നതമായ സ്ഥാനം ലഭിക്കുമാറാകട്ടെ എന്നും പ്രാർത്ഥിച്ചുകൊണ്ട് ഞാനെന്റെ ഈ ചെറിയ അനുസ്മരണം ഇവിടെ നിർത്തട്ടെ.

അനുസ്മരണം

# കെ. മുഹമ്മദ് കോയ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ കെ. മുഹമ്മദ് കോയ സാഹിബ് ("ശാസ്ത്രി") (70) ജനുവരി 4-ാം തീയതി വഫാത്തായി - ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

മഹാപണ്ഡിതനായ ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാസാഹിബു (റഹ്)മായും വിശ്രുത സാഹിത്യകാരനായ മർഹും വൈക്കം മുഹമ്മദ് ബഷീറുമായും ഒരു പോലെ മസൃണമായ സ്നേഹബന്ധം പുലർത്താൻ കഴിഞ്ഞ എന്റെ ആത്മ മിത്രം കെ. മുഹമ്മദ് കോയ സാഹിബിനെ അധികരിച്ചു ഒരു അനുസ്മരണ ലിഖിതം എഴുതുമ്പോൾ ഒന്നര നൂറ്റാണ്ടുമുമ്പ് നടന്ന ഒരു സംഭവമാണ് എന്റെ ഓർമ്മയിൽ തെളിയുന്നത്. "വൾട്ട് വിറ്റ് മാൻ മഹാകവിയോ"? എന്നൊരു വിവാദം ഒന്നര നൂറ്റാണ്ടു മുമ്പ് അമേരിക്കൻ സാഹിത്യ ലോകത്ത് നടന്നിരുന്നു. വിറ്റ്മാൻ മഹാകവിയാണെന്നു സമ്മതിക്കാൻ അദ്ദേഹത്തിന്റെ സമകാലികനായ വിശ്വകവി എമേഴ്സൺ മടിച്ചുവത്രെ! പക്ഷേ, വിറ്റ്മാന്റെ അനുയായികളിൽ പ്രമുഖൻ അഭിപ്രായപ്പെട്ടു : "വിറ്റ്മാൻ ഒരു മഹാകവി അല്ലായിരിക്കാം; പക്ഷെ അദ്ദേഹം മഹത്തായ എന്തോ ഒന്നാണ്.'' പ്രാഥമിക വിദ്യാഭ്യാസം പോലും മുറക്ക് പൂർത്തിയാക്കാൻ കഴിയാതിതിരുന്ന മുഹമ്മദ് കോയ സാഹിബ് പണ്ഡിതന്മാരോടും സാഹിത്യകാരന്മാരോ ടും സംവദിക്കുന്നതു കാണുമ്പോൾ ഞാൻ അൽഭുതപ്പെടാറുണ്ട്. അതെ! അദ്ദേഹം മഹത്തായ എന്തോ ഒന്നായിരുന്നു.

വൈക്കം മുഹമ്മദ് ബഷീർ അഹ്മദിയ്യാ സാഹിത്യങ്ങളുമായി പരിചയപ്പെടുന്നത് മുഹമ്മദ് കോയ സാഹിബിലൂടെയാണ്. പിന്നീട് പല പൊതുവേദികളിലും ബഷീർ അഹ്മദിയ്യത്തിനെ പ്രശംസിക്കാറുണ്ടായിരുന്നു. പ്രസിദ്ധ ഗായകനായ കോഴിക്കോട് അബ്ദുൾ ഖാദർ, സംഗീത സംവിധായകനും ഗായകനുമായ ബാബുരാജ് എന്നിവരുമായും അടുത്ത ബന്ധം പുലർത്തിയിരുന്ന എന്റെ സുഹൃത്ത് ഇവർക്കെല്ലാം അഹ്മദിയ്യാ സന്ദേശം എത്തിച്ചു. അവസാന കാലത്ത് ഈ പ്രസിദ്ധ ഗായകർ അഹ്മദിയ്യാ ജമാഅത്തിനോട് അനുഭാവം പുലർത്തിയിരുന്നു. ഗാനാലാപനരംഗത്തും മുഹമ്മദ് കോയ സാഹിബ് വ്യക്തിമുദ്രപതിപ്പിച്ചു. അറുപത് കാലത്ത് കോഴിക്കോടു ജമാഅത്തിൽ ചില ആഭ്യന്തര പ്രശ്നങ്ങളുണ്ടായി. അക്കാലത്ത് ഒരു അനുരഞ്ജകന്റെ റോളിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹത്തിനു ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് (റഹ്) സ്നേഹപൂർവ്വം ചാർത്തിക്കൊടുത്ത വിളിപ്പേരായിരുന്നു "ശാസ്ത്രി" എന്ന വിശേഷണം. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനുശേഷം ആ സ്ഥാനം അലങ്കരിച്ച ലാൽബഹാദുർശാസ്ത്രി വിഖ്യാതനായ ഒരു അനുരഞ്ജകൻ കൂടിയായിരുന്നുവല്ലോ.

1957ലാണ് മുഹമ്മദ് കോയാ സാഹിബ് ബൈഅത്ത് ചെയ്തത്. നാട്ടിൽ നിന്നും കുടുംബത്തിൽ നിന്നും കഠിനമായ പീഡനങ്ങളും ബഹിഷ്ക്കരണവും അദ്ദേഹം അനുഭവിച്ചിട്ടുണ്ട്. പിതാവ് അന്നത്തെ സുന്നിപണ്ഡിതന്മാരുടെ അടുക്കൽ മകനെ പറഞ്ഞു മനസ്സിലാക്കാൻ കൊണ്ടു ചെന്നപ്പോൾ അവരെ ഇസ്ലാമിക പ്രമാണങ്ങൾ നിരത്തി അദ്ദേഹം പരാജയപ്പെടുത്തുകയുണ്ടായി.

ഭാര്യമാർ : താത്തിക്കുട്ടി, സുഹ്റാബി. മക്കൾ: കമറുദ്ദീൻ, സുഹ്റാബി, മഷ്ഹൂദ്, ലൈല, നാസർ, അഷ്റഫ്, മുസ്ഫർ അഹ്മദ്, മുനവ്വർ അഹ്മദ്, മുഫ്ലിഹ്, സോഫിയ, മുഹ്സിൻ.

**പി.വി. അഹ്മ്മദ് കോയ**
**കോഴിക്കോട്**

# കെ.പി. ആയിശ സാഹിബ

പത്തപ്പിരിയം ജമാഅത്തിലെ ലജ്നാ ഇമായില്ലാഹ് (മഹിളാസംഘടന) മുൻ പ്രസിഡണ്ടും മർഹും സി. കെ. വീരാൻ സാഹിബിന്റെ സഹധർമ്മിണിയുമായ ആയിശ സാഹിബ (65) ഡിസംബർ 23ന് ശനിയാഴ്ച നിര്യാതയായി. ഇന്നാലില്ലാഹി...

അലനല്ലൂർ കിഴക്കുംപാടം കുഞ്ഞലവി മൗലവി സാഹിബിന്റെ സീമന്തപുത്രിയായിരുന്നു പരേത. തന്റെ പ്രദേശത്തുള്ള ജനങ്ങളുടെ മുഴുവൻ ആദരവും പിടിച്ചുപറ്റിയ ഒരു മാതൃകാ വനിതയായിരുന്നു.

അഹ്മദികളുടേയും അനഹ്മദികളുടെ ഗാർഹികവും വ്യക്തിപരവുമായ എല്ലാ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും ഉപദേശനിർദ്ദേശങ്ങൾ സ്വീകരിക്കാനും പരിഹാരങ്ങൾ തേടാനും ആളുകൾ അവരെ സമീപിച്ചിരുന്നു.

തബ്ലീഗ് കാര്യത്തിൽ പ്രത്യേകം തല്പരയായിരുന്ന അവർ കിട്ടാവുന്ന സന്ദർഭങ്ങളിലെല്ലാം അഹ്മദിയ്യത്തിന്റെ സത്യം പ്രചരിപ്പിക്കാൻ തല്പരയായിരുന്നു. അവരെ അവസാനമായി ചികിത്സിച്ച ഡോക്ടറോടും

## അനുസ്മരണം

# എ. ആലിക്കുഞ്ഞിസാഹിബ്

പഴയങ്ങാടി ജമാഅത്തിൽ മാൽ സിക്രട്ടറി, ഓഡിറ്റർ എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന എ. ആലിക്കുഞ്ഞി സാഹിബ് ജനുവരി 4, വ്യാഴാഴ്ച അർദ്ധരാത്രി ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി.... മരിക്കുമ്പോൾ അദ്ദേഹത്തിന് 76 വയസ്സ് പ്രായമായിരുന്നു.

കണ്ണൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഡെപ്യൂട്ടി കാഷ്യറായി റിട്ടെയർ ചെയ്തിരുന്നു.

വളരെയേറെ സേവനനിരതനും പരോപകാരിയുമായിരുന്ന അദ്ദേഹം ഹൃദ്യമായ പെരുമാറ്റം കൊണ്ട് എല്ലാവരുടേയും ഹൃദയം കവർന്ന പ്രിയങ്കരനായിരുന്നു. ഉദ്യോഗത്തിൽ നിന്ന് പിരിഞ്ഞശേഷം എരിപുരത്ത് റസ്റ്റ് ഹൗസിനു സമീപമുള്ള 'അൽബുശ്റാ' എന്ന വസതിയിൽ നിന്ന് വൈകിയിട്ട് പഴയങ്ങാടി റെയിൽവെ സ്റ്റേഷൻ വരെ ഒരു നടത്തം.. മഗ്‌രിബ് നിസ്കാരാനന്തരം തിരിച്ചു വീട്ടിലേക്കും. ഈ പതിവ് നടത്തത്തിൽ റോഡിനിരുവശത്തുമുള്ള സുഹൃത്തുക്കളെ, കച്ചവടക്കാരെ, ആബാലവൃന്ദമുള്ള തന്റെ നാട്ടുകാരെ സുസ്മേരവദനനായി കൈപൊക്കിയുള്ള ഒരു അഭിവാദനം. സന്ദർഭവും സമയവുമനുസരിച്ച് അല്പം കുശലവും. കഴിഞ്ഞ കുറേ വർഷങ്ങളായി പഴയങ്ങാടിക്കാർക്ക് ആലിക്കുഞ്ഞി സാഹിബിന്റെ ചിത്രമാണത്.

2005 ഡിസമ്പറിൽ ഖാദിയാനിലെ ജൽസയ്ക്ക് സംബന്ധിച്ചിരുന്ന പരേതൻ ഹ: ഖലീഫത്തുൽമസീഹ് തിരുമനസ്സിലേക്ക് ഒരു ഉപഹാരം കയ്യിലേന്തി വിനയത്തിന്റെ നിറകുടമായി നിൽക്കുകയും ഹുസൂറിന്റെ കരസ്പർശം കൊണ്ട് സംതൃപ്തനാവുകയും ചെയ്യുന്ന ഫോട്ടോ ആരെയും വികാരതരളിതനാക്കുന്നതാണ്.

ജമാഅത്തുമായി ബന്ധപ്പെട്ടു ജീവിക്കേണ്ട ഉദ്ദേശം മാത്രം മുൻനിർത്തി പ്രൊമോഷൻ ട്രാൻസ്ഫറെല്ലാം വേണ്ടെന്നുവെച്ചായിരുന്നു തന്റെ സേവനത്തിന്റെ അന്ത്യവർഷം കണ്ണൂർ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയിൽ കഴിച്ചുകൂട്ടിയത്.

ഭാര്യ ത്വയ്യിബ. അശ്റഫ് അലി, അഖ്തർ അലി ആൺമക്കളും സൽമ മകളും അഹ്മദ് റശീദ്, റസീന, ശേബ മരുമക്കളും സുലൈമാൻ ഇളയ സഹോദരനും ആയിരുന്നു.

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ.

**എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ**

---

അവർ മരണശയ്യയിലും അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കുകയും അവരുടെ മരണവിവരമറിഞ്ഞപ്പോൾ ആ ഡോക്ടർ ജനാസ കാണാൻ വന്ന് ആദരാഞ്ജലികളർപ്പിക്കുകയുമുണ്ടായി. ഭിക്ഷാടകരോടും പോലും മാന്യതയോടും ഉദാരതയോടും പെരുമാറിയിരുന്ന അവരുടെ നിര്യാണം അവരെപ്പോലും കണ്ണീരണിയിക്കുകയുണ്ടായി.

ഖുർആൻ പഠനത്തിലും പാരായണത്തിലും അതീവ ശ്രദ്ധ കാണിച്ചിരുന്ന ആയിശാ സാഹിബ ഖുർആനെ അഗാധമായി സ്നേഹിച്ച ഒരു മഹതി കൂടിയായിരുന്നു. വളരെ ചെറുപ്പം മുതൽക്കേ തഹജ്ജുദ് നിസ്കാരം ശീലമാക്കിയ അവർ വിവാഹജീവിതത്തിനുശേഷവും ഭർത്താവിന്റെ കൂടെ തഹജ്ജുദ് നിസ്കാരം നിഷ്കർഷയോടെ തുടരുകയും മരണം വരെ അത് നിലനിർത്തുകയും ചെയ്തു. എല്ലാവരിലും നല്ല സ്മരണകൾ മാത്രം അവശേഷിപ്പിച്ചു ആ മഹിളാരത്നം യാത്രയായി. ഖലീഫത്തുൽ മസീഹ് നാലാമനെ ഖാദിയാനിൽ വെച്ച് അവർ മൂലാക്കാത്ത് ചെയ്യുകയുണ്ടായി അവരെ അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

പരേതക്ക് പത്തു മക്കളാണുള്ളത്. സി.കെ. ശംസുദ്ദീൻ (സൗദി), സി.കെ. കമറുദ്ദീൻ, നൂറുദ്ദീൻ, ജലാലുദ്ദീൻ, സഫറുല്ലാഹ്, മൻസൂർ അഹ്മദ്, ഫാത്തിമ, റംലത്ത്, സലീന, നസീറ എന്നിവർ മക്കളും. ടി.കെ. നാസർ (സൗദി), ജമീൽ (കരുളായി), സി.എം. സലീം (സൗദി), എച്ച്. ബശീർ അഹ്മദ് (കുവൈറ്റ്), ടി.കെ. നുസറത്ത് (കൽക്കുളം), വി. മുനീറ (വാണിയമ്പലം), സി.എം. നുസറത്ത് (കൊടിയത്തൂർ), സി. ഷഹർബാൻ (അലനല്ലൂർ), പി.പി. സജ്ന (എടവണ്ണ), യു. ഫെബ്ന (മഞ്ചേശ്വരം) എന്നിവർ മരുമക്കളുമാണ്.

**കെ.പി. മുഹമ്മദ്**
**പത്തപ്പിരിയം**

---

## പ്രസന്ന വദനം

റസൂൽ തിരുമേനി (സ) ഇങ്ങനെ അരുൾ ചെയ്തു. 'നിങ്ങൾക്ക് ഒരിക്കലും നിങ്ങളുടെ ധനം കൊണ്ട് ജനങ്ങളെ സമ്പന്നരാക്കാൻ സാധിക്കുകയില്ല. അതിനാൽ പ്രസന്ന മുഖം കൊണ്ടും സൽസ്വഭാവം കൊണ്ടും നിങ്ങളവരെ സമ്പന്നരാക്കുക.'

**(നബി വചനം)**

അനുസ്മരണം

# ബി.എച്ച്. അബ്ദുൾ ഖാദിർ സാഹിബ്



എറണാകുളം: എറണാകുളം ജമാഅത്ത് അംഗവും എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ പിതാവുമായ ബി.എച്ച്. അബ്ദുൾ ഖാദർ (70) സാഹിബ് 2006 ഡിസംബർ 17 ഞായറാഴ്ച നിര്യാതനായി. ഇന്നാലില്ലാഹി....

2005ൽ ബൈഅത്ത് ചെയ്ത് അഹ്മ്ദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിനു വളരെ മുമ്പേ തന്നെ സത്യദൂതന്റെ സ്ഥിരം വായനക്കാരനായിരുന്ന ഇദ്ദേഹം ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തിരുമനസ്സിനോടുള്ള ആദരവ് മനസ്സിൽ സൂക്ഷിച്ചിരുന്നു. പരോപകാരിയായ അബ്ദുൾ ഖാദർ സാഹിബ് മിണ്ടാപ്രാണികൾക്കു പോലും ഭക്ഷണം നൽകുന്നതിൽ തല്പരനായിരുന്നു. എറണാകുളം ലജ്ന ഇമായില്ലാഹ് മുൻ പ്രസിഡണ്ട് പി.എ. നബീസ സാഹിബയാണ് ഭാര്യ. മറ്റ് മക്കൾ: ബി.എ. മുഹമ്മദ് നജീബ് (എറണാകുളം ഖാഇദ്), ബി.എ. റശീദ, ബി.എ. ഷമീദ. മരുമക്കൾ : ടി.പി. ഷൗക്കത്തലി (കരുളായി), കെ.എ. അഷ്റഫ് (പള്ളുരുത്തി), ടി.പി. സുബൈദ (കരുളായി), ടി.കെ. സമിയ (കൽക്കുളം).

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കുമാറാകട്ടെ... ആമീൻ.

***മുഹമ്മദ് നജീബ്***


**മജ്ലിസ് അൻസാറുല്ലാഹ് കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ**

# എക്സിബിഷൻ
# അൽ-ഖുർആൻ ഇന്റർനാഷനൽ

***'ഖുർആനിലെ ആത്മീയവും ശാസ്ത്രീയവുമായ ജ്ഞാന നിക്ഷേപങ്ങളിലേക്ക് വിസ്മയകരമായ ഒരു അന്വേഷണയാത്ര***

**2007 ഫിബ്രവരി 23 മുതൽ മാർച്ച് 4 വരെ**

# കണ്ണൂർ

**പോലീസ് മൈതാനിയിൽ**

വാർത്തകൾ

# അഹ്മദിയ്യാ മുസ്‌ലിം ദേശീയ വാർഷിക സമ്മേളനം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നൂറ്റിപ്പതിനഞ്ചാം വാർഷിക സമ്മേളനം ഖാദിയാൻ ദാറുൽ അമാനിൽ 2006 ഡിസമ്പർ 26, 27, 28 തിയതികളിൽ ഭക്തിനിർഭരവും ആത്മീയവുമായ അന്തരീക്ഷത്തിൽ നടന്നു. 26-ാം തിയതി രാവിലെ 10 മണിക്ക് ഹദ്റത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദു സാഹിബ്, നാസിർ അഅ്‌ലാ ജമാഅത്തിന്റെ പതാക ഉയർത്തിക്കൊണ്ടു സമ്മേളനം ഉൽഘാടനം ചെയ്യുകയുണ്ടായി. അപ്പോൾ അന്തരീക്ഷം തക്ബീർ ധ്വനികളാലും ഇസ്‌ലാമിക മുദ്രാവാക്യങ്ങളാലും മുഖരിതമായി. മൂന്നു ദിവസങ്ങളിൽ രണ്ടു സെഷനുകളിൽ സമ്മേളനം നടന്നു. ഉൽഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലും അദ്ധ്യക്ഷൻ ഹദ്റത്ത് മിർസാ വസിം അഹ്മദു സാഹിബായിരുന്നു. മറ്റു സെഷനുകളിൽ ജ:സഈദു അഹ്മദു സാഹിബ് (അമീർ ജമാഅത്ത് അഹ്മദിയ്യാ ജാർഖണ്ഡ്) ജ: രാജാനസീർ അഹ്മദു സാഹിബ് (നാസിർ ഇസ്‌ലാഹൊ ഇർശാദു, സദർ അഞ്ചുമൻ അഹ്മദിയ്യ റബ്‌വ) ഡോ. ഹാഫിസ് സാലിഹ് മുഹമ്മദു അലാദിൻ സാഹിബ്, മൗലാനാ മുഹമ്മദു ഇനാം സാഹിബ് ഗോരി (നാസിർ ഇസ്‌ലാഹൊ ഇർശാദു ഖാദിയാൻ) മൗലാനാ മുഹമ്മദു ഹമീദു കൗസർ സാഹിബ് (പ്രിൻസിപ്പൽ, ജാമിഅ അഹ്മദിയ്യാ, ഖാദിയാൻ) ജ: മൗലാനാ മുഹമ്മദു ഉമർ സാഹിബ് (ചീഫ് മിഷ്യനറി, കേരള), ജ: മൗലാനാ സുൽത്താൻ അഹ്മദു സാഹിബ് സഫർ (പ്രിൻസിപ്പൽ, ജാമിഅത്തുൽ മുബശ്ശിരീൻ, ഖാദിയാൻ) മുതലായ പണ്ഡിതന്മാർ വിവിധ വിഷയങ്ങളെ അധികരിച്ചു സംസാരിച്ചു.

**സമാപനപ്രഭാഷണം:** ഈ വാർഷിക സമ്മേളനത്തിന്റെ ആത്മാവെന്നോണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദു സാഹിബിന്റെ (അയ്യദഹുല്ലാഹു) സമാപനപ്രഭാഷണം ജർമ്മനിയിലെ ഫ്രങ്ക്ഫോർട്ടിൽ നിന്നും എം.ടി.എ. ഐ. മുഖേന സംപ്രേഷണം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ഓരോ വാചകവും വിശ്വാസികളുടെ ഈമാന്ന് വികാരവും ആവേശവും പ്രദാനം ചെയ്യുന്നതായിരുന്നു. ഇവിടെ പ്രത്യേകമായി പ്രസ്താവ്യമായ കാര്യം, ഹുസുറിന്റെ പ്രസംഗത്തിൽ ആവേശം കൊണ്ട ഖാദിയാനിൽ ജൽസയിൽ ഉപവിഷ്ടരായവർ തക്ബീർ ധ്വനിമുഴക്കുമ്പോൾ ആ ശബ്ദം ജർമ്മനിയിൽ നടന്നുകൊണ്ടിരുന്ന ജൽസയിൽ മാറ്റൊലിക്കൊള്ളുകയും അതിന്നു മറുപടിയെന്നോണം അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം മുഴക്കുകയുമുണ്ടായി എന്നതായിരുന്നു.

ജൽസയിൽ നടന്ന മറ്റൊരു ദൃശ്യം അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിരുന്ന ജമാഅത്തിന്റെ കഠിന ശത്രുവായിരുന്ന മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവിയുടെ മകളുടെ മകന്റെ പ്രഭാഷണമായിരുന്നു. അദ്ദേഹം ആവേശഭരിതനായി തന്റെ പ്രസംഗത്തിൽ മൗലവിയുടെ കുടുംബത്തിന്റെ നാശത്തെക്കുറിച്ച് വിവരിച്ചുകൊണ്ടുപറഞ്ഞു: "അദ്ദേഹത്തിന്റെ രണ്ടു പൗത്രന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവരിൽ ഒരാൾ ലഹരിക്കടിമയായി ഇന്ന് ജയിലിൽ കിടക്കുകയാണ്. മറ്റൊരാൾ ഒരു നപുംസകനാണ്." ഇദ്ദേഹത്തിന്റെ പ്രസംഗാവസരത്തിൽ ആവേശം കൊണ്ട പതിനായിരക്കണക്കിലുള്ള വിശ്വാസികൾ തക്ബീർ മുഴക്കിക്കൊണ്ടിരുന്നു. അവാച്യമായ ഒരന്തരീക്ഷമായിരുന്നു അപ്പോൾ സംജാതമായിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ കൂട്ടുപ്രാർത്ഥനയോടുകൂടി ഈ സമ്മേളനം അനുഗൃഹീതമായ അന്തരീക്ഷത്തിൽ സമാപിച്ചു.

സമ്മേളനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുപത്തയ്യായിരത്തിലധികം പേർ പങ്കെടുത്തു. സമ്മേളനത്തിൽ ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നും വന്ന പ്രതിനിധികളെക്കൂടാതെ ബെൽജിയം, ബർമ്മ, ബംഗ്ലാദേശ്, ഭൂട്ടാൻ, കാനഡ, ഡൻമാർക്ക്, ദുബൈ, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, ഐർലാന്റ്, ഇസ്രായേൽ, ജപ്പാൻ, കുവൈത്ത്, മോറീഷ്യസ്, നേപ്പാൾ, പാക്കിസ്താൻ, സഊദിഅറേബ്യ, സിംഗപ്പൂർ, സ്വീഡൻ, തെൻസാനിയ, യു.കെ., യു.എസ്.എ., യുഗണ്ടാ എന്നിവിടങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു.


പാക്കിസ്താനിൽ നിന്നും 4500 പ്രതിനിധികൾ പങ്കെടുത്തിരുന്നു. കേരളത്തിൽ നിന്നും പങ്കെടുത്തിരുന്നവർ ഇരുന്നൂറ്റി അറുപത് പേരാണ്.

## സത്യം അല്ലാഹുവിന്റെ പേരിൽ മാത്രം

വല്ലവനും സത്യം ചെയ്യുന്നുവെങ്കിൽ അല്ലാഹുവിന്റെ പേരിൽ മാത്രം ചെയ്യട്ടെ. അല്ലെങ്കിൽ (അതിനൊരുക്കമില്ലെങ്കിൽ) മൗനം ദീക്ഷിക്കട്ടെ

*(ബുഖാരി)*

# എം.എ. മുഹമ്മദ് സാഹിബ് കോഴിക്കോട് മേഖലാ അമീർ



കോഴിക്കോട് : കോഴിക്കോട് മേഖലാ അമീറായിരുന്ന ഏ.പി. കുഞ്ഞാമു സാഹിബ് നിര്യാതനായതിനെത്തുടർന്നു നായിബ് അമീറായിരുന്ന എം.എ. മുഹമ്മദ് സാഹിബിനെ കോഴിക്കോട് മേഖലാ അമീറായി നിയമിച്ചുകൊണ്ട് ജമാഅത്തിന്റെ നാസിർ അഅ്ലാ ഹദ്റത്ത് മിർസാ വസിം അഹ് മദ് സാഹിബ് ഖാദിയാനിൽ നിന്നും അറിയിച്ചു. കൊടിയത്തൂരും പരിസരപ്രദേശങ്ങളിലും ഖാളിയായിരുന്ന അബ്ദുൽ അസീസ് മുസല്യാരുടേയും ഉമ്മയ്യായുടേയും പുത്രനാണ് അദ്ദേഹം. നൂറ്റാണ്ടുകളോളമായി ഖാളിപദം അലങ്കരിക്കുന്നവരുടെ ഒരു പരമ്പരയിലാണ് അദ്ദേഹം ജനിച്ചത്. 1964ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച മുഹമ്മദ് സാഹിബ് കൊടിയത്തൂർ ജമാഅത്ത് പ്രസിഡണ്ടായും ജമാഅത്തിന്റെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട്ടെ പ്രമുഖ വ്യവസായിയും, പ്ലാന്ററുമാണ്. ജമാഅത്തെ ഇസ്ലാമി സംസ്ഥാന അമീറായിരുന്ന കെ.സി. അബ്ദുല്ലാ സാഹിബ് (മർഹൂം) മുഹമ്മദ് സാഹിബിന്റെ അമ്മാവനാണ്.

# പ്രസ് കമ്മിറ്റി രൂപീകരിച്ചു

കേരളാ നോർത്ത് സോൺ പ്രസ്സ് കമ്മിറ്റി രൂപീകരിച്ചതായി ജമാഅത്തിന്റെ ഖാദിയാനിലെ ദേശീയ കേന്ദ്രം അറിയിക്കുന്നു. പ്രസിഡണ്ടായി എ.എം. മുഹമ്മദ് സലീം സാഹിബിനെയും സെക്രട്ടരിയായി മൗലാനാ മുഹമ്മദ് ഉമർ സാഹിബിനേയുമാണ് നിയമിച്ചത്. മറ്റു മെമ്പർമാർ പ്രൊഫ: എം.കെ. അബ്ദുൽ കരീം സാഹിബ് (അമീർ, പാലക്കാട് മേഖല), പി. മുഹമ്മദലി മാസ്റ്റർ സാഹിബ് (അമീർ മലപ്പുറം മേഖല), എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബ് (അമീർ, കണ്ണൂർമേഖല), പി.പി. നാസിറുദ്ദീൻ സാഹിബ് (നാസിം, അൻസാറുല്ലാഹ് കേരള), ഡോ: സലാഹുദ്ദീൻ സാഹിബ് ഖായിദ്, നോർത്ത് ശാഖ എന്നിവരാണ്.



*വിപുലീകരണം നടന്നുകൊണ്ടിരിക്കുന്ന ആലപ്പുഴ മസ്ജിദ്*

## ഷക്കീൽ അഹ്മദ് പങ്കെടുത്തു


കൽപേനി: ഇക്കഴിഞ്ഞ ഡിസംബർ 27 മുതൽ 31 വരെ തീയതികളിൽ നടന്ന പതിനാലാമത് നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ്സിൽ ലക്ഷദ്വീപിൽ നിന്നുള്ള നാലംഗപ്രതിനിധികളിലൊരാളായി കൽപേനി സെക്കന്ററി സ്കൂൾ വിദ്യാർത്ഥി ഷക്കീർ അഹ്മദ് പങ്കെടുത്തു. സിക്കിം സ്റ്റേറ്റ് കൗൺസിൽ ഓഫ് സയൻസ് ആന്റ് ടെക്നോളജി ആതിഥ്യമരുളുന്ന കോൺഫ്രൻസിൽ ഇന്ത്യയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നും യൂണിയൻ ടെറിട്ടറികളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളായിരുന്നു പങ്കെടുത്തിരുന്നത്.

27-ാനു രാഷ്ട്രപതി ഡോ. അബ്ദുൽകലാമാണ് കോൺഫ്രൻസിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത്. കൽപേനി ജമാഅത്തിലെ അത്ഫാലുൽ അഹ്മദിയ്യാ അംഗവും ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ഷാജഹാന്റെ പുത്രനുമാണ് ഷക്കീൽ

(7 -ാം പേജിൽ നിന്ന് തുടർച്ച)

ആത്മീയനിലയിൽ ഈ ലോകത്തു വെച്ച് ലഭിക്കുന്നതൊക്കെ പരലോക സംബന്ധിയായ അനുഗ്രഹം തന്നെയാണ്. ആ അനുഗ്രഹത്തിന്റെ മാതൃക അവന് പാരത്രികാസക്തി വർദ്ധിപ്പിക്കുന്നതിന് ഈ ലോകത്തു വെച്ചു തന്നെ മുൻകൂട്ടി ന്ലകപ്പെടുന്നതാകുന്നു. ദൈവാനനുഭൂതിയുണ്ടായിട്ടുള്ള ഭക്തൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല. അതുകൊണ്ടാണ് ലോകം അവനെ പകക്കുന്നത്. അവൻ സ്വർഗ്ഗത്തിൽനിന്നുള്ളവനായതിനാൽ അവന് സ്വർഗ്ഗീയാനുഗ്രഹങ്ങൾ നൽകപ്പെടുന്നു. ലൗകികനായ മനുഷ്യൻ ഐഹികമായ അനുഗ്രഹ സാധനങ്ങൾ സമ്പാദിക്കുന്നതുപോലെ സ്വർഗ്ഗീയനായ ദൈവഭക്തിൻ സ്വർഗ്ഗീയാനുഗ്രഹങ്ങളാൽ സമ്പന്നനായിത്തീരുന്നു. അതിനാൽ സ്വർഗ്ഗത്തിലെ അനുഗ്രഹവസ്തുക്കൾ കണ്ണുകൾക്കും കാതുകൾക്കും ഹൃദയങ്ങൾക്കും അഗോചരവും അപരിചിതവുമാണെന്നത് എത്രയും പരമാർത്ഥമാകുന്നു. എന്നാൽ, ഏതൊരുവന്റെ ഐഹികജീവിതത്തിലെ അനാത്മത്വത്തിന് മൃത്യു സംഭവിക്കുന്നുവോ അവന് പരലോകത്ത് പ്രത്യക്ഷസിദ്ധമാകുന്ന പാനകം ഇഹത്തിൽ ആത്മീയനിലയിൽ കുടിപ്പിക്കപ്പെടുന്നതാണ്. പരലോകത്തുവെച്ച് അത് പ്രത്യക്ഷരൂപത്തിൽ നല്കപ്പെടുന്ന അവസരത്തിൽ അവന് ഐഹികജീവിതത്തിലുണ്ടായ അതിന്റെ ◌നുഭവരസം സ്മൃതിയിൽ വരുന്നതായിരിക്കും. അത് തനിക്ക് മുൻജീവിതത്തിൽ നല്കപ്പെട്ടിട്ടുള്ളതാകുന്നു എന്ന് അപ്പോഴാണ് അവൻ പറയുക. എന്നാൽ ഈ അനുഗ്രഹം ഭൗതികമായ കണ്ണിനും കാതിനും മറ്റിന്ദ്രിയങ്ങൾക്കും അഗോചരവും അപരിചിതവുമാണെന്നുള്ള ബോധം അവനുണ്ടായിരിക്കുന്നതുമാണ്. അവൻ ഐഹികനല്ലെങ്കിലും ഈ ലോകത്തു തന്നെ ഉണ്ടായിരുന്നവനായതുകൊണ്ട് അത് ലൗകികാനുഗ്രഹങ്ങളിൽ നിന്നുള്ളതല്ലെന്നും അത്തരം അനുഗ്രഹം ഇഹത്തിൽ തന്റെ കണ്ണുകൊണ്ടോ കാതുകൊണ്ടോ ഹൃദയംകൊണ്ടോ അനുഭവിച്ചറിഞ്ഞിട്ടില്ലാത്തതാണെന്നും സാക്ഷ്യം വഹിക്കുന്നതുമാണ്. എന്നാൽ, ആ അനുഗരഹത്തിന്റെ മാതൃക അവന് ഇഹത്തിൽ അനുഭവപ്പെടുകയാണുണ്ടായത്. അവന്റെ ആത്മീയ പുനർജ്ജീവിതഘട്ടത്തിലായിരുന്നു. ആ ജീവിതമാകട്ടെ ഈ ലോകത്തെ താഴ്ന്ന കെട്ടുപാടുകളിൽ നിന്നെല്ലാം വേർപ്പെട്ട് പരലോകവവുമായി ഒരു ദൃഢബന്ധം ഉറപ്പിച്ചിരിക്കുന്നതായ ഒന്നായിരുന്നു.

വിശുദ്ധ ഖുർആൻ മരണാനന്തര ജീവിതത്തിലെ അനുഭവാസ്ഥകളെ സംബന്ധിച്ചു ഗൗരവപ്പെട്ട മൂന്നു ഗൂഢതത്വങ്ങൾ വിവരിച്ചിരിക്കുന്നത് ഈ തരുണത്തിൽ പ്രസ്താവാർഹമാണ്. അതുകൾ ഇവിടെ പ്രത്യേകം പ്രത്യേകമായി വിവരിച്ചുകൊള്ളാം.


PRIYA INDUSTRIES
& TRADERS
Thurtheparambu, Thrikkakara P.O., Vazhakkala, Kochi-21
Ph : 0484 - 2428716, Mob : 9895415657